Reg. No. M. 2293

ഒററപ്രതി 2 ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 കുംഭം 12—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ഫെബ്രുവരി 24 | ലക്കം 26

## കർദ്ദി. സ്റ്റെപ്പിനാക്കിന്റെ രാജ്യസ്നേഹം

(കെ. എം. മാത്യു)

കഴിഞ്ഞകൊല്ലം മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് കർദ്ദിനാൾസ്ഥാനത്തേക്കുയർത്തിയ 24 പേരിൽ പ്രസിദ്ധനായ ഒരു വ്യക്തിയാണല്ലോ യൂഗോസ്ലാവിയായിലെ സ്റ്റെപ്പിനാക്കു് മെത്രാപ്പോലീത്ത. കമ്മ്യൂണിസ്റ്റു് ഭീകരഭരണത്തിൻകീഴ് നിയന്ത്രിതനും അസ്വാതന്ത്ര്യനുമായി കഴിയുന്ന അദ്ദേഹത്തിനു റോമിലെത്തി പരിശുദ്ധപിതാവിൽനിന്നു് കർദ്ദിനാൾസ്ഥാനചിഹ്നം സ്വീകരിക്കുന്നതിനു സൗകര്യം ഉണ്ടായില്ല.

യൂഗോസ്ലാവിയായിൽ അവശേഷിക്കുന്ന കത്തോലിക്കരുടെ ഏകാവലംബമാണു തിരുമേനി. വിശ്വാസത്തിനുവേണ്ടി ധീരനായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന രക്തസാക്ഷിയാണദ്ദേഹം.

മഹോന്നതമായ കർദ്ദിനാൾപദവിയിലേക്കു് നാമനിർദ്ദേശം ചെയ്യപ്പെട്ട അവസരത്തിൽ തിരുമേനി യൂഗോസ്ലാവിയായിലെ രാഷ്ട്രീയസ്ഥിതിഗതികളെ വിശദീകരിക്കുകയും തനിക്കു് റോമിൽ പോകുന്നതിനുള്ള പ്രതിബന്ധങ്ങളെപ്പററി പ്രസ്താവിക്കുകയും ചെയ്തു. ടിറ്റോയുടെ ഭരണം നടമാടുന്ന യൂഗോസ്ലാവിയായിലെ സ്ഥിതിഗതികളും അവിടെ തിരുസ്സഭയ്ക്കെതിരായി നടത്തപ്പെടുന്ന മർദ്ദനരീതികളും അതിൽ തിരുമനസ്സുകൊണ്ടു വിശദമാക്കിയിട്ടുണ്ടു്. അവിടത്തെ ഭരണിയരായ യൂഗോസ്ലാവിയായിലെ കത്തോലിക്കരുടെ നേർക്കു് അവരുടെ കഷ്ടതയുടെ നാളുകളിൽ അവിടത്തെ പൈതൃകഹൃദയം എത്രമാത്രം സ്നേഹനിർഭരവും ത്യാഗസന്നദ്ധവുമായിരിക്കുന്നു എന്നും അതു തുറന്നുകാട്ടുന്നു. പ്രസ്താവന ഇപ്രകാരമായിരുന്നു:-

"മാർപ്പാപ്പാ തിരുമേനിയിൽനിന്നു കർദ്ദിനാൾത്തൊപ്പി സ്വീകരിക്കുന്നതിനുവേണ്ടി റോമിലേക്കു പോകുവാൻ എനിക്കു സാധിക്കുകയില്ല. യൂഗോസ്ലാവിയായിൽനിന്നു് പുറത്തുപോകുവാൻ ഗവൺമെൻറു് അനുവദിക്കുകയില്ല. അനുവദിച്ചാൽത്തന്നെയും എന്റെ പ്രിയപ്പെട്ട ജനങ്ങളെ വിട്ടുകൊണ്ടു് പോകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

"ഈ വിപത്സന്ധിയിൽ ഇവിടം വിട്ടുന്നുകൊണ്ടു ഞാൻ എന്റെ ഉദ്യോഗത്തെയും അജഗണങ്ങളെയും മനഃപൂർവ്വം ഉപേക്ഷിക്കുകയായിരിക്കും ചെയ്യുന്നതു്. യൂഗോസ്ലാവു ഭരണാധികാരികളോടു് എനിക്കു വേണ്ടി ഞാൻ യാതൊരാനുകൂല്യവും ചോദിക്കുകയില്ല. ഗവൺമെൻറു് എനിക്കു "വിസാ" നൽകിയാൽത്തന്നെയും, എന്റെ മുൻസെക്രട്ടറിയുടെ അനുഭവമാണു് എന്റെ ഓർമ്മയിൽ വരുന്നതു്.

"എന്റെ സെക്രട്ടറി 1945-ൽ പേപ്പൽ നൺഷിയോ മോൺ: മാർക്കോണിയുമൊത്തു റോമിലേക്കു പോയപ്പോൾ, അദ്ദേഹത്തിന്റെ തിരിച്ചുവരവിനെക്കുറിച്ചു് എനിക്കു് യാതൊരു സംശയവുമില്ലായിരുന്നു. എന്നാൽ അദ്ദേഹത്തിനു് വീണ്ടും യൂഗോസ്ലാവിയായിൽ കാലുകുത്തുന്നതിനു് ഗവൺമെൻറു് അനുവാദം നൽകിയില്ല. ഇപ്പോൾ അദ്ദേഹം യു. എസ്സ്-ൽ കഴിഞ്ഞുകൂടുകയാണു്.

"വേണ്ടിവന്നാൽ എന്റെ മരണംവരെ ഞാൻ ഇവിടെ വസിക്കും. പൂർവ്വയൂറോപ്പിലും റഷ്യയിലും തിരുസ്സഭയുടെ ഏററം എളിയ ദാസന്റെ പോലും സേവനം ആവശ്യമുള്ള ഇക്കാലത്തു് യാതൊരു കത്തോലിക്കനും തന്റെ ഉദ്യോഗം ഇട്ടുകൊണ്ടു പോകരുതു്. ഞാൻ യാതൊന്നും ഭയപ്പെടുന്നില്ല; ഞാൻ മരണത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന നാളുകൾ ഉണ്ടായിട്ടുണ്ടു്. പെട്ടെന്നോ താമസിച്ചോ മരണം വരണം; മനുഷ്യരെ ഞാൻ ഭയപ്പെടുകയില്ല.

"പരിശുദ്ധപിതാവു് എന്നെ റോമയിൽ പ്രതീക്ഷിക്കുന്നുണ്ടോ എന്നു് എനിക്കറിഞ്ഞുകൂടാ. ബാഹ്യലോകവുമായി എനിക്കു് യാതൊരു വേഴ്ചയുമില്ല. ഏതാണ്ടു് ആറുവർഷത്തോളമായി ഞാൻ യൂഗോസ്ലാവു് "മെയിൽ" (Mail) ഉപയോഗിച്ചിട്ടു്.

"എന്റെ ആത്മീയമക്കളുടെ വിപത്തിൽ ഞാൻ അവരുടെ സമീപം നില്ക്കേണ്ടതു് എന്റെ കർത്തവ്യമായി ഞാൻ കരുതുന്നു. എന്റെ ഏകസഹായമായ ദൈവത്തെ എന്നിൽനിന്നും മാററിനിർത്തുവാൻ മനുഷ്യകരങ്ങൾക്കു് സാദ്ധ്യമല്ലെന്നെനിക്കറിയാം. കർദ്ദിനാൾസ്ഥാനത്തേക്കുള്ള എന്റെ നാമനിർദ്ദേശം എന്റെ ജീവിതത്തിൽ ഒരു വ്യതിയാനവും വരുത്തുകയില്ല. എന്റെ കർദ്ദിനാൾസ്ഥാനചിഹ്നങ്ങൾ എങ്ങനെ എനിക്കയച്ചുതരുമെന്നു് അറിഞ്ഞുകൂടാ. ഇതിനുവേണ്ടി ഒരു ദൂതൻ നിയോഗിതനാകുമോ എന്നും എനിക്കറിഞ്ഞുകൂടാ. യൂഗോസ്ലാവിയായിലേക്കുള്ള പ്രവേശനപത്രിക കിട്ടിയാൽത്തന്നെയും ഒരുവൻ ഈ ഗ്രാമത്തിലേക്കു കടന്നുവരുവാൻ ധൈര്യപ്പെടുമോ എന്നും ഞാൻ സംശയിക്കുന്നു.

"ഈ ബഹുമതികൾ എല്ലാം എനിക്കത്യാവശ്യമില്ലാത്ത ബാഹ്യമായ അടയാളങ്ങളാണു്. ഈ ക്രെയിസിക്കി (Krasic)ലെ നല്ലയാളുകളുടെ മദ്ധ്യേയുള്ള എന്റെ എളിയ ജീവിതം അതേപടി ഇടരുവാനാണു് ഞാൻ ആഗ്രഹിക്കുന്നതു്.

"എന്റെ ബാല്യകാലം ചെലവഴിച്ച ഈ ഗ്രാമത്തിൽ, അനേകവർഷത്തെ പോരാട്ടത്തിനുശേഷം ഒരുവിധം സമാധാനം നേടുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ടു്. അന്നത്തേതിനെ അപേക്ഷിച്ചു ഈ നാട്ടു് വളരെ പുരോഗമിച്ചിട്ടില്ല. ക്രേസിക്കിൽ അന്നത്തെപ്പോലെതന്നെ ഇന്നും അഞ്ഞൂറോളം ജനങ്ങളുണ്ടു്.

"ഇന്നു ഇവിടത്തെ ചില വീടുകളിൽ വൈദ്യുത വിളക്കുകളുണ്ടു. ഞാൻ കുട്ടിയായിരുന്നപ്പോൾ "പവ്വർ പ്ലാൻറു്" അടുത്തുള്ള പട്ടണത്തിൽ ഉയർന്നുവരുന്നതേയുണ്ടായിരുന്നുള്ളൂ. യുദ്ധകാലത്തു് ഞങ്ങളുടെ ഈ നാട്ടുകാർ വളരെ കഷ്ടതകൾ സഹിച്ചിട്ടുണ്ടു. ജ



## രോഗിയായ മാർപ്പാപ്പ രോഗികളെ ആഹ്വാനം ചെയ്യുന്നു

ഈ മാസം 14-ാം തീയതി രാത്രി ലോകത്തിലുള്ള എല്ലാ രോഗികളേയും അഭിസംബോധനം ചെയ്തുകൊണ്ടു് രോഗിയായ പരിശുദ്ധ പിതാവു് ഒരു സന്ദേശം പ്രക്ഷേപണം ചെയ്തിരിക്കുന്നു. 2000 വാക്കുകളടങ്ങിയതാണു് സന്ദേശം. മരിയവത്സരാഘോഷപരിപാടികളിൽ "രോഗികളുടെ ഒരു ദിനം ചരണം." പ്രത്യേകം ഉൾപ്പെടുത്തണമെന്നുൽബോധിപ്പിച്ചതായിരുന്നു സന്ദേശത്തിലെ ആദ്യത്തെ 500 വാക്കുകൾ. ഈ ഭാഗം മാത്രമാണു് പരിശുദ്ധ പിതാവു് നേരിട്ടു് പ്രക്ഷേപിച്ചതു്. ബാക്കിഭാഗം അവിടുത്തേക്കുവേണ്ടി വായിക്കപ്പെടുകയായിരുന്നു.

"ഇന്നത്തെ ശാസ്ത്രീയകണ്ടുപിടുത്തങ്ങൾമൂലം നമുക്കു് അനേകം രോഗാലയങ്ങളോടു് സംസാരിക്കുവാൻ സാധിക്കുന്നതു സന്തോഷകരമാണു്. ആശുപത്രികളിലും ക്ലിനിക്കുകളിലും, കാരാഗൃഹങ്ങളിലും വീടുകളിലും ഉള്ള രോഗികളായ നിങ്ങളുടെ സമീപത്തെത്തുന്നതിനു് നമുക്കു സാദ്ധ്യമായിരിക്കുന്നു" "രോഗികളായിരിക്കുന്ന പ്രിയപ്പെട്ട പുത്രിമാരേ, പുത്രന്മാരേ, നമ്മുടെ ഹൃദയത്തോടും നമ്മുടെ മനസ്സിനോടും ഏററം അടുത്തിരിക്കുന്നതിനു നിങ്ങൾക്കുള്ള പ്രത്യേകമായ അവകാശത്തെ" അനുസ്മരിച്ചുകൊണ്ടാണു് അവിടുന്നു മരിയവത്സരാൽഘാടനം നിർവ്വഹിച്ചതെന്നു പ്രസ്താവിച്ച എല്ലാ രോഗികളേയും പരിശുദ്ധ കന്യകാമറിയത്തിനു കൈയേൽപ്പിച്ചുകൊണ്ടു് അവർക്കു് അവിടുത്തെ അപ്പസ്തോലികാശീർവാദം നൽകി.

മ്മൻകാരുടേയും മററു പലരുടേയും പട്ടാളവകുപ്പുകൾ ഇതിലേ കടന്നുപോയി. ക്രേസിക്കു് രണഭൂവായി മാറിയിട്ടുണ്ടു്. 1943-ലെ നവവത്സരദിനത്തിൽ യുദ്ധത്തിൽ മരിച്ച 195 ഭടന്മാരെ സംസ്കരിക്കുന്നതിനുള്ള ദൗർഭാഗ്യമാണു് ഈ ഗ്രാമത്തിനുണ്ടായതു്.

"1944-ൽ ജർമ്മൻ ഭടന്മാർ ഞങ്ങളുടെ ദൈവാലയത്തിന്റെ മേൽ ബോംബു വർഷിച്ചു. യുദ്ധാനന്തരം ഞങ്ങൾ പള്ളിയുടെ കേടുപാടുകൾ പോക്കി. ദൈവാലയത്തിനുവേണ്ടിയുള്ള പിരിവുകൾ നിരോധിക്കപ്പെട്ടിരിക്കയാൽ ഞങ്ങൾക്കു് അധികം ചെയ്യുവാൻ സാധിച്ചില്ല. നിരോധനമില്ലായിരുന്നുവെങ്കിൽ മനോഹരമായ ഒരു പുതിയ പള്ളി പണിതുയർന്നുവരുമായിരുന്നു.

"വിശ്വാസസ്ഥിരതയുള്ള ഒരു നല്ല ജനത ഇവിടെ വസിക്കുന്നു. കമ്മ്യൂണിസ്റ്റുരീതിയിലുള്ള "കർഷകസഹകരണസംഘടന"യിൽ ഇന്നുവരെ അവരാരും ചേർന്നിട്ടില്ല. അവർക്കതിൽ പങ്കുവേണ്ട. ആരുടേയും നിർബന്ധം അവർ വകവയ്ക്കുകയുമില്ല. ഹങ്കറിയിൽ ഗവർമ്മെൻറു് പാവകളായ "വികാരി ജനറാളന്മാരെ" നിയമിച്ചതുപോലെ ക്രേസിക്കിൽ നിയമിക്കുന്നതിനു് സാധിക്കുകയില്ല. ഇവിടത്തെ ജനങ്ങൾക്കറിയാം പരിശുദ്ധപിതാവിനല്ലാതെ മററാർക്കും സഭാതലവന്മാരെ നിയമിക്കുവാൻ അധികാരമില്ലെന്നു".

"പള്ളിയും എന്റെ വസതിയും രാപകൽ പോലീസ് നി



കർദ്ദിനാൾ സ്റ്റെപ്പിനാക്കു്.

രീക്ഷണത്തിലാണെങ്കിലും ഞാൻ എന്റെ ജനങ്ങളുടെ മദ്ധ്യേ സമാധാനത്തോടെ വസിക്കുകയാണു്. എന്റെ സന്ദർശകരെല്ലാവരും പോലീസ് പരിശോധനയ്ക്കു വിധേയരാണു്. ചില സന്ദർശകരെ പോലീസുകാർ തടഞ്ഞുനിറുത്താറുമുണ്ടു്. എന്റെ അസാന്നിദ്ധ്യത്തിൽ സാഗ്രെബ് (Zagreb) രൂപതയെ ഭരിക്കുന്ന ബിഷപ്പു് ലാഷ് (Lach) തിരുമേനിക്കു് ഈ ആഴ്ചയിൽ സന്ദർശനമനുവദിച്ചില്ല. അധികാരികളുടെ ആഗ്രഹാനുസരണം അനേകം വിദേശീയരും പുരോഹിതന്മാരും പത്രപ്രവർത്തകരും മററും എന്നെ വന്നുകണ്ടിട്ടുണ്ടെന്നതു് ശരിയാണു്. എന്നാൽ യൂഗോസ്ലാവിയായിലെ ജീവിതത്തെക്കുറിച്ചു് ഒരു വിദേശിക്കു് എന്തെങ്കിലും മനസ്സിലാക്കാൻ സാധിച്ചെന്നു് ഞാൻ വിചാരിക്കുന്നില്ല. സന്ദർശകർ അവരുടെ ലെഗേഷന്റെ സംരക്ഷണത്തിലാണല്ലോ. അവർ ചില സ്ഥലങ്ങൾ കാണുകയും കടന്നുപോകുകയും ചെയ്യുന്നു. നാമിവിടെ സ്ഥിരം വസിക്കേണ്ടവരാണു്".

"യൂഗോസ്ലാവിയായിൽ സഭയുടെനില റഷ്യയിലെയോ മററു കമ്മ്യൂണിസ്റ്റു് രാജ്യങ്ങളിലെയോ സഭയുടേതിനേക്കാൾ ഒട്ടും മെച്ചമല്ലായെന്നു ഞാൻ ആവർത്തിച്ചു പറയുന്നു. തീർച്ചയായും ഇവിടത്തെ പള്ളികൾ താക്കോൽകൊണ്ടു് പൂട്ടിയിട്ടില്ല, എന്നാൽ അവ ഇന്നുമല്ലാം കിടക്കുന്നതു്.

"ആരാധനാസ്വാതന്ത്ര്യത്തോടുകൂടിയ ജനകീയഭരണം" എന്നാണു് ഇതിനവർ പറയുന്നതു്. എങ്കിൽ, എന്തുകൊണ്ടു് ദൈവാലയത്തിൽ പോകുന്നവരെ അവർ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നു? എന്തുകൊണ്ടു് പള്ളിയിൽ പോകുന്ന സിവിൽ ജീവനക്കാരുടെമേൽ നടപടികൾ സ്വീകരിക്കുന്നു? എന്തുകൊണ്ടു് ദൈവാലയത്തിൽ പോയി എന്ന കാരണംപറഞ്ഞു് സാഗ്രെബ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിൽനിന്നു് വിദ്യാർത്ഥിനികളെ പുറംതള്ളി? ഇതോ "ആരാധനാസ്വാതന്ത്ര്യത്തോടുകൂടിയ ജനകീയഭരണം?"

"സ്റ്റേററിന്റെ അധീനതയിലുള്ള പുരോഹിതസംഘടന"യിൽ ചേരുന്നതിനു് കത്തോലിക്കാവൈദികരെ പ്രേരിപ്പിച്ചതു് ഗവർമ്മെൻറിന്റെ മർദ്ദനനടപടികളാണു് എന്നു് എനിക്കറിയാം. Ljubljana-യിലെ മെത്രാൻ തീവണ്ടിയാത്രചെയ്തുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ വസ്ത്രങ്ങൾക്കു് അവർ എണ്ണയൊഴിച്ചു തീകൊളുത്തി. കുറേദിവസത്തേക്കു് അദ്ദേഹം അപകടനിലയിലായിരുന്നു. മറെറാരു മെത്രാനെ, രഹസ്യപ്പോലീസു് 30 മണിക്കൂർനേരത്തേക്കു് തുടർച്ചയായി ചോദ്യങ്ങൾ ചോദിച്ചു വിഷമിപ്പിച്ചു. സഭയ്ക്കെതിരായി ഈ നാട്ടിൽ നിലവിലിരിക്കുന്ന നയമിതാണു്!!

"ദൈവാലയവസ്തുക്കൾക്കു് അന്യായമായി നികുതി ചുമത്തുന്നു. ഞങ്ങളെ നികുതികൊണ്ടു് നശിപ്പിക്കാനാണു് സ്റ്റേററിന്റെ ഇപ്പോഴത്തെ പരിപാടി. പള്ളിയുടെ എസ്റ്റേററുകൾ എല്ലാം അവർ എടുത്തുകഴിഞ്ഞു. ഉള്ള വസ്തുക്കൾക്കുതന്നെ കരംകൊടുക്കുവാൻ സാധിക്കാത്തമട്ടിൽ നികുതി അത്യുച്ചാധികവുമാണു്.

"ഭക്ഷണാവശ്യത്തിനായി, വൈദികർ തങ്ങൾക്കുള്ള വിലയില്ലാത്ത നിസ്സാരസാധനങ്ങൾ പോലും വില്ക്കേണ്ടിവരുന്നു. വില്ക്കുവാൻ ഒന്നുമില്ലാതായാലും ഇടവകജനങ്ങൾ അവരുടെ പുരോഹിതന്മാരെ പട്ടിണികിടക്കുവാൻ അനുവദിക്കുകയില്ല എന്നതു തീർച്ചയാണു്.


"പള്ളികൾ പണിയുന്നതിനു് ഗവർമ്മെൻറിൽനിന്നു് സഹായം ഉണ്ടായിട്ടുണ്ടു് എന്നതു് ഞാൻ വിസ്മരിക്കുന്നില്ല. പള്ളിയല്ലാ ഞങ്ങളുടെ പ്രധാനാവശ്യം. അനേകം ശതാബ്ദങ്ങൾതന്നെ ഭൂഗർഭാലയങ്ങളിലായിരുന്നല്ലോ ദിവ്യബലി അർപ്പിക്കപ്പെട്ടിരുന്നതു്. സഭയുടെ നിലനില്പിനു് ദൈവാലയങ്ങളല്ലാ അത്യാവശ്യം. ക്രിസ്തീയ വിദ്യാഭ്യാസത്തിനും ദിവ്യബലിയിൽ സംബന്ധിക്കുന്നതിനുമുള്ള സ്വാതന്ത്ര്യമാണു് ഞങ്ങൾ ആവശ്യപ്പെടുന്നതു്.

"കത്തോലിക്കാക്കുഞ്ഞുങ്ങൾക്കു് കത്തോലിക്കാ വിദ്യാഭ്യാസം നൽകുന്നതിനു് കത്തോലിക്കാസ്കൂളുകൾ ഞങ്ങൾക്കാവശ്യമുണ്ടു്. പള്ളിയിൽവച്ചോ, സ്കൂളിൽവച്ചോ മതപരമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കുവേണം. നിർബന്ധപൂർവ്വകമായ സിവിൽ വിവാഹനിയമത്തിന്റെ നിരോധനവും കത്തോലിക്കാപ്രസ്സിന്റെ സ്വതന്ത്രമായ പ്രവർത്തനവും ഞങ്ങൾ ആവശ്യപ്പെടുന്നു.

"ഒരുകാര്യം വീണ്ടും വീണ്ടും ശക്തിപൂർവ്വം എടുത്തുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിലവിലുള്ള ഭരണകൂടത്തിനെതിരായി അതിന്റെ സമാരംഭംമുതൽ ഇന്നുവരെയും ഞങ്ങൾ യാതൊന്നും പ്രവർത്തിച്ചിട്ടില്ല. എന്നാൽ കത്തോലിക്കാസഭയുടെ അവകാശസംരക്ഷണത്തിനു വേണ്ടി ഞങ്ങൾ മരണംവരെ സമരം ചെയ്യുന്നതായിരിക്കും."

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ അത്യാപത്തിൽനിന്നും രക്ഷനേടിയതിനു ഉപകാരസ്മരണ.

ടി. എ. മാത്തൻ, തെരുപ്പറമ്പിൽ ആററുവാത്തല, നെടുമുടി




ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് ഉപകാരസ്മരണ.

ടി. ടി., കൊഴുവനാൽ.

# കേരളത്തിലെ സെൻറു് വിൻസെൻറ ഡി പോൾ സഖ്യം

(ഡേവിഡ് മഹാപിള്ള)

"വിൻസെൻറു് ഡി പോൾ സഖ്യം കേവലം ശാരീരികസഹായവിതരണത്തിനു മാത്രമുള്ള ഒരു പരസഹായസംഘമല്ല; ആത്മവിശുദ്ധീകരണം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു തികഞ്ഞ ആദ്ധ്യാത്മികസംഘടനയാണു്. ഏതാനും സാധുക്കൾക്കു ചില സഹായങ്ങൾ നൽകുന്നതല്ല ഈ സഖ്യത്തിന്റെ പ്രധാനപ്രവർത്തനം. അതു യഥാർത്ഥ പ്രവർത്തനത്തിനുള്ള ഉപാധിയാണു്. യഥാർത്ഥപ്രവർത്തനം സാധുസന്ദർശനവും അതിനെത്തുടർന്നുള്ള ആദ്ധ്യാത്മികസേവനങ്ങളുമത്രെ. ശാരീരികദാരിദ്ര്യത്തിലും കഷ്ടതരമാണു് ആദ്ധ്യാത്മികദാരിദ്ര്യവും സാന്മാർഗ്ഗികദാരിദ്ര്യവും. സഖ്യാംഗങ്ങൾ കഷ്ടപ്പെടുന്ന സാധുക്കളെ സന്ദർശിച്ചു ശാരീരികസഹായം നൽകി അവരെ ആശ്വസിപ്പിച്ചുകൊണ്ടു അവരോടു ആത്മവിശുദ്ധീകരണത്തിനു സഹായിക്കുന്ന കാര്യങ്ങൾ പറഞ്ഞുകൊടുക്കണം. ഇങ്ങനെ മാതൃകകൊണ്ടും ഉപദേശംകൊണ്ടും അംഗങ്ങൾ സാധുക്കളെ ആത്മവിശുദ്ധിയുള്ളവരാക്കിത്തീർക്കണം. ഇതിനു അംഗങ്ങൾതന്നെ സ്വയം വിശുദ്ധിയുള്ളവരാകേണ്ടിയിരിക്കുന്നു. തന്നിലില്ലാത്തതു അന്യരിലേക്കു പകരുവാൻ ആർക്കും സാദ്ധ്യമല്ല. അങ്ങനെയുള്ളവരുടെ പരിശ്രമങ്ങൾക്കു ഫലപ്രാപ്തിയുണ്ടാകയുമില്ല. ആത്മവിശുദ്ധിയുള്ളവരുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും സവിശേഷമായ ഒരു വശ്യതയും ഫലസിദ്ധിയുമുണ്ടെന്നു നമുക്കു അനുഭവബോദ്ധ്യമുണ്ടല്ലോ. ഓരോരോ വിശുദ്ധന്മാരുടെ ഉപദേശങ്ങളും പ്രവർത്തനങ്ങളും ഫലസമ്പൂർണ്ണങ്ങളായിരുന്നെന്നു അവരുടെ ജീവചരിത്രങ്ങളിൽനിന്നു നാമറിയുന്നു. ഇതിന്റെ രഹസ്യം അവരുടെ ജീവിതശുദ്ധിയായിരുന്നു. മതമാനസാന്തരത്തിനായി അനേകർ പ്രസംഗിക്കുന്നുണ്ടു്. പക്ഷേ എല്ലാവർക്കും കാര്യമായ ഫലമുളവാക്കുവാൻ കഴിയുന്നില്ല. വി. ഫ്രാൻസിസ് സേവിയരുടെ പ്രസംഗം കേട്ടു അനേകായിരം പേർ മാനസാന്തരപ്പെട്ടു. ഇതു ആ വിശുദ്ധന്റെ പ്രസംഗസാമർത്ഥ്യംകൊണ്ടല്ല. പ്രത്യുത ജീവിതവിശുദ്ധിയുടെ ഫലമാണു്. നമ്മുടെ പ്രവർത്തനങ്ങൾ വിജയിക്കണമെങ്കിൽ ദൈവാനുഗ്രഹം വേണം. ദൈവാനുഗ്രഹം ഉണ്ടാകണമെങ്കിൽ ഹൃദയവിശുദ്ധിയും ശുദ്ധനിയോഗവും ഉണ്ടായിരിക്കണം. അതുകൊണ്ടു ക്രിസ്തീയപരസ്നേഹപ്രവർത്തനങ്ങൾക്കു സ്വയം സന്നദ്ധരായി പുറപ്പെട്ടിരിക്കുന്ന സെൻറു് വിൻസെൻറു ഡി പോൾ സഖ്യാംഗങ്ങൾ ആത്മവിശുദ്ധീകരണത്തിൽ, ആദ്ധ്യാത്മികകാര്യങ്ങളിൽ, സവിശേഷശ്രദ്ധയും നിഷ്ഠയുമുള്ളവരായിരിക്കണം. അംഗങ്ങൾ സഖ്യത്തെപ്പററി ശരിയായി പഠിക്കണം; ആത്മാർത്ഥമായും ഉത്സാഹമായും പ്രവർത്തിക്കണം."

സെൻറു വിൻസെൻറു ഡി പോൾ സഖ്യത്തിന്റെ പാലാ സെൻട്രൽ കൗൺസിൽ ഉൽഘാടനം നിർവ്വഹിച്ചുകൊണ്ടു്, പാലാ മെത്രാൻ മാർ സെബാസ്ത്യൻ വയലിൽ ചെയ്ത പ്രസംഗത്തിലെ അവസാനഭാഗമാണു് മേലുദ്ധരിച്ചിട്ടുള്ളതു്. ഇതിൽ സഖ്യപ്രവർത്തനത്തിന്റെ മർമ്മം തിരുമനസ്സുകൊണ്ടു വ്യക്തമായി കാണിച്ചിരിക്കുന്നു. ഇതു എല്ലാ അംഗങ്ങളുടേയും ശ്രദ്ധയ്ക്കും പരിചിന്തനത്തിനും വിഷയമാകേണ്ടതാണു്.

കേരളത്തിൽ ഈ സഖ്യത്തിനു സാമാന്യമായ പ്രചാരവും പ്രോത്സാഹനവും ലഭിച്ചുവരുന്നുണ്ടു്. എങ്കിലും സഖ്യം അർഹിക്കുന്നത്ര പൊതുജനപ്രോത്സാഹനവും സഹകരണവും ഉണ്ടാകുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. തന്മൂലം അതിന്റെ അഭിവൃദ്ധിയിലും വേണ്ടത്ര പുരോഗതി ഉണ്ടാകുന്നില്ല. തികച്ചും ആദ്ധ്യാത്മികമായ ഈ സഖ്യത്തിന്റെ ആദർശത്തേയും ചൈതന്യത്തേയും അനാദരിച്ചു അതിനെ കേവലം ഒരു ലൗകികധർമ്മസംഘമായി അധഃപതിപ്പിക്കുന്നതാണിതിനു മുഖ്യമായ കാരണം.

കേരളത്തിൽ ആകെ 287 കോൺഫറൻസുകൾ ഉള്ളതായിട്ടാണറിയുന്നതു്. ഇതിൽ നാലിലൊന്നു സംശയംവിനാ നാമമാത്രമായിട്ടുള്ളതാണു്. ശേഷമുള്ളതിൽ ഒന്നു പകുതി യോഗ്യമായി പ്രവർത്തനം നടത്തുന്നവയാണെന്നു നിസ്സന്ദേഹമായി പറയാം. ബാക്കിയുള്ളവ കേവലം ലൗകികമായ പരസഹായസംഘത്തിന്റെ നിലയിൽനിന്നുയരുന്നില്ലെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ ഒട്ടുമുക്കാൽഭാഗം കോൺഫറൻസുകളെ സന്ദർശിക്കുന്നതിനും സ്റ്റഡിക്ലാസ്സുകൾ വഴിയായും മററും അംഗങ്ങളുമായി നേരിട്ടു് പരിചയപ്പെടുന്നതിനും അവസരം ലഭിച്ചിട്ടുള്ള എനിക്കു അനുഭവത്തിൽനിന്നു നിർവ്വിശങ്കം സാക്ഷിക്കുവാൻ കഴിയും, സാധാരണ അംഗങ്ങളിലധികവും സഖ്യത്തോടു് വിശ്വസ്തതയും താല്പര്യവും പ്രവർത്തനസന്നദ്ധതയുമുള്ളവരാണെന്നു്. പക്ഷേ ഇവർക്കും സഖ്യത്തേയും സഖ്യത്തിന്റെ പ്രവർത്തനങ്ങളേയും സംബന്ധിച്ചു വേണ്ടത്ര വിജ്ഞാനമില്ലെന്നും, സഖ്യത്തിന്റെ ആദർശചൈതന്യങ്ങളേയോ നിയമപാരമ്പര്യാദികളേയോ ഇവരും അത്ര കാര്യമാക്കുന്നില്ലെന്നും സമ്മതിക്കാതെ തരമില്ല. സ്റ്റഡിക്ലാസുകളിലും മററും അംഗങ്ങൾ ഉന്നയിക്കാറുള്ള ചോദ്യങ്ങളിൽനിന്നു ഇതു പ്രസ്പഷ്ടമാണു്. സഖ്യത്തെപ്പററിയുള്ള അജ്ഞതയാണിതിനുള്ള പ്രധാനകാരണം. ഒരു സംഘം നടത്തുവാനെന്താണിത്ര പഠിക്കുവാനുള്ളതെന്നാണു് മിക്കവരുടേയും, വിശിഷ്യ അഭ്യസ്തവിദ്യരും പ്രമാണികളുമായിട്ടുള്ളവരുടേയും മനോഭാവം! അജ്ഞത ആരിലായാലും അജ്ഞതതന്നെയാണു്. കേവലം ഊഹം വിജ്ഞാനമാകയില്ല. ഈ സഖ്യത്തെപ്പററി വളരെയേറെ പഠിക്കുവാനുണ്ടു്. ലക്ഷ്യം, ആദർശം, ചൈതന്യം, നിയമം, പാരമ്പര്യം, പ്രവർത്തനം ആദിയായ എല്ലാ കാര്യങ്ങളിലും ഈ സഖ്യം മററു സംഘങ്ങളിൽനിന്നു് തികച്ചും വിഭിന്നമാണു്. അംഗങ്ങളും ഭാരവാഹികളും സഖ്യത്തിന്റെ പ്രത്യേകസ്വഭാവം ഗ്രഹിക്കുകയോ ഗൗനിക്കുകയോ ചെയ്യുന്നില്ല. കോൺഫറൻസുകളുടെ വാർഷികറിപ്പോർട്ടുകളും സഖ്യത്തെ സംബന്ധിച്ചുള്ള പത്രറിപ്പോർട്ടുകളും ഇതു വിളിച്ചു പറയുന്നുണ്ടു്.

അംഗങ്ങളെ ഉൽബുദ്ധരും പ്രവർത്തനോൽസുകരുമാക്കി നയിക്കേണ്ടവരാണു് പ്രസിഡൻറുമാർ. കോൺഫറൻസുകളുടേയും കൗൺസിലുകളുടേയും അഭിവൃദ്ധി അധികവും അതതിന്റെ പ്രസിഡൻറിനെ ആശ്രയിച്ചിരിക്കുന്നു. "As is the president, so is the Conference" പ്രസിഡൻറു് എപ്രകാരമോ അതുപോലെയിരിക്കും കോൺഫറൻസു് എന്നുള്ള കൗൺസിൽ ജനറലിന്റെ അനുഭവത്തിൽനിന്നുള്ള അനുമാനം എത്ര വാസ്തവം!

പ്രസിഡൻറന്മാരേയും കോൺഫറൻസുകളേയും പ്രോത്സാഹിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും മററുമാണു് കൗൺസിലുകൾ ഏർപ്പെടുത്തിയിട്ടുള്ളതു്. കേരളത്തിൽ ഇപ്പോൾ ആകെ 17 പ്രാദേശികകൗൺസിലുകളും 4 സെൻട്രൽ കൗൺസിലുകളുമുണ്ടു്. പ്രാദേശികകൗൺസിലുകളിൽ ചിലതു നാമമാത്രമാണു്; അവ ഉണരുവാനോ ഉയരുവാനോ സന്നദ്ധമല്ലെന്നു പറയേണ്ടിയിരിക്കുന്നു. എട്ടും പത്തും മാസങ്ങളായിട്ടും യോഗം കൂടുകപോലും ചെയ്യാത്തവയും അക്കൂട്ടത്തിലുണ്ടു്. സിക്രട്ടറിയും പ്രസിഡൻറും പരസ്പരം ഭിന്നിച്ചും മത്സരിച്ചും യാതൊരു പ്രവർത്തനവുമില്ലാതെ കഴിയുന്ന കേരളത്തിലെ ഏററവും പഴക്കമുള്ള പ്രാദേശികകൗൺസിൽ. ഇവയുടെ പ്രസിഡൻറന്മാർ അഭ്യസ്തവിദ്യരായ പ്രമുഖരാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രെ. ഇവരിലധികംപേരും പിടിപ്പതു സ്വന്തം കാര്യങ്ങളുള്ളവരാണു്. അതിനു പുറമേ, പേരിനും പെരുമയ്ക്കും ഉപകരിക്കുന്ന പല പൊതുകാര്യങ്ങളുടേയും ചുമതലകളും ഇവർക്കുണ്ടു്. മാത്രമല്ല, പലരും അതതുസ്ഥലത്തെ രാഷ്ട്രീയനേതൃത്വം വഹിക്കുന്നവരുമാണു്. ഈ സാഹചര്യങ്ങളെല്ലാംതന്നെ സഖ്യത്തിന്റെ അഭിവൃദ്ധിക്കല്ല, പ്രത്യുത അധഃപതനത്തിനാണു് സഹായകമാകുന്നതെന്നു നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

സെൻറു് വിൻസെൻറു് ഡി പോൾ സഖ്യത്തിൽ അംഗങ്ങളുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നതായി ഒരുകാര്യം പ്രത്യേകമുണ്ടു്. സഖ്യം രാഷ്ട്രീയം വർജ്ജിക്കണമെന്നുള്ളതത്രെ അതു്. പ്രബലമായ ഭിന്നാഭിപ്രായങ്ങൾക്കും പലപ്പോഴും ചേരിതിരി

സഭാചരിത്രപംക്തി 18

# ട്രാജൻെറ മതപീഡനം

(പ്രഫസർ പി. ററി. തോമസ്, എം. ഏ.)

മൂന്നാമത്തെ മതപീഡനം ട്രാജൻ (98-117) ചക്രവർത്തിയുടെ ഭരണകാലത്താണ് നടന്നത്. ട്രാജൻ ഒരു യോദ്ധാവും പ്രായോഗികബുദ്ധിയുമായിരുന്നു. അയാളുടെ ഭരണത്തിൻെറ ആദ്യകാലത്ത് അയാൾ ക്രിസ്ത്യാനികളുടെ കാര്യത്തിൽ ഒട്ടും ശ്രദ്ധ ചെലുത്തിയിരുന്നില്ല.

എന്നാൽ ഏഷ്യാ മൈനറിൽപ്പെട്ട ബിതീന്യാ എന്ന പ്രവിശ്യയിൽ നടന്ന ചില സംഭവങ്ങൾ ചക്രവർത്തിയുടെ ശ്രദ്ധയെ ക്രിസ്തുമതത്തിലേക്കു തിരിച്ചു. അക്കാലത്ത് ബിതീന്യയിലെ ഭരണം നടത്തിയിരുന്നത് പ്ലീനി (Pliny) എന്നു പേരായ ഒരു ഗവർണ്ണറാണ്. ക്രിസ്തുമതമുറകൾ അനുഷ്ഠിക്കുന്നു എന്നുള്ള കുററം ചുമത്തി അനവധിയാളുകൾ അദ്ദേഹത്തിൻെറ കോടതിയിൽ ഹാജരാക്കപ്പെട്ടു. അന്നു സാമ്രാജ്യത്തിൽ പ്രാബല്യത്തിലിരുന്നിരുന്ന നിയമം (അതായതു നീറോയുടെ ശാസനം) അനുസരിച്ച് അതു വധയോഗ്യമായ ഒരു കുററമായിരുന്നു. കുററം സമ്മതിച്ചവർക്കെല്ലാം നിയമാനുസാരമുള്ള വധശിക്ഷ നൽകുന്നതിൽ പ്ലീനി ഒട്ടുംതന്നെ മടിച്ചില്ല. എന്നാൽ അചിരേണ ക്രിസ്ത്യാനികളെപ്പററിയുള്ള ആരോപണങ്ങളുടെ ഒരു പ്രവാഹത്തെത്തന്നെ പ്ലീനിക്കു നേരിടേണ്ടിവന്നു. ക്രിസ്തുമതാവലംബികളുടെ പേരുകൾ വെളിപ്പെടുത്തുന്നതും അവരുടെമേൽ ഏററം ഗർഹണീയങ്ങളായ കുററങ്ങൾ ആരോപിക്കുന്നതുമായ പേരുവയ്ക്കാത്ത ലഘുലേഖകൾ അവിടെ പ്രചരിപ്പിക്കപ്പെട്ടു. "ക്രിസ്ത്യാനി" എന്ന കുററം ചുമത്തി പ്ലീനിയുടെ കോടതിയിലേക്ക് ആനയിക്കപ്പെട്ടവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. അക്കൂട്ടത്തിൽ സ്ത്രീകളും പുരുഷന്മാരും, വൃദ്ധന്മാരും വൃദ്ധകളും, യുവതീയുവാക്കന്മാരും, കുട്ടികളും, രോഗികളും, അവശരും ഉണ്ടായിരുന്നു. ഈ ജനക്കൂട്ടത്തെ മുഴുവനും വധശിക്ഷയ്ക്കു വിധേയരാക്കുകയെന്ന പ്രശ്നം പ്ലീനിയെ അമ്പരപ്പിച്ചു. കൂടാതെ കുററവാളികളിൽ പലരും അവരുടെ വിശ്വാസം ഉപേക്ഷിക്കുവാൻ സന്നദ്ധരുമായിരുന്നു. ഇവരെ ശിക്ഷിക്കണമോ വേണ്ടയോ എന്നതും ഒരു പ്രശ്നമായിരുന്നു. ഈ സാഹചര്യങ്ങളിൽ സ്ഥിതിഗതികൾ വിശദമായി വിവരിച്ചുകൊണ്ടും, ക്രിസ്ത്യാനികളോടനുവർത്തിക്കേണ്ട നയത്തെ സംബന്ധിച്ച് ട്രാജൻ ചക്രവർത്തിയുടെ ഉപദേശം ആരാഞ്ഞുകൊണ്ടും പ്ലീനി ഒരു കത്തെഴുതി.

ഈ കത്തിനു ട്രാജൻ അയച്ച മറുപടി മതപീഡനങ്ങളുടെ നിയമവശത്തെ സംബന്ധിക്കുന്ന ഒരു പ്രധാന ചരിത്രരേഖയാണ്. ഒരു യഥാർത്ഥ രാജ്യതന്ത്രജ്ഞൻെറ ബുദ്ധിപാടവവും നിയമവൈദഗ്ദ്ധ്യവും അതിൽ തെളിഞ്ഞുകാണാനുണ്ട്. ട്രാജൻെറ കല്പനയിൽ മൂന്നു നിർദ്ദേശങ്ങളാണ് അടങ്ങിയിരിക്കുന്നത്. (1) ക്രിസ്തുമതം നിയമദൃഷ്ട്യാ നിരോധിക്കപ്പെട്ട മതമായിത്തന്നെ കരുതപ്പെടേണ്ടതാണ്. അതിലെ അംഗത്വം കുററകരമാണ്. എന്നാൽ അക്കാരണത്താൽ ക്രിസ്ത്യാനികളെ അവരുടെ സങ്കേതങ്ങളിൽ ചെന്നു തേടിപ്പിടിച്ചു ശിക്ഷിക്കേണ്ട ആവശ്യമില്ല. പക്ഷേ അവർ കോടതിയിൽ ഹാജരാക്കപ്പെടുകയും അവരുടെ കുററം തെളിയുകയും ചെയ്താൽ അവരെ ശിക്ഷിക്കേണ്ടതാണ്. (2) ക്രിസ്ത്യാനി എന്ന പേരു വഹിക്കുന്നവൻ നിയമപ്രകാരം ശിക്ഷാർഹനാകയാൽ ആരെങ്കിലും ക്രിസ്തുമതവിശ്വാസം ഉപേക്ഷിക്കുന്നുവെങ്കിൽ അയാളെ ശിക്ഷിക്കേണ്ടതില്ല. (3) അക്കാരണത്താൽത്തന്നെ ക്രിസ്തുമതം അനുസരിക്കുന്നുവെന്നു സംശയിക്കപ്പെടുന്നവരെ ശിക്ഷാർഹരാക്കുവാൻവേണ്ടി ഒരു നിയമം നിർമ്മിക്കേണ്ട ആവശ്യമില്ല. കൂടാതെ പേരുവയ്ക്കാത്ത ആരോപണങ്ങൾ അവഗണിക്കപ്പെടേണ്ടതുമാണ്.

ട്രാജൻെറ ഈ പുതിയ നിയമശാസന (Trajan's Rescript) മാണ് പിന്നീട് വളരെക്കാലത്തേക്കു മതപീഡനങ്ങൾക്കു മാർഗ്ഗദർശിത്വം നൽകിയത്. സ്വയം വിശ്വാസം ഉപേക്ഷിക്കുന്നവർക്കു മാപ്പുകൊടുക്കേണ്ടതാണെന്നുള്ള വ്യവസ്ഥ അനവധിയാളുകളെ ക്രിസ്തുമതത്തിൽനിന്നും പിൻതിരിപ്പിക്കുമെന്നു ചക്രവർത്തി പ്രതീക്ഷിച്ചു. ക്രിസ്ത്യാനികളെ അന്വേഷിച്ചുപിടിച്ചു ശിക്ഷിക്കുന്നതിനെ നിരോധിച്ചുവെങ്കിലും, ഒരുവൻ ക്രിസ്ത്യാനിയാണെന്നു ബോദ്ധ്യമായാൽ അയാൾ വധയോഗ്യനായിരുന്നു. ഈ നിയമംമൂലം പ്രാദേശികഭരണകർത്താക്കൾക്കു ക്രിസ്ത്യാനികളുടെ ജീവൻെറമേൽ പൂർണ്ണാധികാരം

> "ഇടവകകളിൽ ഇടവക വൈദികർ അത്യാവശ്യമായി കരുതുന്ന പല സംഗതികളേയുംകാൾ കൂടുതൽ ആവശ്യമായി ഞാൻ കരുതുന്നതു, ഓരോ വീട്ടിലും ഓരോ കത്തോലിക്കാപത്രം ഉണ്ടായിരിക്കുക എന്നതാണ്. ദേവാലയശുശ്രൂഷ കഴിഞ്ഞാൽ കത്തോലിക്കാപത്രമാസികകളുടെ ശുശ്രൂഷയാണ് ഞാൻ പ്രധാനമായി കണക്കാക്കുന്നത്."
>
> —ബിഷപ്പ് ടൃളെൻ

ലഭിച്ചു. ഉദ്യോഗസ്ഥന്മാർക്കു ക്രിസ്ത്യാനികളോടു പ്രത്യേക വിരോധമൊന്നും തോന്നിയില്ലെങ്കിൽ അവരെ അലട്ടാതിരിക്കാമായിരുന്നു. നേരെമറിച്ച് എന്തെങ്കിലും അപ്രീതിയുണ്ടായാൽ അവരുടെമേൽ പ്രതികാരനടപടികൾ സ്വീകരിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ക്രിസ്ത്യാനികളുടെ സുരക്ഷിതത്വം ഭരണകർത്താക്കന്മാരുടെ ഇഷ്ടാനിഷ്ടങ്ങൾക്കു വിധേയമായിരുന്നു.

ട്രാജൻെറ മതപീഡനത്തിൽ രക്തസാക്ഷികളായി മരിച്ചവരിൽ യെറുശലേമിലെ ശിമയോൻ, അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്, വി. ക്ലെമെൻറ് എന്നിവരുൾപ്പെടുന്നു. വി. യോഹന്നാൻെറ മരണാശേഷം യെറുശലേമിലെ മെത്രാനായിരുന്ന ശിമയോൺ (Simeon) റോമൻ പൌരത്വം ഇല്ലാത്ത ഒരു യഹൂദനായിരുന്നതുകൊണ്ട് അദ്ദേഹത്തെ ക്രൂശിൽ തറച്ചാണ് കൊലപ്പെടുത്തിയത്.

അന്ത്യോക്യയിലെ മെത്രാനായിരുന്ന വി. ഇഗ്നേഷ്യസ് A. D. 107-ൽ ബന്ധനസ്ഥനാക്കപ്പെടുകയും പട്ടാളക്കാരുടെ സൂക്ഷത്തിൽ റോമയിലേക്കു കൊണ്ടുപോകപ്പെടുകയും ചെയ്തു. അവിടത്തെ പൊതുവിനോദരംഗത്തുവച്ച് അദ്ദേഹം സിംഹങ്ങളുടെ മുൻപിലേക്കെറിയപ്പെടുകയും ഏററം ഭയങ്കരമാംവിധം മരണമടയുകയും ചെയ്തു. അപ്പസ്തോലന്മാർ കഴിഞ്ഞാൽ പുരാതന സഭയിലെ ഏററം പ്രസിദ്ധനായ വ്യക്തി വി. ഇഗ്നേഷ്യസാണ്. "ദൈവത്തെ വഹിക്കുന്നവൻ" എന്നർത്ഥമുള്ള Theophorus എന്ന അപരനാമത്താൽ അദ്ദേഹം വിളിക്കപ്പെട്ടിരുന്നു. മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടശേഷം റോമയിലേക്കുള്ള യാത്രാമദ്ധ്യേ അദ്ദേഹം രചിച്ച ഏഴു ലേഖനങ്ങൾ അദ്ദേഹത്തിൻെറ വ്യക്തിവൈശിഷ്ട്യത്തിനു സാക്ഷ്യം വഹിക്കുന്നു. അദ്ദേഹത്തിൻെറ ആത്മവീര്യവും, ശിഷ്യരോടും പാഷണ്ഡതകളോടുമുണ്ടായിരുന്ന വെറുപ്പും, സഭയുടെ ഐക്യത്ത പുലർത്തുന്നതിലുള്ള തീക്ഷ്ണതയും, രക്തസാക്ഷിയായി മരിക്കുവാനുള്ള അത്യാഗ്രഹവും പ്രസ്തുത ലേഖനങ്ങളിൽ തെളിഞ്ഞുകാണാം. തിരുസ്സഭയെപ്പററി പ്രതിപാദിക്കുമ്പോൾ "കത്തോലിക്കാസഭ" എന്ന സംജ്ഞ ആദ്യമായി ഉപയോഗിക്കുന്നതു വി. ഇഗ്നേഷ്യസാണ്. വി. പൌലോസിൻെറ ഒരാരാധകനായിരുന്നു അദ്ദേഹം. "പരിശുദ്ധനും, എന്നും അനുഗൃഹീതനും, രക്തസാക്ഷിയുമായ വി. പൌലോസിൻെറ കാലടികൾ എന്നെ ദൈവത്തിങ്കലേക്കു നയിക്കട്ടെ" എന്നദ്ദേഹം പ്രാർത്ഥിക്കുന്നു. റോമാക്കാർക്കുള്ള ലേഖനത്തിലെ ഓരോ വരിയും അദ്ദേഹത്തിൻെറ ആത്മവീര്യത്തെ പ്രഖ്യാപിക്കുന്നു. പ്രസ്തുത ലേഖനത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു: "എനിക്കുവേണ്ടി തയ്യാറാക്കിനിറുത്തിയിരിക്കുന്ന വന്യമൃഗങ്ങളുമായുള്ള സമാഗമത്തെ ഞാൻ അത്യാനന്ദത്തോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. അവ എന്നെ ആക്രമിക്കണമെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. എന്നെ വിഴുങ്ങുവാൻ ഞാൻ അവയെ മാടിവിളിക്കും. എൻെറ പൂർണ്ണമനസ്സാലെ ഞാൻ ദൈവത്തിനുവേണ്ടി മരണം വരിക്കുവാൻ പോകയാണ്. നിങ്ങൾ അതിനു യാതൊരു വിഘ്നവും ഉണ്ടാക്കരുത്. ഹിംസ്രജന്തുക്കളുടെ മുൻപിലേക്ക് എറിയപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അവയിൽക്കൂടി ഞാൻ ദൈവത്തെ പ്രാപിക്കും. ഞാൻ ദൈവത്തിൻെറ ഗോതമ്പാകുന്നു. ക്രിസ്തുവിൻെറ പരിശുദ്ധമായ അപ്പമായിത്തീരുവാൻ ഘോരമൃഗങ്ങളുടെ വക്ത്രങ്ങളിൽവച്ചു ഞാൻ പൊടിക്കപ്പെടേണ്ടിയിരിക്കുന്നു. അവയെ എൻെറനേരെ ഇളക്കിവിടുക. അവ എൻെറ ശവകുടീരമായിത്തീരട്ടെ. അഗ്നി എന്നെ ദഹിപ്പിച്ചുകൊള്ളട്ടെ. കുരിശിന്മേൽ എന്നെ തറച്ചുകൊള്ളട്ടെ. മൃഗങ്ങൾ എൻെറമേൽ ചാടിവീണ് എൻെറ അസ്ഥികൾ ഒടിക്കുകയും, എൻെറ അവയവങ്ങൾ കടിച്ചുമുറിക്കയും, എൻെറ ശരീരം ചതച്ചു ഞെരിക്കയും ചെയ്തുകൊള്ളട്ടെ. എല്ലാം ഞാൻ സഹിക്കാം. എനിക്കു ക്രിസ്തുവിൽ എത്തിച്ചേർന്നാൽ മാത്രംമതി."

വി. പത്രോസിൻെറ മൂന്നാമത്തെ പിൻഗാമിയായ വി. ക്ലെമൻറ് മാർപ്പാപ്പായും മററനേകം ക്രിസ്ത്യാനികളും റോമയിൽവച്ച് മരണംവരിച്ചു. ബിതീന്യയിൽ പ്ലീനിയുടെ നേതൃത്വത്തിൽ നടന്ന പീഡനത്തെപ്പററി മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

—o—

വിനും കാരണവും അവസരവുമുള്ള രാഷ്ട്രീയകാര്യങ്ങളിൽ പ്രമുഖസ്ഥാനം വഹിക്കുന്നവർ സഖ്യത്തിൽ ചുമതലയുള്ള സ്ഥാനങ്ങൾ ഏറ്റെടുക്കാതിരിക്കേണ്ടതാണ്. ക്രിസ്തീയപരസ്നേഹത്തിൽ ആത്മവിശുദ്ധീകരണം നേടുന്നതിനായി ക്രിസ്തുവിൻെറ ഐക്യത്തിൽ സഹോദരന്മാരായി അണിനിരന്നിട്ടുള്ളവർ രാഷ്ട്രീയ ഭിന്നചേരികളിൽ അണിനിരന്നു പരസ്പരം എതിർക്കുന്നതു എത്ര അനാദരണീയവും നിർഭാഗ്യകരവുമായിരിക്കും. ഇതിലേറെ നിർഭാഗ്യകരമാണ് സഖ്യാംഗങ്ങളിൽ ചിലർ തിരഞ്ഞെടുപ്പു പ്രചാരണാർത്ഥം മതവിരുദ്ധവിപ്ലവപ്രസ്ഥാനക്കാരായ കമ്മ്യൂണിസ്റ്റുകളുമായി ചെങ്കൊടിക്കീഴിൽ ഒന്നുചേർന്നു കാണുന്നതു. സഖ്യത്തിൻെറ പ്രമേയങ്ങൾ സ്വീകരിച്ചും കൗൺസിൽ ജനറൽ അന്നുതൊട്ടിന്നുവരെ നിർബന്ധപൂർവ്വം അനുശാസിച്ചുകൊണ്ടിരിക്കുന്നതുമായ, "സഖ്യത്തിനു രാഷ്ട്രീയം പാടില്ല" എന്നുള്ള നയം സഖ്യത്തിൻെറ അഭിവൃദ്ധിക്കും ജയത്തിനും എത്ര ആവശ്യമാണെന്നു മേൽക്കാണിച്ച സാഹചര്യങ്ങൾ പ്രസ്പഷ്ടമാക്കുന്നുണ്ടല്ലോ.

കേരളത്തിലെ സഖ്യത്തെ മേൽവിവരിച്ചിട്ടുള്ള ദുസ്ഥിതിയിൽനിന്നും പുനരുദ്ധരിച്ച് അഭിവൃദ്ധിപ്പെടുത്തണം. സഖ്യത്തോടു സ്നേഹവും വിശ്വസ്തതയുമുള്ള അംഗങ്ങൾ ഇതിനു ആത്മാർത്ഥമായി പരിശ്രമിക്കണം. കേവലം ചടങ്ങുകളും ബാഹ്യപ്രകടനങ്ങളുംകൊണ്ട് തൃപ്തരാകാതെ അംഗങ്ങൾ സഖ്യത്തിൻെറ ആദർശവും ചൈതന്യവും നിയമവും പാരമ്പര്യവും കാര്യമായി മനസ്സിലാക്കി പ്രവർത്തിക്കണം. കേരളത്തിലെ ഈ സഖ്യം നന്നാകണമെങ്കിൽ അംഗങ്ങളിൽ ഒരു പൊതുപരിവർത്തനം കൂടിയേകഴിയൂ. ചില കോൺഫറൻസുകളിലും കൗൺസിലുകളിലും ഒരു പൊളിച്ചെഴുത്തുതന്നെ ആവശ്യമാണെന്നു തോന്നുന്നു. മതവിരുദ്ധവിപ്ലവപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ചിലർ അംഗങ്ങളെന്നല്ല പ്രസിഡൻറന്മാരായിപ്പോലും കഴിഞ്ഞുകൂടുന്നതു കഷ്ടമല്ലേ? കോൺഫറൻസ് ഫണ്ടു ഉത്തരക്കാർ ദുരുപയോഗപ്പെടുത്തുന്നുവെന്നുപോലും ആക്ഷേപമില്ലാതില്ല. ഈ ദുരവസ്ഥയിൽനിന്നു കേരളത്തിലെ സഖ്യത്തെ ഉദ്ധരിക്കുന്നതിനു കോൺഫറൻസുകളും കൗൺസിലുകളും ഉണർന്നു പ്രവർത്തിക്കണം. ഇതിനു സഹായകമാംവിധം പലരുടെയും ആഗ്രഹാനുസരണം, സഖ്യത്തിൻെറ ആദർശ ചൈതന്യങ്ങളും നിയമപാരമ്പര്യാദികളേയും ക്രോഡീകരിച്ച്, നിയമാവലിയേയും കൗൺസിൽ ജനറലിൻെറ സർക്കുലറുകളേയും ആധാരമാക്കി സത്യദീപത്തിൽ ഏതാനും ലേഖനങ്ങളെഴുതുവാനുദ്ദേശിക്കുന്നു. കേരളത്തിലെ എല്ലാ കോൺഫറൻസുകളുടേയും സവിശേഷമായ ശ്രദ്ധ അവയിൽ പതിയണമെന്നും അവയനുസരിച്ച് നമ്മുടെ കോൺഫറൻസുകളിൽ വേണ്ട പരിവർത്തനം വരുത്തി ഈ സഖ്യത്തെ ആദർശയോഗ്യമാക്കിത്തീർക്കണമെന്നും അതിൻെറ എല്ലാ പ്രവർത്തകന്മാരോടും വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

—o—

*Just Received*
WEDDING SAREES
WHITE HALL
The Silk Palace
DIRECT IMPORTERS
MATTANCHERRY Cochin
BROADWAY Ernakulam
Maximum Sarees Minimum Price is Our Motto

## മാർപ്പാപ്പായെപ്പററി ഗ്രീക്ക് പത്രലേഖകൻ

ഗ്രീസിലെ പ്രധാനമന്ത്രിയായ പാപ്പഗോസിനോടൊന്നിച്ചു വത്തിക്കാനിലെത്തി പരിശുദ്ധപിതാവിനെ സന്ദർശിച്ച ഒരു ഗ്രീക്കുപത്രലേഖകൻ "എത്ത്നിക്കോസ് കിറിക്സ്" എന്ന ഒരു ആഥൻസ് പത്രത്തിൽ എഴുതിയ റിപ്പോർട്ടിൽ പറയുന്നു: "പാപ്പായുടെ വ്യക്തിമാഹാത്മ്യവും പരിഷ്കൃതാശയത്വവും അന്യാദൃശമെന്നേ പറയാനുള്ളു. ശാന്തമായിട്ടും സാവധാനത്തിലുമാണ് അദ്ദേഹത്തിൻെറ സംസാരം. ഞങ്ങളെ അനുഗ്രഹിച്ചശേഷം ഗ്രീസിനെപ്പററി ദീർഘനേരം അദ്ദേഹം സംഭാഷണം നടത്തി. ഈ രാജ്യത്തെ അദ്ദേഹം അത്യധികം സ്നേഹിക്കുന്നതായും അഭിനന്ദിക്കുന്നതായും പ്രസ്താവിച്ചു. അദ്ദേഹത്തിൻെറ വാക്കുകൾ ഹൃദയാന്തർഭാഗത്തുനിന്നു പുറപ്പെടുന്നവയാണെന്നു കാണാൻ കഴിയും. ഗ്രീസിനെ സംബന്ധിച്ച് പീയൂസ് പാപ്പാ പല സന്ദർഭങ്ങളിലും പൈതൃകമായ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ളതു പ്രസിദ്ധമാണല്ലോ. സാൻറിയിലേയും സെഫലോനിയായിലേയും ഭൂകമ്പദുരിതനിവാരണാർത്ഥം ഉടനടി വേണ്ട സഹായങ്ങൾ നൽകി തൻെറ സൗഹാർദ്ദതയെ പ്രത്യക്ഷപ്പെടുത്തിയതു അടുത്തകാലത്തു നടന്ന സംഭവമാണ്."

## ജർമ്മനിയിലെ അസ്വസ്ഥതകൾ

കഴിഞ്ഞ ജൂൺമാസത്തിലാണല്ലോ കമ്മ്യൂണിസ്റ്റ് അധീനതയിലുള്ള കിഴക്കേ ജർമ്മനിയിൽ ഗവർമ്മെൻറിനെതിരായി ഒരു തൊഴിലാളിവിപ്ലവം നടന്നത്. റഷ്യൻ സൈന്യങ്ങൾ തൽക്ഷണം സ്ഥലത്തെത്തി അനേകസഹസ്രം ജനങ്ങളെ നിർദ്ദയം കൊന്നൊടുക്കി ഒരുവിധത്തിൽ സമാധാനം സംസ്ഥാപിക്കയാണ് ചെയ്തതു. എന്നാൽ അതിൽപ്പിന്നെയും തൊഴിലാളികൾ ദുസ്സഹമായ തങ്ങളുടെ ഭാരങ്ങൾ നിമിത്തം പല ചെറുവിപ്ലവങ്ങൾ അവിടെ നടത്തിയതായി റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുന്നു. തന്നിമിത്തം കമ്മ്യൂണിസ്റ്റ് ഭരണമേധാവികളുടെ നില അവിടെ ഒട്ടും സുഖകരമായിട്ടല്ല ഇരിക്കുന്നത്.

ചെറുകഥ

# മോചനം

(ജെ. സി. മരിക്കൻ)

ഞങ്ങൾ ആത്മസുഹൃത്തുക്കളാണ്; ജോണും ഞാനും. സായംകാലസവാരി ഞങ്ങളുടെ ദിനചര്യകളിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ഒന്നാണ്. പോക്കുവെയിലിൽ, മന്ദമാരുതന്റെ പരിലാളനയേററു്, അങ്ങനെ ആ പാർക്കിന്റെ ഒരു വശം പററി പോകുക എത്ര ആഹ്ലാദകരമാണ്!

അന്നും പതിവുപോലെ ഞങ്ങൾ ഒത്തുകൂടി പാർക്കിലേക്കു പോകുകയായി. സന്ധ്യാരുണൻ ശോണാഭമായ ചരമശയ്യയിൽ അണഞ്ഞുകഴിഞ്ഞു. തിരമാലകൾ അങ്ങകലത്തിൽനിന്നു് ആക്ഷീണവിവശനു് അന്ത്യോപചാരം ചെയ്യുന്നതുപോലെ തോന്നി. നോക്കെത്താത്ത ചക്രവാളപ്പരപ്പിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു ഞങ്ങൾ അഴിമുഖത്തിനഭിമുഖമായിരിക്കുകയാണ്.

ആത്മാവിൽ പുളകം പൂശുന്ന, സിരാതന്തുക്കളിൽ സംഗീതം പ്രസരിപ്പിക്കുന്ന റേഡിയോഗാനം അന്തരീക്ഷത്തിൽ അലിഞ്ഞുചേരുകയാണ്. പൂക്കളുടെ സുഗന്ധം, പഴുത്ത ഇലകളുടെ പാകംവന്ന പരിമളം, വിരിഞ്ഞുകിടക്കുന്ന പൂക്കളിൽനിന്നും ഒലിച്ചിറങ്ങുന്ന തേനിന്റെ തലകറക്കുന്ന സൗരഭ്യം! എന്തൊരു മാദകത്വം!

പെട്ടെന്നു് തല ഒരു വശത്തേക്കു് വെട്ടിത്തിരിച്ചുകൊണ്ടു് ജോൺ പിറകിലേക്കൊന്നു നോക്കി. "അയ്യോ, കാലണ." ആ ശബ്ദം ഞങ്ങൾക്കു് ഒട്ടും പുത്തരിയല്ല. ആ മുഖം ഞങ്ങൾക്കൊട്ടും അപരിചിതവുമല്ല. പാർക്കിന്റെ ഏതുഭാഗത്തും അയാളെ ഞങ്ങൾ നിത്യവും കാണും. പ്രണിയഹൃദയമെന്നില്ലെങ്കിലും ജീവിതാശ അയാളെ അങ്ങനെ വലിച്ചിഴയ്ക്കുകയാണ്.

കഷ്ടതയുടെ കണ്ണുനീരിലൂടെ യൗവ്വനം ഒഴുകിപ്പോയ പാടുകൾ ആ കവിൾത്തടങ്ങളിൽ വ്യക്തമായിക്കാണാം. ശരീരത്തിന്റെ ചില ഭാഗങ്ങളിൽ പഴന്തുണിക്കഷ്ണങ്ങൾ പാറിപ്പിടിച്ചിട്ടുണ്ടു്. ഒട്ടിയവയറും ഉന്തിയ എല്ലുകളും. ആകപ്പാടെ വൈകൃതത്തിന്റെ ഒരാകൃതിയാണ്. ചിരകാലപരിചിതമായ ആ ശബ്ദം എന്നെ ഒട്ടുംതന്നെ ആകർഷിച്ചതില്ല. യാചനയുടെ കൈക്കുമ്പിളുമായി നിൽക്കുന്ന ആ പിച്ചക്കാരനു് രണ്ടുമൂന്നു കാലണത്തുട്ടുകൾ എന്റെ സ്നേഹിതൻ സമ്മാനിച്ചു. കൃതാർത്ഥതയോടെ അയാൾ അവിടം വിട്ടു.

ഉല്ലാസവാനായി ഉച്ചരിച്ചിരുന്ന എന്റെ സ്നേഹിതനു് ആ യാചകൻ ഒരു വിഷമപ്രശ്നമാണു്—ഒരു കടംകഥയാണു്. ആ സാധുവിനെ കാണുമ്പോൾ തെരുതെരെ ജോൺ ദീർഘനിശ്വാസങ്ങൾ വിടുക പതിവാണു്. പക്ഷെ അവയൊന്നും എനിക്കു ബോധകമല്ലായിരുന്നു. അല്പനേരം അയാളെത്തന്നെ നിർന്നിമേഷനായി നോക്കിക്കൊണ്ടു് ജോൺ പറഞ്ഞു: "അയാളും ജീവിക്കുന്നു."

സമുദ്രത്തിന്റെ വിരിമാറിൽ വെള്ളിയ ലക്കണിയിപ്പിക്കുന്ന തിരമാലകളിൽ അലക്ഷ്യമായി ദൃഷ്ടിയുറപ്പിച്ചുകൊണ്ടു് ഞാൻ പറഞ്ഞു: "ഈ സൗന്ദര്യപ്പരപ്പിന്റെ അഗാധതയിൽ പല വികൃതജീവികളും വസിക്കുന്നുണ്ടാവും, അതൊരു തികഞ്ഞ യാഥാർത്ഥ്യമല്ലേ? അത്ഭുതപ്പെടുവാനെന്തുള്ളൂ?"

"ശരിയാണ്" ജോൺ പ്രതിവചിച്ചു. "എന്നാൽ......"

"എന്നാൽ?" ഞാൻ ഉദ്വേഗപൂർവ്വം ചോദിച്ചു.

"അയാളുടെ ജീവിതത്തിന്റെ പിന്നിൽ ഒരു നീണ്ട ചരിത്രം ഉണ്ടു്. അല്ലാ, ഒരു സംഭവകഥ", ജോൺ പറഞ്ഞു. വികൃതമായ ലോകത്തിന്റെ നോക്കെത്താത്ത പ്രാന്തങ്ങളിലേക്കു് അയാളുടെ നയനങ്ങൾ ഉററുനോക്കിക്കൊണ്ടിരുന്നു. ഒരു തൈത്തെന്നൽ കുഞ്ഞലകളുമായി കൈകോർത്തുപിടിച്ചുകൊണ്ടു് മന്നോട്ടു പോയി.

"അതേ അതേ" ഞാൻ സാവധാനം പറഞ്ഞു: "ഓരോരുത്തർക്കും ഉണ്ടായിരിക്കും അവനവനെ ജീവിക്കുവാൻ പഠിപ്പിച്ച ഓരോ സംഭവകഥ."

"അതു വാസ്തവമാണ്. പക്ഷെ വേദനയും ദുഃഖവും കൂടിക്കുഴഞ്ഞു് കെട്ടുപിടിച്ചതാണു് അയാളുടെ പൂർവ്വകാലസ്മരണകൾ. ഹൃദയത്തിന്റെ ഭിത്തികളിൽ അവയൊക്കെയും ഒട്ടിച്ചേർന്നു നില്ക്കുകയാണു്; മായിച്ചാലും മായാത്ത തരത്തിൽ. അന്നൊക്കെ—എന്റെ ബാല്യകാലത്തു്—ആ കൈപ്പുനിറഞ്ഞ ഓർമ്മയുടെ നേരിയ പട്ടുനൂലിൽ പിടിച്ചു് ഒരു ചിലന്തിയെപ്പോലെ കയറിപ്പോകുവാൻ എനിക്കു് ഇഷ്ടമായിരുന്നു. എന്നാൽ ഇന്നതു് ഭയാനകമാണു്." ഒററശ്വാസത്തിൽ സ്നേഹിതൻ പറയുകയായി.



റവ. സിസ്റ്റർ സെലിൻ

1953 നവംബർ 26-ാംനു- ഭരണങ്ങാനം ക്ലാരമഠത്തിൽ സുകൃതസൗരഭ്യത്തോടെ മരണമടഞ്ഞ സിസ്റ്റർ സെലിന്റെ സഹായത്താൽ അസാദ്ധ്യമെന്നു കരുതിയിരുന്ന ഒരു കാര്യം പെട്ടെന്നു സാധിച്ചതിനു കൃതജ്ഞത.

ഫാദർ ഫ്രാൻസിസ് സൂലെസ്

ററി. ഒ. സി. ഡി.

ഒരു കൊച്ചു കല്ലിൻകഷണം അലസമായി അയാൾ ആ ജലപ്പരപ്പിന്റെ മദ്ധ്യത്തിലേക്കെറിഞ്ഞു. ഇളകിയിളകിപ്പൊട്ടി കൊച്ചുതരംഗങ്ങൾ പൊട്ടിച്ചിരിച്ചുകൊണ്ടു് കടന്നുപോയി. പടിഞ്ഞാറെ ചക്രവാളത്തിൽ നിന്നു ആ "തങ്കക്കുടം"ത്തെ മുഴുവൻതന്നെ അറബിക്കടൽ വിഴുങ്ങിയിരുന്നു.

"എന്താണതു്?" അല്പനേരത്തെ നിശബ്ദതയ്ക്കുശേഷം നിർവ്വികാരനായി ഞാൻ ചോദിച്ചു.

"നിലവിലുള്ള വ്യവസ്ഥിതി മാററാൻ അരയും തലയും മുറുക്കി നടക്കുന്ന ചില നേതൃമ്മന്യന്മാരെ നാം കാണാറില്ലേ? അത്തരത്തിൽ ഒരുവനായിരുന്നു നമ്മുടെ ഈ പിച്ചക്കാരനും." മറവിയുടെ കെട്ടിപ്പിടിച്ച ചുരുളുകളിൽ സ്മരണാർഹമായ എന്തോ ഒന്നു് തപ്പിത്തിരിയുന്നതുപോലെ അയാൾ കാണപ്പെട്ടു.

"എന്നിട്ടു്?"

"ആ നന്നാക്കലിന്റെ വ്യഗ്രതയിൽപ്പെട്ടു് ഞെരിഞ്ഞുതകർന്ന ജീവിതമാണയാളുടേതു്. ഒരു ദീർഘനിശ്വാസത്തോടെ അയാൾ പറഞ്ഞു.

"അതെങ്ങനെ?" ജിജ്ഞാസയാൽ പ്രേരിതനായി വീണ്ടും ഞാൻ ആരാഞ്ഞു.

"അതോ, അതു പറയാം; അയാളുടെ ജീവിതം നമുക്കും ഒരു പാഠമായിരിക്കേണ്ടേ? അതിനു വേണ്ടിത്തന്നെ." ജോൺ പ്രതിവചിച്ചു.

സന്ധ്യയുടെ കറുത്ത തിരശ്ശീലകൾ കെട്ടിക്കൂടിത്തുടങ്ങി. മേഘമാലകളിൽ തരുതരപ്പു് പരത്തിക്കൊണ്ടു് ഒരു ചുളചുളപ്പൻകാററു് കടന്നുപോയി.

"പ്രതീക്ഷകളെ അയവിറക്കിക്കൊണ്ടാണു് അയാളും വിവാഹിതനായതു്." ഉദ്ദേശരഹിതമായി കൈകാലുകൾ കുടഞ്ഞുകൊണ്ടു് ജോൺ തുടർന്നു: "ശാന്തസുന്ദരമായ സമതലത്തിലൂടെ സ്വച്ഛന്ദഗമനം ചെയ്യുന്നൊരു നീർച്ചോലപോലെ ഹൃദയബന്ധത്തിന്റെ കനകശൃംഖലയാൽ ബന്ധിതമായ അവരുടെ—അയാളുടേയും, അയാളുടെ ജീവിതസഖിയുടേയും—ജീവിതനിർഝരി മന്ദമായി ഒരു കൊല്ലം മുന്നോട്ടുനീങ്ങി. എന്നാൽ കാലത്തിന്റെ കനത്ത കൈകൾ അതിന്റെ ഗതിയെ തടയുകതന്നെ ചെയ്തു. അതിനിടയ്ക്കു് അവരുടെ ആശാവല്ലരി മൊട്ടിട്ടു് പുഷ്പിക്കുകയും ചെയ്തു.

"ആ കാലയളവിൽ വല്ലാത്തൊരസ്വാസ്ഥ്യം അയാൾക്കനുഭവപ്പെട്ടുതുടങ്ങി. എന്തോ ഒരു "ഇതു്"—അത്രമാത്രം. ഇതോടൊപ്പംതന്നെ അയാളുടെ ഹൃദയവും തന്റെ പ്രേയസിയെവിട്ടു് അകന്നുകൊണ്ടേയിരുന്നു."

"എന്നാൽ പിന്നെന്തുകൊണ്ടു് അയാൾ വിവാഹമോചനത്തിനു മുതിർന്നില്ല?" ഇടയ്ക്കുകയറി ഞാൻ ചോദിച്ചു.

പുച്ഛരസദ്യോതകമായ ഒരു പുഞ്ചിരിയോടെ ജോൺ പ്രതിവചിച്ചു: "സ്നേഹിതാ, ദൈവത്താൽ കെട്ടപ്പെട്ടവ മനുഷ്യനാൽ അഴിക്കപ്പെടുക സാദ്ധ്യമല്ല തന്നെ. പ്രപഞ്ചത്തിന്റെ നില നില്പിനുതന്നെ അതൊരാവശ്യവുമാണു്."

"ഈ തത്വശാസ്ത്രം അയാൾക്കും ബോധകമല്ലായിരുന്നോ?" വീണ്ടും ഞാൻ ആരാഞ്ഞു.

"എല്ലാവർക്കും! പക്ഷെ ഒരു വേശ്യയുടെ ബാഹ്യസൗന്ദര്യത്തിന്റെ വശ്യതയിൽ മാംസത്തിന്റെ പ്രവണത പത്തിവിടർത്തി അയാളിൽ ആടിത്തുടങ്ങി. വിചാരം വികാരത്തിനു വഴിമാറിക്കൊടുത്തു. സൗന്ദര്യാസ്വാദനത്തിന്റെ പേരിൽ, തന്റെ ഹൃദയവല്ലഭയെ വിട്ടുപേക്ഷിച്ചു."

"സൗന്ദര്യാസ്വാദനത്തിൽ അയാളെ കുററപ്പെടുത്തുവാനില്ലല്ലോ? മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസങ്ങളിലൊന്നല്ലേ മനുഷ്യനു് മൂല്യങ്ങൾ ആസ്വദിക്കാൻ കഴിവുണ്ടെന്നുള്ളതു്?" തികഞ്ഞ ഒരു താർക്കികന്റെ ഗാംഭീര്യം അഭിനയിച്ചുകൊണ്ടു് ഞാൻ ചോദിച്ചു.

"അതു വാസ്തവമാണു്; നന്മയും സത്യവും, സ്നേഹവും സൗന്ദര്യവും അറിയാനും അറിയിക്കാനും അവനുള്ള കഴിവു് അന്യാദൃശമാണു്. എങ്കിലും......"

"എങ്കിലും?"

"എങ്കിലും സൗന്ദര്യാസ്വാദനത്തിനുള്ള കഴിവിനുമുണ്ടു് ഒരു വളർച്ച. മനോഹരമായ ഒരു പനിനീർപുഷ്പത്തിന്റെ സൗന്ദര്യം ആസ്വദിക്കുവാൻ സാധാരണ നമുക്കു കഴിയും. എന്നാൽ വ്യക്തികളുടെ സ്വഭാവനൈർമ്മല്യത്തിന്റെ ആന്തരികസൗന്ദര്യം ആസ്വദിക്കണമെങ്കിൽ മാനസികമായ ഒരു വളർച്ച ഉണ്ടായേ കഴിയൂ. ബാഹ്യസൗന്ദര്യത്തിന്റെ മാദകത്വത്തിൽനിന്നും ആന്തരികസൗന്ദര്യത്തിന്റെ വശ്യതയിലേക്കുള്ള ദൂരം വളരെ വലുതല്ലെങ്കിലും വഴി ദുർഘടംപിടിച്ചതാണു്. പലപ്പോഴും ആ ബാഹ്യസൗന്ദര്യംവരെ നാം എത്തുന്നുള്ളു. നമ്മുടെ പിച്ചക്കാരനു് അവിടെയാണു് തെററുപററിയതു്." യുക്തിപൂർവ്വമായ ആ മറുപടിയുടെ മുമ്പിൽ ഞാൻ നിശ്ശബ്ദത ആചരിച്ചു. വിന്ധ്യവീഥിയിൽ ഒരു കൊള്ളിമീൻ എരിഞ്ഞടങ്ങി.

അദ്ദേഹം തുടർന്നു:

"ജീവിതത്തിന്റെ ഈ "യാന്ത്രികത്വ"ത്തിൽനിന്നും "വിമോചനം" ലഭിക്കാൻ അയാൾ അതിയായി ആഗ്രഹിച്ചു. എന്തിനേറെ. അന്ധകാരാവൃതമായ ഒരു രാത്രിയിൽ ഭാര്യയേയും കുട്ടിയേയും അയാൾ ഉപേക്ഷപ്പെടുത്തി." ഞാൻ അറിയാതെ ഒന്നു ഞെട്ടി. സ്നേഹിതൻ തുടർന്നു: "അയാൾ മോചനം പ്രാപിച്ചു! എന്നാൽ നിയമത്തിന്റെ കരാളഹസ്തം അയാളെ പിടികൂടി. ഇരുമ്പഴികളാൽ അയാൾ ബന്ധിതനായി. കാരിരുമ്പഴികൾക്കുള്ളിൽ അയാൾ അടയ്ക്കപ്പെട്ടു. ഇരുപതു നീണ്ടവർഷങ്ങൾ അയാൾ അതിൽ കഴിച്ചുകൂട്ടി. ഇന്നിതാ ഒരു ക്ഷയരോഗിയായി പുറത്തും! അയാൾ മോചനം പ്രാപിച്ചു!!

—ഠ—

നാടിന്റെ നാനാ ഭാഗത്തും

OCB

മലകളും താഴ്‌വരകളും കായലുകളും നിറഞ്ഞ ഈ നാടിന്റെ വിവിധത്വം കലർന്ന ഭൂപ്രകൃതിപോലെതന്നെയാണ് നമ്മുടെ വാണിജ്യവ്യവസായങ്ങളും, എല്ലാത്തരം വാണിജ്യവ്യവസായങ്ങൾക്കും കർഷകർക്കും ബാങ്കിംഗ് സൗകര്യം നൽകുന്നതിനു് ഈ സംസ്ഥാനത്തിന്റെ മർമ്മസ്ഥാനങ്ങളിൽ ഞങ്ങളുടെ 18 ബ്രാഞ്ചുകൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. ഇൻഡ്യയിലെ എല്ലാ പ്രമുഖ വാണിജ്യകേന്ദ്രങ്ങളിലും ഏജൻസികളും സ്ഥാപിച്ചിട്ടുണ്ടു്

പ്രവർത്തനമൂലധനം 1 കോടി രൂപായിൽ കൂടുതൽ

ഓറിയന്റ്സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡ് ആഫീസ് കോട്ടയം

ബ്രാഞ്ചുകൾ.—

| | | |
|---|---|---|
| പാലാ | വൈക്കം | പിറവം |
| കുമരകം | പാമ്പാടി | പൂവരണി |
| തൊടുപുഴ | തിരുവല്ലാ | കോട്ടയം |
| കൂട്ടിക്കൽ | കാളുകെട്ടി | എരുമേലി |
| എറണാകുളം | ഈരാററുപേട്ട | കോതമംഗലം |
| | വടക്കൻ പറവൂർ | |

ഗ്രൂപ്പ് ഫോട്ടോ

നിങ്ങൾക്കിഷ്ടമുള്ള സൈസിലും അതിവിശിഷ്ടമായ രീതിയിലും മിതമായ ചാർജ്ജിനും കൃത്യസമയത്തും ചെയ്തുതരുവാൻ ഞങ്ങളെ സമീപിക്കുക.

ലോയൽ സ്ററുഡിയോ

തൊടുപുഴ (T. C. State)

"മേരിവത്സരം"

(പുസ്തകരൂപത്തിൽ)

പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ

ഫുൾജെൻസ് കൊറോണ

എന്ന തിരുവെഴുത്തു്

(സത്യദീപത്തിൽ ഖണ്ഡശ്ശ പ്രസിദ്ധപ്പെടുത്തിയിരുന്നതു്)

വില 1ണ. ഒററപ്രതി ആവശ്യമുള്ളവർ 2ണ. സ്റ്റാമ്പയക്കുക.

മാനേജർ, മാർ ലൂയീസ് മെമ്മോറിയൽപ്രസ്,

എറണാകുളം 1

## ഇടവകവാർത്തകൾ

പാലാരിവട്ടം:—സ്ഥലത്തെ അപ്പോസ്തലവന്ദ്യ ജൂബിലി മെമ്മോറിയൽ കപ്പേളയിൽവച്ച് ഈ മരിയൻജൂബിലി വർഷത്തിലെ എല്ലാ മാസങ്ങളുടെയും ആദ്യഞായറാഴ്ചതോറും ഉച്ചകഴിഞ്ഞു 5 മണിക്ക് ഓരോ പ്രസംഗവും പ്രസംഗാനന്തരം ദിവ്യ കുർബാനയുടെ വാഴ്വും നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഉൽഘാടനപ്രസംഗം അഭിവന്ദ്യ ചങ്ങനാശേരിമെത്രാൻ തിരുമേനി ജനുവരി 16-ാംനു ശനിയാഴ്ച നിർവ്വഹിച്ചു. രണ്ടാമത്തെ പ്രസംഗം റവ. ഫാദർ കനീസിയൂസ് സി. ഡി. അവർകൾ ഫെബ്രുവരി 7-ാംനു നടത്തി. തുടർന്ന് എല്ലാ മാസാദ്യഞായറാഴ്ചകളിലും പ്രസംഗങ്ങൾ ഉണ്ടായിരിക്കും.

ജൂബിലിബന്ധവിമോചന ലബ്ധിക്കായി ധാരാളം വിശ്വാസികൾ പ്രസ്തുത കർമ്മങ്ങളിൽ പങ്കുകൊള്ളുകയുണ്ടായി. തുടർന്നുള്ള ദിവസങ്ങളിലും വിശ്വാസികൾ സംഘംചേർന്ന് തീർത്ഥാടനമായി വന്നു സംബന്ധിക്കുന്നതായിരിക്കും.

ആലപ്പുഴ:—സ്ഥലം മാർ സ്ലീബാ ഫൊ. പള്ളിയിൽ കപ്പേളിൻസമക്കാരായ ബ. ലിയോ അച്ചന്റെയും മററും പരിശ്രമഫലമായി ഏതാനും യുവാക്കന്മാരെ പരിശീലിപ്പിച്ച് "ദിവ്യകാരുണ്യസഖ്യത്തിന്റെ" ഒരു ശാഖ സ്ഥാപിച്ചിരിക്കുന്നു. 45 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. പ്രസിഡണ്ട്, സെക്രട്ടറി ഖജാൻജി എന്നിവരെയും 4 ആലോചനാംഗങ്ങളെയും തെരഞ്ഞെടുത്തു.

കിഴക്കമ്പലം:—ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന ബാലസമാജത്തിന്റെയും മരിയസഖ്യത്തിന്റെയും വാർഷികം ഫെബ്രു: 14-ാംതിയതി ഞായറാഴ്ച പള്ളിയുടെ പ്രധാനതിരുനാളിനോടനുബന്ധിച്ചു ഉച്ചകഴിഞ്ഞു 4 മണിക്ക് പള്ളിമൈതാനത്തുവച്ചു സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചിരിക്കുന്നു. തദവസരത്തിൽ ഫാ. ജോസഫ് കോട്ടൂർ മരിയഭക്തിയെയും ബാലസംഘടനകളേയും അധികരിച്ചു പ്രസംഗിച്ചു. മിശിഹായിന്റെ കുട്ടികളുടെ വിവിധകലാപ്രകടനങ്ങളും. അവസാനത്തിൽ "മതമർദ്ദനം" "തകർന്നഹൃദയം" എന്ന പ്രഹസനങ്ങളും ഉണ്ടായിരുന്നു.

### ചരമം

അത്തൂർ തത്തങ്കേരിയിൽ ആഗസ്തി അവർകളുടെ ഭാര്യ മറിയം പനിപെട്ട് ഫെബ്രു. 16-ാംനു അന്ത്യകൂദാശകൾ കൈക്കൊണ്ടശേഷം കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിപ്പാറാകണം. K. I. P.

## തിരുക്കൊച്ചിവാർത്തകൾ

### വോട്ടെണ്ണൽ

തിരുക്കൊച്ചിയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന തിരഞ്ഞെടുപ്പ് ഫെബ്രുവരി 26-ാംനു കൊണ്ടവസാനിക്കുമെങ്കിലും വോട്ടെണ്ണൽ മാ. 27-ാംനു മുതൽ തുടർച്ചയായി അതാതു നിയോജകമണ്ഡലങ്ങളിലെ റിട്ടേണിംഗ് ഓഫീസർമാർ നടത്തുന്നതാണ്. മാർച്ച് 2-ാംനു യോടുകൂടി എല്ലാ നിയോജകമണ്ഡലങ്ങളിലെയും തിരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്.

### തിരുക്കൊച്ചിക്ക് കേന്ദ്രത്തിൽനിന്നുള്ള സഹായം

തിരുക്കൊച്ചിയിൽ 1954-55 ലേക്കുള്ള ഭക്ഷ്യോല്പാദനപരിപാടികൾക്കായി രണ്ടുകോടിരൂപ കേന്ദ്രഗവൺമെന്റ് അനുവദിച്ചിരിക്കുന്നു. ചെറുകിട ജലസേചനപദ്ധതികൾക്കായി പ്രസ്തുതവർഷത്തിൽ 107 ലക്ഷം കയും മത്സ്യവ്യവസായവികസനത്തിനു 93 ലക്ഷം ക. യും അനുവദിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ ഓരോ ഡിസ്ട്രിക്ടിലും കുറഞ്ഞത് 25 ലക്ഷം കവീതമെങ്കിലും ഭക്ഷ്യോല്പാദനവികസനപദ്ധതികൾക്കായി വിനിയോഗിക്കുന്നതാണെന്നറിയുന്നു.

### പി. എസ്സ്. പി. യിൽ നിന്നു രാജി

എം. പി. മാരായ മെ. കെ. എ. ദാമോദരമേനോൻ, നെട്ടൂർ പി. ദാമോദരൻ എന്നിവർ പ്രജാസോഷ്യലിസ്റ്റു പാർട്ടിയിൽനിന്നും രാജിവച്ചിരിക്കുന്നു. പി. എസ്സ്. പി. യുടെ മലബാർ ഘടകവുമായുള്ള അഭിപ്രായവ്യത്യാസമാണത്രെ രാജിക്കു കാരണം.

## ഇൻഡ്യാ വാർത്തകൾ

### ബോംബെ ഗവർമ്മെണ്ടിന്റെ തെററായ ഉത്തരവ്

ആംഗ്ലോഇൻഡ്യരും ഏഷ്യക്കാരല്ലാത്തവരും ഒഴികെയുള്ളവർക്ക് ഇംഗ്ലീഷ്ഭാഷ അദ്ധ്യയനഭാഷയായി വിനിയോഗിക്കുന്ന സ്കൂളുകളിൽ പ്രവേശനമനുവദിക്കരുതെന്ന് ബോംബെ സംസ്ഥാനഗവമ്മെന്റു പുറപ്പെടുവിച്ച ഉത്തരവ് ന്യായരഹിതവും ഭരണഘടനാവിരുദ്ധവും, ഇൻഡ്യ കൂടി അംഗീകരിച്ചിട്ടുള്ള മനുഷ്യാവകാശപ്രഖ്യാപനത്തിനു യോജിക്കാത്തതുമാണെന്നു ബോംബെ ഹൈക്കോടതി വിധിപ്രസ്താവിച്ചിരിക്കുന്നു.

### പാർലമെൻറുയോഗം ആരംഭിച്ചു

കേന്ദ്രപാർലമെൻറിന്റെ ബഡ്ജററുസമ്മേളനം ഫെബ്രുവരി 15-ാംനു രാഷ്ട്രപതി ഡോക്ടർ രാജേന്ദ്രപ്രസാദ് ഉൽഘാടനം ചെയ്തിരിക്കുന്നു.


### ഉപരിസഭകൾ

അടുത്ത പൊതുതിരഞ്ഞെടുപ്പിനു (1956-ൽ) മുമ്പായി സംസ്ഥാനങ്ങളിലെ ഉപരിസഭകൾ നിർത്തലാക്കുന്ന കാര്യം തീരുമാനിക്കുന്നതാണെന്നു ആഭ്യന്തരമന്ത്രി ഡോക്ടർ കഡ്ജു പാർലമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു. ബോംബെ സംസ്ഥാനത്തിനു അവിടത്തെ ഉപരിസഭ ആവശ്യമില്ലെന്നു കഴിഞ്ഞയാഴ്ചയിൽ ബോംബെ നിയമസഭ തീരുമാനിക്കുകയുണ്ടായി.

## വിദേശവാർത്തകൾ

### പരിശുദ്ധ പിതാവ് ആരോഗ്യം പ്രാപിക്കുന്നു

പരിശുദ്ധ പിതാവ് 12-ാം പീയൂസ് മാർപ്പാപ്പായുടെ ആരോഗ്യത്തിനു ഗണ്യമായ കുറവുണ്ട്. ശരീരത്തിനു വളരെ ക്ഷീണമുള്ളതുകൊണ്ട് പൂർണ്ണമായ ആരോഗ്യം വീണ്ടെടുക്കുന്നതിനു ഏതാനും ആഴ്ചകളെങ്കിലും കഴിയേണ്ടിവരും. അതിപ്രധാനമായ കാര്യങ്ങളിൽ മാത്രമേ തിരുമേനി ഇപ്പോൾ ഏർപ്പെടുന്നുള്ളു.



# കണ്ണിയാമ്പറം ബ്രദേഴ്സ്

വിശ്വസ്തതയ്ക്കും മേന്മയ്ക്കും മികച്ച സ്ഥാപനം

വാച്ചുകമ്പനി

ബ്രോഡുവേ,

എറണാകുളം

തടികച്ചവടം

പോഞ്ഞിക്കര,

എറണാകുളം

### കൊറിയൻ കമ്മീഷൻ പിരിച്ചുവിട്ടു

ജനറൽ തിമ്മയ്യായുടെ അദ്ധ്യക്ഷതയിൽ ശാന്തിനഗറിൽ കൂടിയ കൊറിയൻ നിഷ്പക്ഷ രാഷ്ട്ര റിപ്പാട്രിയേഷൻ കമ്മീഷന്റെ സമാപനയോഗത്തിൽ കമ്മീഷൻ സ്വയം പിരിച്ചുവിടുന്നതിനു തീരുമാനിച്ചിരിക്കുന്നു. 1520 ആഫീസറന്മാരും ഉദ്യോഗസ്ഥന്മാരുമടങ്ങിയ ഇന്ത്യൻ കസ്റ്റോഡിയൻ സൈന്യത്തിലെ ആദ്യവിഭാഗം 21-ാംനു മദ്രാസിൽ തിരിച്ചെത്തിയിരിക്കുന്നു.

### ജനറൽ തിമ്മയ്യായുടെ കൃതജ്ഞത

ആറുമാസക്കാലമായി ഇന്ത്യൻസേന കൊറിയായിൽ നിർവ്വഹിച്ച ശ്രമാവഹമായ ജോലിയിൽ നിഷ്പക്ഷരാഷ്ട്ര റിപ്പാട്രിയേഷൻ കമ്മീഷന്റെ ചെയർമാൻ ജനറൽ തിമ്മയ്യ അവർക്കു അകമഴിഞ്ഞ കൃതജ്ഞത രേഖപ്പെടുത്തിയിരിക്കുന്നു. ഇതുവരെ ആരും ചെയ്തിട്ടില്ലാത്തതും ഇനി ആരെക്കൊണ്ടും ചെയ്യാൻ കഴിയാത്തതുമായ ഒരു ജോലിയാണു ഇന്ത്യൻസേന നിർവ്വഹിച്ചതെന്നു അദ്ദേഹം അനുസ്മരിച്ചു.

### ചതുശ്ശക്തിസമ്മേളനം പിരിഞ്ഞു

നാലാഴ്ചയോളമായി ബർളിനിൽ സമ്മേളിച്ചുകൊണ്ടിരുന്ന ചതുശ്ശക്തിവിദേശകാര്യമന്ത്രിമാരുടെ കോൺഫറൻസ് ഫെബ്രുവരി 18-ാംനു സമാപിച്ചിരിക്കുന്നു. ജർമ്മനിയുടെ ഏകീകരണം, ആസ്ട്രിയായുടെ സ്വാതന്ത്ര്യപുനഃസ്ഥാപനം എന്നീ വിഷയങ്ങളാണു സമ്മേളനത്തിൽ പ്രധാനമായി ചർച്ചചെയ്യപ്പെട്ടതു്. ഏതിലും പ്രസ്തുത വിഷയങ്ങളെ സംബന്ധിച്ച ഒരൊത്തുതീർപ്പിലെത്താൻ സാധിക്കാതെ സമ്മേളനം പിരിഞ്ഞിരിക്കുന്നു. കൊറിയൻപ്രശ്നം സംബന്ധിച്ച് ചൈനയെക്കൂടി ഉൾപ്പെടുത്തിയുള്ള ഒരു കോൺഫറൻസു ഏപ്രിൽ 26-ാംനു ജനീവായിൽ നടത്തുവാൻ സമ്മേളനത്തിൽ ഒരു തീരുമാനമുണ്ടായിട്ടുണ്ട്.

### ചർച്ചിൽ രാജിവയ്ക്കും

ബ്രിട്ടീഷ് പ്രധാനമന്ത്രി സർ വിൻസ്റ്റൻ ചർച്ചിൽ തന്റെ മന്ത്രിസ്ഥാനം രാജിവയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നുവെന്നും പകരം ബ്രിട്ടനിലെ ഇപ്പോഴത്തെ വിദേശകാര്യമന്ത്രിയും ഡെപ്യൂട്ടി ലീഡറുമായ മി. ആന്റണി ഈഡൻ പ്രധാനമന്ത്രിയായി നിയമിതനാകുന്നതാണെന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. കോമൺവെൽത്തു രാജ്യങ്ങളിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന എലിസബെത്തു രാജ്ഞി അടുത്തമാസം ഇംഗ്ലണ്ടിൽ തിരിച്ചെത്തിയാലുടനെ മി. ചർച്ചിൽ തന്റെ രാജി സമർപ്പിക്കുന്നതാണെന്നറിയുന്നു.

### കമ്മ്യൂണിസ്റ്റുകാരെ പുറത്താക്കും

കമ്മ്യൂണിസ്റ്റുകാരെയും വിപ്ലവകാരികളായ മററു രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരെയും ഗവർമ്മെന്റു സർവ്വീസുകളിൽനിന്നു പുറത്താക്കുന്നതാണെന്നു സിലോൺ പ്രധാനമന്ത്രി അവിടത്തെ കാബിനററുയോഗത്തിൽ പ്രഖ്യാപിച്ചിരിക്കുന്നു.

### ടിബററിൽ കമ്മ്യൂണിസ്റ്റുമർദ്ദനം

മെയിനാംഗവർമ്മെന്റിന്റെ ദുസ്സാമർത്ഥ്യം അനുകരണനയത്തെ എതിർത്ത 150 കിഴക്കൻ ടിബററുകാരെ ചൈനീസ് ഭടന്മാർ വെടിവച്ചുകൊന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ടിബററു ചൈനയുടെ അധീനത്തിലായതോടെ അവിടെ ഒരു കമ്മ്യൂണിസ്റ്റുവിരുദ്ധകക്ഷി രൂപംപ്രാപിച്ചിട്ടുണ്ട്. പ്രസ്തുത കക്ഷിക്കു പിന്തുണ നൽകിയെന്ന കാരണത്തിന്മേലായിരുന്നുവത്രെ ബുദ്ധസന്യാസിമാരെ ചൈനീസ് പോലീസ് അറസ്റ്റുചെയ്തിരിക്കുന്നതായുമറിയുന്നു.

### കമ്മ്യു: ചൈനയിലും "ശുദ്ധീകരണം"

മേലധികാരികളെ വകവയ്ക്കാതിരിക്കുകയും കുററപ്പെടുത്തുകയും എതിർക്കുകയും ചെയ്യുന്ന പാർട്ടി മെമ്പർമാരുടെമേൽ "ശുദ്ധീകരണ"നടപടികൾ നടത്തുവാൻ ചൈനീസ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കേന്ദ്രകമ്മിററി തീരുമാനിച്ചിരിക്കുന്നുവെന്ന് പെക്കിംഗ് റേഡിയോ വെളിപ്പെടുത്തിയിരിക്കുന്നു.

### റഷ്യൻ യുവാക്കന്മാർ ദൈവവിശ്വാസത്തിലേക്കു തിരിയുന്നു

മുപ്പത്താറു കൊല്ലത്തെ നിരന്തരമായ കമ്മ്യൂണിസ്റ്റുനിരീശ്വരപ്രചരണത്തിനുശേഷവും റഷ്യയിലെ ഇന്നത്തെ യുവാക്കന്മാർ ആശ്ചര്യകരമായ ധൈര്യത്തോടു നിശ്ചയദാർഢ്യത്തോടുംകൂടി ദൈവത്തെ ആരാധിച്ചുകൊണ്ടിരിക്കുന്നു. തികച്ചും മതവിരുദ്ധമായ സാഹചര്യങ്ങളിലാണ് അവർ ജനിച്ചുവളർന്നതു്. പക്ഷെ മതത്തെപ്പററി അവരിൽ ഉയർന്നുവരുന്ന ആവേശം നിയന്ത്രണാതീതമാണ്. കമ്മ്യൂണിസ്റ്റുനേതാക്കന്മാർക്ക് ഈ വഴിയ്ക്കു അസ്വസ്ഥതയ്ക്കു കാരണമായിരിക്കുന്നു. "ചിവിൽത്ത കത്തോലിക്ക" എന്ന ഒരിററാലിയൻ പത്രം ഇതേപ്പററി പല തെളിവുകളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. റഷ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പത്രമായ പ്രാവ്ദയിലെ ഒരു ലേഖനം കോംസമോൾ എന്ന സംഘടനയുടെ കോൺഗ്രസ്സിന്റെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നതിങ്ങനെയാണ്: "നമ്മുടെ യുവാക്കന്മാരും യുവതികളും മതത്തിന്റെ പ്രേരണകൾക്കു വിധേയരായിപ്പോകുന്നു." യുവാക്കന്മാർക്കുവേണ്ടി നടത്തപ്പെടുന്ന ഒരു പത്രം പറയുന്നു: "യുക്രേയിനിൽ പ്രത്യേകിച്ചും മതവിരുദ്ധമായ പ്രചരണങ്ങളുടെ ദൗർബല്യം പരിതാപകരമായിത്തീർന്നിരിക്കുകയാണ്." ഒരു യുവതി കന്യകാമഠത്തിൽ ചേരുന്നതിനു തീർച്ചപ്പെടുത്തി അതിനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നു എന്നു അവളുടെ പിതാവു കമ്മ്യൂണിസ്റ്റുകേന്ദ്രങ്ങളിൽ അറിയിച്ചിരിക്കുന്നതായും, മോസ്ക്കോ യൂണിവേഴ്സിററിയിലെ ചരിത്രവിഭാഗത്തിന്റെ ഡീനായ പ്രഫസർ സ്മിർണോവിനു രണ്ടു വിദ്യാർത്ഥിനികളെ കത്തോലിക്കാസഭയിൽ ചേർന്നതായും പ്രസ്തുത പത്രം റിപ്പോർട്ടുചെയ്തിട്ടുണ്ട്.

### റോമിലേക്കുള്ള തീർത്ഥാടനം

അഖിലലോക മര്യൻ സഖ്യ കോൺഗ്രസിൽ സംബന്ധിക്കുന്നതിനു ഒരു ഇന്ത്യൻ തീർത്ഥകസംഘം പോകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു തുടങ്ങിയിരിക്കുന്നു. സെപ്റ്റംബർമാസം 8-ാം തിയതിക്കും 12-ാം തിയതിക്കും ഇടയ്ക്കുള്ള ദിവസങ്ങളിലാണ് കോൺഗ്രസ് നടക്കുക. സെപ്റ്റംബർ 5-ാംതിയതി വിമാനമാർഗ്ഗം പോകുന്നതിനാണ് ഉദ്ദേശിക്കുന്നതു്. പിറേറദിവസം റോമയിലെത്തും. റോമിലും പരിസരങ്ങളിലുമുള്ള പ്രധാന സ്ഥലങ്ങൾ സൗകര്യംപോലെ സന്ദർശിക്കും. ജനീവ, നിക്ക്യാ, മാർസേൽസ്, മാഡ്രിഡ്, ലൂർദ്, പാരിസ്, ലണ്ടൻ, ബ്രസ്സൽസ്, ഫ്രാങ്കുഫർട്ട്, കൊളോൺ, ജനീവ ഫറോ, മിലാൻ, ഫ്ളോറൻസ് മുതലായ സ്ഥലങ്ങൾ 15-ാംതിയതിക്കു ശേഷം മോട്ടോർകോച്ചുവഴി പോയി സന്ദർശിക്കുകയും അവിടങ്ങളിൽ ഓരോ ദിവസം ചിലവഴിക്കുകയും ചെയ്യുന്നതാണ്. ആകപ്പാടെ ഈ സന്ദർശനങ്ങൾക്കു ഒരു മാസത്തിൽ അധികം സമയം വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നതു. ഉദ്ദേശം 3800 ക. ചിലവു വരുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഇന്ത്യയിലെ മരിയസഖ്യത്തിന്റെ ആക്ടിംഗ് നാഷനൽ പ്രൊമോട്ടർ റവ. ഫാദർ ആൽബർട്ട് മുത്തുമലൈ എസ്. ജെ. ആണ് ഏർപ്പാടുകൾ ചെയ്യുന്നതു്. കൂടുതൽ വിവരങ്ങൾ പുറകെ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. തീർത്ഥാടനത്തിൽ ചേരുവാനാഗ്രഹിക്കുന്നവർ താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതുകയും ചെയ്യേണ്ടതാണ്.

Rev. Fr Albert Z. Muthumalai S. J,
Acting National Promoter of Sodalists,
St. Xavier's High School
Carnac Road Bombay-1.

വാഴ്ത്തപ്പെട്ട പത്താംപീയൂസിന്റെ നാമകരണച്ചടങ്ങുകളിൽ സംബന്ധിക്കുവാനാഗ്രഹിക്കുന്നവർ അതു സംബന്ധിച്ച വിവരങ്ങൾക്കു താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതുക.

Messrs Jeena &; Co, Veer
Nariman Road, Bombay 1

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 | ERNAKULAM, FEBRUARY 24, 1954 | No. 26


# മതവും രാഷ്ട്രവും

മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെ അധികരിച്ച് എത്രമാത്രം ആശയക്കുഴപ്പങ്ങളും എത്രയെത്ര സംഘട്ടനങ്ങളുമാണ് ഇന്നുവരെ ലോകത്തിൽ സംഭവിച്ചിട്ടുള്ളതെന്നു പറയുക അസാദ്ധ്യമാണ്. ചരിത്രത്തിൽ ആദ്യന്തം ഇതിനു ധാരാളം തെളിവുകളുണ്ട്. ആധുനികലോകത്തിൽ രാഷ്ട്രസിദ്ധാന്തങ്ങൾ പരിതാപകരമായ വിധത്തിൽ വഴിപിഴച്ചുപോയിട്ടുള്ളതുകൊണ്ട് മതവും രാഷ്ട്രവും തമ്മിലുള്ള ഏററുമുട്ടലുകളും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. റഷ്യയുടേയും പൂർവ്വയൂറോപ്പിന്റെയും ചൈന മുതലായ ഏഷ്യൻ രാജ്യങ്ങളുടേയും അനുഭവം ഇതു തെളിയിക്കുന്നു. നമ്മുടെ ഭാരതത്തിലും ഈ തിരുകൊച്ചി സംസ്ഥാനത്തുപോലും ആസന്നമായ ഭാവിയിൽ അതിന്റെ ചില പ്രത്യാഘാതങ്ങൾ ഉണ്ടാവുകയില്ല എന്നു ആരറിഞ്ഞു. ഈ സംസ്ഥാനത്തു നടന്നുകൊണ്ടിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പു സംബന്ധിച്ചുള്ള പ്രചരണപരിപാടികളിൽ ഇതിന്റെ ചില നിഴൽപ്പാടുകൾ സൂക്ഷ്മദൃക്കുകൾക്കു കാണാൻ കഴിയുന്നതാണ്. മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെ സ്പർശിക്കുന്ന എത്രയെത്ര ചിന്താക്കുഴപ്പങ്ങളാണ് ഇടതുപക്ഷകക്ഷികൾ ഇതിനിടെ സൃഷ്ടിച്ചുകഴിഞ്ഞിട്ടുള്ളതു്. പൊതുജനങ്ങളെ അന്ധാളിപ്പിക്കുന്നതിനും സ്വാർത്ഥോദ്ദേശ്യങ്ങൾ സാധിക്കുന്നതിനുംവേണ്ടി മതത്തേയും മതാധികാരികളേയും താറടിച്ചുകാണിക്കുക എന്നതു് കമ്മ്യൂണിസ്റ്റുപാരമ്പര്യമുള്ള ഒരു പ്രധാന അടവാണ്. മതാധികാരികൾ അനർഹമായി രാഷ്ട്രീയത്തിൽ കൈകടത്തുന്നു എന്നു പ്രചരിപ്പിക്കുക; അതിനെ പ്രതിരോധിച്ച് രാഷ്ട്രീയസ്വാതന്ത്ര്യം നിലനിർത്തുന്നതിനെന്നുള്ള ഭാവത്തിൽ മതസ്ഥാപനങ്ങളെ കൈയേറുക, മതാധികാരികളെ അറസ്റ്റുചെയ്യുക, നേതാക്കന്മാരെ നാടുകടത്തുക, എല്ലാം എതിർപ്പുകളേയും നാമാവശേഷമാക്കുക ഇതാണ് കമ്മ്യൂണിസ്റ്റധീന രാജ്യങ്ങളിലോരോന്നിലും സംഭവിച്ചിട്ടുള്ളതും, ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നതും. ഈ നശീകരപ്രസ്ഥാനത്തിനു് ഏതെങ്കിലും വിധത്തിൽ നമ്മുടെ രാജ്യത്തിൽ പ്രവർത്തനസൗകര്യം ലഭിച്ചാൽ അവിടങ്ങളിൽ സംഭവിച്ചതുതന്നെ ഇവിടെയും സംഭവിക്കാതിരിക്കയില്ല. മതബോധത്തെ അത്യധികം വിലമതിക്കുന്ന നാമെല്ലാവരും ഈ വിപത്തിനെപ്പററി പ്രബുദ്ധരായിരിക്കേണ്ടതു ഇന്നത്തെ അത്യാവശ്യമാണ്.

## അവയുടെ പ്രവർത്തനരംഗങ്ങൾ

മനുഷ്യന്റെ സാമൂഹ്യജീവിതത്തിൽ പരമപ്രാധാന്യം അർഹിക്കുന്ന രണ്ടു സ്ഥാപനങ്ങളാണ്: മതവും രാഷ്ട്രവും. അവ തമ്മിൽ സ്വതവെ യാതൊരു വൈരുദ്ധ്യവുമില്ല. പരസ്പരധാരണയിൽ പ്രവർത്തിക്കയാണെങ്കിൽ അവ തമ്മിൽ യാതൊരു സംഘട്ടനത്തിനും അവകാശമില്ല. പക്ഷേ മതത്തേയും രാഷ്ട്രത്തേയും മനുഷ്യജീവിതത്തിൽ പരസ്പരം വായു കടക്കാത്തതോ വെള്ളം ചോരാത്തതോ ആയ രണ്ടറകളിൽ അടച്ചുനിർത്താൻ ശ്രമിച്ചാൽ അതു സാദ്ധ്യമാവുകയില്ല. അവ രണ്ടും മനുഷ്യന്റെ വ്യക്തിപരവും ഗാർഹികവും സാമൂഹ്യവുമായ ഒരേ രംഗങ്ങളിലാണ് പ്രവർത്തനം നടത്തുന്നതു്. അതുകൊണ്ടു് ആ രണ്ടു സ്ഥാപനങ്ങളും മനുഷ്യന്റെ ഐഹികവും പാരത്രികവുമായ സൗഭാഗ്യത്തെ ലക്ഷ്യമാക്കി സഹകരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

മതത്തിനും രാഷ്ട്രത്തിനും അതതിന്റെ ലക്ഷ്യവും ആദർശപരിപാടികളുമുണ്ട്. മനുഷ്യന്റെ ആദ്ധ്യാത്മികമൂല്യങ്ങളെ പരിരക്ഷിച്ച് അവന്റെ നിത്യസൗഭാഗ്യത്തെ സുരക്ഷിതമാക്കുക എന്നുള്ളതാണ് മതസ്ഥാപനത്തിന്റെ പരമലക്ഷ്യം. അതിനാവശ്യമായ ഉപാധികൾ സ്വീകരിക്കുന്നതിനും അവയെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുമുള്ള അവകാശാധികാരങ്ങൾ മതസ്ഥാപനത്തിനുണ്ടു്. രാഷ്ട്രം മനുഷ്യന്റെ സാമൂഹ്യമായ പ്രവണതകളെ പരിരക്ഷിക്കുന്നതിനും അവന്റെ ഭൗതികമായ സൗഭാഗ്യത്തെ സുഗമമാക്കുന്നതിനുംവേണ്ടി നിലകൊള്ളുന്നു. അതുകൊണ്ടു് ഈ ഉദ്ദേശ്യസാദ്ധ്യത്തിനാവശ്യമായ ഉപാധികളെ കൈകാര്യംചെയ്യുന്നതിനും മാർഗ്ഗങ്ങളെ അനുവർത്തിക്കുന്നതിനുമുള്ള അവകാശാധികാരങ്ങൾ രാഷ്ട്രത്തിനു സിദ്ധിച്ചിരിക്കുന്നു. മാനവസൗഭാഗ്യത്തിനു് നിദാനമായ ഈ ദ്വിമുഖ അവകാശാധികാരങ്ങളെ സമൃദ്ധമായി കൂട്ടിയിണക്കി മതവും രാഷ്ട്രവും തമ്മിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിലാണ് ഒരു ജനപദത്തിന്റെ വിജയം അടങ്ങിയിരിക്കുന്നതു്. അതിനാണ് ശരിയായ ഭരണം എന്നു പറയുന്നതു്.

## സംഘട്ടനങ്ങൾ

ഉദാത്തമായ ആദർശത്തിൽനിന്നു് വ്യതിചലിക്കുമ്പോൾ മതവും രാഷ്ട്രവും തമ്മിൽ സംഘട്ടനം ഉണ്ടാകുന്നു. മതമോ രാഷ്ട്രമോ, ഒന്നു മറെറാന്നിനെ അവഗണിക്കുകയോ, ഒന്നിന്റെ അവകാശതാല്പര്യങ്ങളെ മറെറാന്നു അന്യായമായി അപഹരിക്കുകയോ, രണ്ടിനും തുല്യാവകാശങ്ങളുള്ള പരിതസ്ഥിതികളിൽ മനുഷ്യന്റെ ഉത്തമതാല്പര്യങ്ങൾക്കു് പരിഗണന നൽകാതിരിക്കുകയോ ചെയ്യുമ്പോഴാണ് അവ തമ്മിൽ സംഘട്ടനത്തിനു് ഇടയാകുന്നതു്. സംഘട്ടനം ഒഴിവാക്കണമെങ്കിൽ മതാധികാരികളും രാഷ്ട്രനേതാക്കന്മാരും അവർ കൈകാര്യംചെയ്യുന്ന സ്ഥാപനങ്ങളുടെ സ്വഭാവത്തെയും അവയുടെ അവകാശാധികാരങ്ങളേയും സംബന്ധിച്ച് ശരിയായ അറിവുള്ളവരും അവയെ സമ്യക്കായി ഒത്തിണക്കിക്കൊണ്ടു പോകുന്നതിനു് വേണ്ട നയപാടവമുള്ളവരും ആയിരിക്കണം. അജ്ഞതയും സ്വാർത്ഥതയുമാണ് സാധാരണമായി കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതു്. ഒന്നാമതായി മതത്തിനു മാത്രം പ്രസക്തിയുള്ള രംഗങ്ങൾ സുനിശ്ചിതമാക്കുക. രണ്ടാമതായി രാഷ്ട്രത്തിനുമാത്രം പ്രവർത്തിക്കാനുള്ള രംഗങ്ങളും തിട്ടപ്പെടുത്തുക. മൂന്നാമതായി മതവും രാഷ്ട്രവും ഒന്നിച്ചു പ്രവർത്തിക്കേണ്ട രംഗങ്ങളിൽ അവ പരസ്പരം അനുവർത്തിക്കേണ്ട സഹകരണമനോഭാവവും സമാദരിക്കേണ്ട നിയമങ്ങളും ആസൂത്രണം ചെയ്യുക. ഇപ്രകാരം ഓരോന്നും അതതിന്റെ നിലപാടും തമ്മിൽതമ്മിൽ ആദരിക്കേണ്ട മേലുകീഴ്മനോഭാവവും ശരിയായി മനസ്സിരുത്തി പ്രവർത്തിച്ചാൽ സാമാന്യമായ എല്ലാ സംഘട്ടനങ്ങളേയും ഒഴിവാക്കാൻ സാധിക്കും.

ഒരു രാഷ്ട്രം അതിലെ പൗരന്മാരുടെ സുസ്ഥിതിക്കുവേണ്ടി പുരോഗമനപരമായ ചില പദ്ധതികൾ സമാരംഭിക്കുന്നു. ഒരു ജലസേചനപദ്ധതിയോ, നഗരനിർമ്മാണപദ്ധതിയോ, വൈദ്യുതീകരണപദ്ധതിയോ എന്തുമായിക്കൊള്ളട്ടെ. സാധാരണഗതിയിൽ മതസ്ഥാപനങ്ങൾക്കു ഇക്കാര്യത്തിൽ ഇടപെടേണ്ട യാതൊരാവശ്യവുമില്ല. അപ്രകാരം തന്നെ മതസ്ഥാപനം അതിന്റെ അംഗങ്ങളുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കായി ചില പരിപാടികൾ സമാരംഭിക്കുന്നു. ഉദാഹരണം, ഒരു മതപ്രസംഗപരമ്പര നടത്തുന്നു, പരിഹാരപ്രദക്ഷിണം നടത്തുന്നു, തിരുനാളുകൾ ആഘോഷിക്കുന്നു. ഇവയിൽ ഇടപെടേണ്ട യാതൊരാവശ്യവും ഒരു രാഷ്ട്രത്തിനു് അതിന്റെ സാധാരണഗതിയിൽ ഉണ്ടാകുന്നില്ല. എന്നാൽ മതത്തിനും രാഷ്ട്രത്തിനും സമ്മിശ്രമായ താല്പര്യങ്ങളുള്ള ചില രംഗങ്ങളുണ്ടു്. ഉദാഹരണം, വിദ്യാഭ്യാസം, കുടുംബസംവിധാനം മുതലായവ. ഇദൃശ പ്രശ്നങ്ങളിൽ മതവും രാഷ്ട്രവും പരസ്പരപരിഗണനയോടുകൂടി ഏർപ്പെടുന്നില്ലെങ്കിൽ സംഘട്ടനമായിരിക്കും ഫലം. ഓരോന്നും അതതിന്റെ അവകാശതാല്പര്യങ്ങളിൽമാത്രം കടുംപിടുത്തം പിടിക്കാതെ പരസ്പരം യോജിച്ചും സഹിഷ്ണുതയോടുകൂടിയും പ്രവർത്തിക്കാൻ തയാറാകണം. ആദർശങ്ങളെ ബലികഴിക്കുക എന്ന പ്രശ്നം ഇവിടെ ഉദിക്കുന്നില്ല, എന്തുകൊണ്ടെന്നാൽ ആദർശങ്ങളിൽ വൈരുദ്ധ്യമില്ല എന്നു നാം മുമ്പു കണ്ടുകഴിഞ്ഞു.

മൂടുപിടിച്ച പല പ്രശ്നങ്ങളേയും ഗൗരവതരമായ സംഘട്ടനങ്ങളേയും നമ്മുടെ ഇടയിൽ ഇതിനകം ധാരാളം സംജാതമാക്കിയിട്ടുള്ള വിദ്യാഭ്യാസരംഗത്തെ പരിശോധിക്കാം. ഒരു രാജ്യത്തിലെ പൗരന്മാർക്ക് അഭിലഷണീയവും പൊതുവെ സുസാദ്ധ്യവുമായ ഒരു വിദ്യാഭ്യാസമാനദണ്ഡം നിശ്ചയിക്കുന്നതിനും ആ നിശ്ചയത്തെ നിർബന്ധമായി പ്രാവർത്തികമാക്കുന്നതിനും രാഷ്ട്രത്തിനധികാരവും അവകാശവുമുണ്ട്. രാഷ്ട്രത്തിന്റെ ഈ നിയമം പാലിക്കേണ്ടതു് പൗരന്മാരുടെ കർത്തവ്യമാണ്. മതസ്ഥാപനത്തിനു് അതിൽ ഇടപെടേണ്ട ആവശ്യമില്ല. പക്ഷേ ഗവർമ്മെന്റു് നിയമമനുസരിച്ചുള്ള പ്രസ്തുത വിദ്യാഭ്യാസനിലവാരം നിലനിർത്തുന്നതിനുള്ള മാർഗ്ഗങ്ങളെ അവലംബിക്കുന്നതോടൊപ്പം കുട്ടികളുടെ സ്വഭാവസംസ്കരണവും മതപഠനവും സുരക്ഷിതമാക്കേണ്ടതു് പൗരന്മാരുടെ മതപരമായ ഒരു കർത്തവ്യമാണ്. അതു മാതാപിതാക്കന്മാരുടെ അധികാരാവകാശങ്ങളിൽ പെട്ടതും രാഷ്ട്രത്തിനു് നിയന്ത്രിക്കാൻ പാടില്ലാത്തതുമാണ്. അതുകൊണ്ടു് കുട്ടിയെ ഇന്ന സ്കൂളിൽ വിട്ടുകൊള്ളണമെന്നോ, ഇന്നയിന്ന അദ്ധ്യാപകന്മാർ പഠിപ്പിച്ചുകൊള്ളണമെന്നോ, ഇന്നയിന്ന വിഷയങ്ങൾമാത്രമേ പഠിപ്പിക്കാവൂ എന്നോ നിർബന്ധിക്കുവാൻ രാഷ്ട്രത്തിനു് പാടില്ലാത്തതാകുന്നു. അങ്ങനെ ചെയ്യുകയാണെങ്കിൽ അവരുടെ മതപരമായ അവകാശാധികാരങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി മതസ്ഥാപനം അതിലിടപെടുകയും അവസാനംവരെ പൊരുതുകയും ചെയ്യും. അതുകൊണ്ടാണ് വിദ്യാഭ്യാസവിഷയത്തിൽ സ്വേച്ഛാധിപത്യം സ്ഥാപിക്കുന്നതിനും മതപഠനത്തേയും മാതാപിതാക്കന്മാരുടെ സ്വാഭാവികമായ അവകാശതാല്പര്യങ്ങളേയും നിരോധിക്കുന്നതിനുമുള്ള ഗവർമ്മെൻറുകളുടെ കൈകടത്തലുകളെ മതാധികാരികൾ വീറോടെ എതിർത്തുകൊണ്ടിരിക്കുന്നതു്.

## കുടുംബത്തിന്റെ സ്ഥാനം


മനുഷ്യന്റെ മതപരവും രാഷ്ട്രീയവുമായ സാമൂഹ്യവേകാങ്ങൾ ഭൂരിപക്ഷവും പ്രതിഫലിക്കുന്നതു് അവന്റെ കുടുംബകേന്ദ്രത്തിലാണ്. വ്യക്തികളായ മനുഷ്യർ ഒന്നിച്ചുചേരുന്ന ഏററം പാവനമായ ആദ്യസമൂഹം കുടുംബമാണല്ലോ. കുടുംബമാണ് മററു സാമൂഹ്യസംഘടനകളുടെയെല്ലാം അസ്ഥിവാരം. അതുകൊണ്ടു കുടുംബത്തിന്റെ അവകാശതാല്പര്യങ്ങൾക്കു് വലിയ പ്രാധാന്യവും മുൻഗണനയ്ക്കുള്ള അർഹതയുമുണ്ടു്. ഒരു വ്യക്തിക്കു തന്റെ സ്വന്തമായ അവകാശങ്ങളെ സ്വമനസ്സാ എളുപ്പത്തിൽ ഉപേക്ഷിക്കാവുന്നതാണ്. എന്നാൽ ഒരു കുടുംബത്തിന്റെ അവകാശതാല്പര്യങ്ങളെ അവഗണിക്കണമെങ്കിൽ അതോടു ബന്ധപ്പെട്ടിരിക്കുന്ന കുടുംബാംഗങ്ങളായ വ്യക്തികളുടേയും പൊതുവായി സമുദായത്തിന്റെയും താല്പര്യങ്ങളിൽ അതെങ്ങിനെ പ്രതിഫലിക്കുമെന്നു ശരിയായി വിചിന്തനംചെയ്യേണ്ടതാവശ്യമാണ്. അതുകൊണ്ടു മതമാകട്ടെ രാഷ്ട്രമാകട്ടെ അവയുടെ പ്രവർത്തനങ്ങളിൽ പ്രധാനമായി ലക്ഷ്യമാക്കേണ്ടതു

# മംഗളാശംസകൾ




സഹായമെത്രാൻ
റൈററ് റവ. മാർ
സക്കറിയാസ് പോളച്ചിറയ്ക്കൽ
തിരുമേനി

തിരുവല്ലാരൂപതയുടെ ആർച്ചുബിഷപ്പ്-ബിഷപ്പു മാർ സെവേരിയോസ് തിരുമനസ്സിലെ സഹായമെത്രാനായി തിരുവല്ലായിൽ തിരുമൂലപുരത്തു പോളച്ചിറയ്ക്കൽ പെ. ബ. സക്കറിയാസച്ചനെ പരിശുദ്ധപിതാവ് നാമനിർദ്ദേശം ചെയ്തിരിക്കുന്നു. തിരുമേനി ഫിനിഷ്യായിലുള്ള സാറെപ്ടാ എന്ന സ്ഥലത്തിന്റെ സ്ഥാനികമെത്രാനായിട്ടാണ് അഭിഷേകം ചെയ്യപ്പെടുക.



ആർച്ചുബിഷപ്പ്
മോസ്റ്റ് റവ. മാർ
സെവേരിയോസ്
തിരുമനസ്സുകൊണ്ട്

തിരുവല്ലാ ബിഷപ്പു മാർ സെവേരിയോസ് തിരുമേനിയെ പരിശുദ്ധപിതാവു പന്ത്രണ്ടാംപിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ആർച്ചുബിഷപ്പ് സ്ഥാനത്തേക്കു ഉയർത്തിയിരിക്കുന്നു. തിരുമേനി മേലിൽ തിരുവല്ലായുടെ ആർച്ചുബിഷപ്പ്-ബിഷപ്പ് എന്നറിയപ്പെടും



അഡ്മിനിസ്ട്രേറർ
അപ്പസ്തോലിക്ക് റൈററ് റവ.
സെബാസ്റ്റ്യൻ വള്ളോപ്പിള്ളി
തിരുമേനി

മലബാറിൽ കുടിയേറി താമസിച്ചിട്ടുള്ള സുറിയാനിക്കാരുടെ ഭരണത്തിനായി തലശ്ശേരി കേന്ദ്രമാക്കി ഒരു പുതിയ രൂപത സ്ഥാപിക്കുകയും റൈററ് റവ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയെ അവിടത്തെ അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്കായായി നിയമിക്കുകയും ചെയ്ത വിവരം ഈ പംക്തികളിൽ യഥാവസരം പ്രസ്താവിച്ചിരുന്നു.

**തിരുമേനിമാരുടെ സ്ഥാനലബ്ധിയിൽ സത്യദീപം ആനന്ദിക്കുകയും വന്ദ്യതിരുമേനിമാർക്കു സർവ്വമംഗളങ്ങളും പ്രശ്രയപൂർവ്വം ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.**

കുടുംബങ്ങളുടെ ഐക്യവും അവയുടെ അവകാശാധികാരങ്ങളുടെ സംരക്ഷണവുമായിരിക്കണം. ഇന്നത്തെ സ്വേച്ഛാധിപത്യരാഷ്ട്രങ്ങൾ പ്രത്യേകിച്ചും ഈ കർത്തവ്യത്തെ തീരെ അവഗണിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടു കുടുംബങ്ങളുടെ ഐക്യത്തെ സംരക്ഷിക്കുന്നതിനുവേണ്ടി നിലകൊള്ളുന്ന കത്തോലിക്കാസഭ മിക്കരാജ്യങ്ങളിലും സ്വേച്ഛാപ്രമത്തമായ രാഷ്ട്രത്തിന്റെ കൈയേററങ്ങളെ ചെറുക്കുകയും രാഷ്ട്രങ്ങളുമായി ഏററുമുട്ടുകയും ചെയ്യുന്നു.

## തിരഞ്ഞെടുപ്പിലെ ഇടപെടൽ

ഇനിയും അവസാനിച്ചിട്ടില്ലാത്ത തിരു-കൊച്ചി തിരഞ്ഞെടുപ്പിലും മതവും രാഷ്ട്രവും തമ്മിലുള്ള ഏററുമുട്ടലിന്റെ ഒരു വിദൂരഛായ നിഴലിക്കാതിരുന്നിട്ടില്ല എന്നു മുകളിൽ സൂചിപ്പിച്ചുവല്ലോ. അതു ഗവൺമെണ്ടും മതസ്ഥാപനവും തമ്മിലല്ല; ചില രാഷ്ട്രീയ പാർട്ടികളും മതാധികാരികളും തമ്മിലാണ്. "വോട്ടുചെയ്യുന്ന കാര്യത്തിൽ ബിഷപ്പന്മാർക്കും വൈദികർക്കും ഇടപെട്ടിട്ട് എന്തു കാര്യം? അതു ജനങ്ങളുടെ കാര്യമല്ലേ? ഇതു വൈദികരുടെ രാഷ്ട്രീയത്തിലുള്ള കൈകടത്തലല്ലേ?" ഇങ്ങനെ പോകുന്നു ചോദ്യപരമ്പരകൾ. സാധാരണക്കാർ ഈ വിമർശനബഹളത്തിൽപ്പെട്ടു ഇതികർത്തവ്യതാമൂഢരായിപ്പോകുന്നുണ്ട്. അതാണവരുടെ ഉദ്ദേശ്യവും. എന്നാൽ രാഷ്ട്രീയമായും മതപരമായും സാമാന്യം അറിവുള്ളവരെന്നു വിശ്വസിക്കപ്പെടേണ്ട ചില നേതാക്കന്മാർ പോലും ഈ കമ്മ്യൂണിസ്റ്റുടവിനു താളംപിടിക്കുന്നതുകാണുമ്പോൾ അവരുടെ അധഃപ്പതനത്തെപ്പററി പരിതപിക്കാതെ നിവൃത്തിയില്ല. അവർക്കു മററു പല ന്യായങ്ങളും പറയാനുണ്ടായേക്കാം. പലേ ആക്ഷേപങ്ങളും പരാതികളും നിവേദിപ്പിക്കാനും കണ്ടേക്കാം. പക്ഷേ ആദർശങ്ങളും അവകാശങ്ങളും പരിരക്ഷിക്കപ്പെടേണ്ടിവരുമ്പോൾ വസ്തുതകളെ താരതമ്യംചെയ്തു പ്രാധാന്യമർഹിക്കുന്ന താല്പര്യങ്ങൾക്കു മുൻഗണന നൽകുന്നതിനുള്ള സന്മനോഭാവവും ത്യാഗസന്നദ്ധതയും പൊതുപ്രവർത്തകന്മാർക്കു അനിവാര്യമാണെന്നു പ്രത്യേകം അനുസ്മരിക്കണം.

തിരഞ്ഞെടുപ്പുകാര്യം ഏതെല്ലാംതരത്തിൽ മതത്തേയും രാഷ്ട്രത്തേയും ബാധിക്കുന്നു എന്നും ഏതെല്ലാം താല്പര്യങ്ങളെ അതു സ്പർശിക്കുന്നു എന്നും സുവിദിതമാണല്ലോ. അതു മതത്തേയും രാഷ്ട്രത്തേയും ബലമായി സ്പർശിക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് രാജ്യത്തിന്റെ ഭരണകൂടം കരുപ്പിടിക്കുന്നതിനുള്ള പൊതുതിരഞ്ഞെടുപ്പിൽ മതസ്ഥാപനം മൗനമായിരുന്ന് മതവിരുദ്ധമായ ഏതു പ്രതിലോമശക്തികളും മുന്നേറിക്കൊള്ളട്ടെ എന്നുവയ്ക്കുവാൻ പാടുള്ളതാണോ? മതാധികാരികളോ വൈദികരോ നിയമാനുസൃതമായ വിധത്തിൽ അവരുടെ കർത്തവ്യം നിറവേററുന്നതു തെററാണോ? യഥാർത്ഥത്തിൽ ഇതു വ്യക്തമായിക്കഴിഞ്ഞിട്ടുള്ള ഒരു പ്രശ്നമാണ്. പോരെങ്കിൽ, കഴിഞ്ഞ തവണത്തെ പാർലമെൻറുതിരഞ്ഞെടുപ്പിനുശേഷം ഈ പ്രശ്നത്തെപ്പററി പ്രമാദമായ ഒരു കേസ്സുനടന്നു. അതിന്റെ സുദീർഘമായ വിധിയിൽ വിവാദവിഷയത്തെ വിശദമായി പ്രതിപാദിക്കുകയും പ്രശസ്തങ്ങളായ പലേ നിയമവിദഗ്ദ്ധന്മാരുടെയും അഭിപ്രായങ്ങൾ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങളുടെ അറിവിലേക്കായി അതു ഞങ്ങൾ യഥാവസരം ഈ പംക്തികളിൽ ചേർത്തിരുന്നു. കൂടാതെ ഇൻഡ്യൻ നാഷനൽ കോൺഗ്രസിന്റെ പ്രസിഡണ്ട് പണ്ഡിററ് ജവഹർലാൽ നെഹ്രു ഈയിടെ നമ്മുടെ സംസ്ഥാനത്തു വന്നപ്പോൾ ഇടതുപക്ഷനേതാക്കന്മാർ ഇതേപ്പററി ഒരു പരാതിയും പേറിക്കൊണ്ടു അദ്ദേഹത്തെ സമീപിച്ചു. വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങൾക്കെതിരായി ആരെക്കുററം പറയാൻ സാധിക്കും? ബിഷപ്പും ഒരു ഇൻഡ്യൻ പൗരനാണ്. അദ്ദേഹത്തിന്റെ പൗരാവകാശത്തെ ചോദ്യംചെയ്യാൻ ആർക്കും അവകാശമില്ലെന്നദ്ദേഹം തുറന്നുപറഞ്ഞു. ദൈവവിശ്വാസമില്ലെങ്കിലും തികച്ചും ഒരു മതത്തിന്റെ ചട്ടക്കൂട്ടുകളെല്ലാമുള്ള കമ്മ്യൂണിസത്തിന്റെ അനുയായികൾക്ക് അവരുടെ നിഷിദ്ധങ്ങളായ ആദർശങ്ങൾ പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിൽ എന്തുകൊണ്ടു ഒരു ബിഷപ്പിനു് അദ്ദേഹം പ്രാതിനിധ്യം വഹിക്കുന്ന മതത്തിന്റെ ആദർശം പ്രചരിപ്പിച്ചുകൂടാ എന്നു പണ്ഡിററ്ജി ചോദിച്ച ചോദ്യം അവരെ ദയനീയമായി നിരാശരാക്കിയിരിക്കണം.

മതത്തിന്റെയും രാഷ്ട്രത്തിന്റെയും യഥാർത്ഥസ്വഭാവത്തെയും ന്യായമായ അധികാരാവകാശങ്ങളെയും ശരിയായി മനസ്സിലാക്കിയാൽ ഈ വിധത്തിലുള്ള ആശയക്കുഴപ്പങ്ങളും സംഘട്ടനങ്ങളും എളുപ്പത്തിൽ ഒഴിവാക്കാൻ സാധിക്കും. തിരഞ്ഞെടുപ്പ് ഒരു രാഷ്ട്രീയകാര്യമാണ്. എന്നാൽ മതത്തിന്റെ അവകാശതാല്പര്യങ്ങളെ സുരക്ഷിതമാക്കുന്ന വിഷയത്തിൽ മതസ്ഥാപനത്തിനു അതിൽ വളരെ പ്രസക്തിയുണ്ട്. അതിൽനിന്നുടലെടുക്കുന്ന ഭരണകൂടം മതത്തെ ബഹുമാനിക്കുന്നതും മതാവകാശങ്ങളെ സംരക്ഷിക്കുന്നതുമായിരിക്കണം. അതിനായി വോട്ടർമാരായ പൗരന്മാരെ അവരുടെ ധർമ്മകർത്തവ്യങ്ങളെപ്പററി ഉൽബോധിപ്പിക്കുന്നതിനും മതവിരുദ്ധമായ പ്രതിപക്ഷത്തിന്റെ പ്രലോഭനങ്ങൾക്കു വഴിപ്പെട്ടു പൗരധർമ്മത്തിൽ പരാജയപ്പെടാതിരിക്കത്തക്കവണ്ണം അവർക്കു മുന്നറിവുകൊടുക്കുന്നതിനും മതാധികാരികൾക്കു കടമയുണ്ട്. അതു ചെയ്യുന്നതിൽ ആരും പരിഭവിച്ചിട്ടോ, പുലഭ്യംപറഞ്ഞിട്ടോ, പരാതിപ്പെട്ടിട്ടോ ഫലമില്ല. ഇന്നു നാം സ്വാതന്ത്ര്യഭാരതത്തിന്റെ പൗരന്മാരാണ്. നമ്മുടെ വ്യക്തിഗതവും സാമൂഹ്യവും രാഷ്ട്രീയവുമായ എല്ലാ മൗലികാവകാശങ്ങൾക്കും ഉറപ്പുനൽകുന്ന ഒരു ഭരണഘടനയുടെ കീഴിലാണ് നാം ജീവിക്കുന്നതു്. മനുഷ്യരുടെ വ്യക്തിസ്വാതന്ത്ര്യത്തെ ചവുട്ടിമെതിക്കുന്ന സ്വേച്ഛാധിപത്യരാജ്യങ്ങളിൽ പ്രയോഗിക്കപ്പെടുന്ന അടവുകൾ ഇവിടെ ഫലപ്പെടുത്താമെന്നു ആരുതന്നെ വ്യാമോഹിച്ചാലും അതു വിലപ്പോവുകയില്ല.

## പാർട്ടിപൊളിട്ടിക്സില്ല

മുന്നൊരവസരത്തിൽ ഞങ്ങൾ ചുരുക്കത്തിൽ വിശദമാക്കിയിരുന്നതുപോലെ കത്തോലിക്കാസഭയ്ക്കു പാർട്ടിപൊളിട്ടിക്സില്ല. രാഷ്ട്രീയത്തിൽ കത്തോലിക്കാസഭ വളരെ വിവേകത്തോടും, നിഷ്പക്ഷതയോടും, സഹിഷ്ണുതയോടുംകൂടിയാണ് വർത്തിക്കുന്നതു്. ഏതു ഭരണരീതിയായാലും സഭയ്ക്കു പ്രത്യേക താല്പര്യമൊന്നുമില്ല. രാജഭരണമാകട്ടെ, പ്രജായത്തമാകട്ടെ, സ്വേച്ഛാധിപത്യമാകട്ടെ ഏതായാലും വേണ്ടതില്ല. നീതിപൂർവ്വകമായ ഭരണം നടക്കണം. അതിനുവേണ്ടി ഏതു ത്യാഗങ്ങൾ അനുഷ്ഠിക്കുന്നതിനും സഹകരണങ്ങൾ ചെയ്യുന്നതിനും സഭ ഒരുക്കമാണ്. രാജ്യത്തിൽ ഏതു ഭരണരീതി മാറിവന്നാലും ന്യായമായ സഹകരണം സഭ അതിനോടു പ്രദർശിപ്പിക്കുന്നതാണ്.

ഒരു ഭരണകൂടത്തിൽ വിവിധ പാർട്ടികളുണ്ടായിരിക്കുകയും അവയെല്ലാം പൗരന്മാരുടെ ആദ്ധ്യാത്മികവും മതപരവുമായ അവകാശതാല്പര്യങ്ങളിൽ കൈകടത്താതിരിക്കുകയും ചെയ്യുകയാണെങ്കിൽ ആ പാർട്ടികളെ സംബന്ധിച്ചു സഭ ഔദ്യോഗികമായി പൂർണ്ണനിഷ്പക്ഷത പാലിക്കുന്നതാണ്. അവയ്ക്കു രാഷ്ട്രീയമായ കാര്യങ്ങളിൽ ഉള്ള അഭിപ്രായഭിന്നതകളോ താല്പര്യവൈവിധ്യങ്ങളോ സഭയുടെ പ്രവർത്തനമണ്ഡലത്തിൽപ്പെടുന്നില്ല. ഇതാണ് സഭ പാർട്ടിപൊളിട്ടിക്സിൽ ഇടപെടുകയില്ല എന്നതിന്റെ അർത്ഥം. നേരെമറിച്ചു പാർട്ടികൾ മതവിരുദ്ധമായ ആദർശങ്ങളുള്ളവയോ, നിഷിദ്ധങ്ങളോ ആയിരുന്നാൽ അവയെ എതിർക്കേണ്ടതു സഭയുടെ കർത്തവ്യമാകുന്നു. അതുപോലെതന്നെ സ്വീകാര്യങ്ങളും നിഷിദ്ധങ്ങളുമായ പല പാർട്ടികൾ മത്സരിക്കുമ്പോൾ അവയുടെ യഥാർത്ഥസ്വഭാവത്തെ ജനതയ്ക്കു വിശദീകരിച്ചുകൊടുക്കേണ്ടതും ആദർശനിഷ്ഠമായ പാർട്ടികളുടെ വിജയത്തിനു സഹായിക്കേണ്ടതും സഭയുടെ കർത്തവ്യപരിധിയിൽപ്പെടുന്നതാണ്. ഇതാണ് പാർട്ടിപൊളിട്ടിക്സിൽ ദീക്ഷിക്കപ്പെടുന്ന തത്വങ്ങൾ.

## പ്രസാധകക്കുറിപ്പുകൾ

### ദേവമാതാവിന്റെ സഹായം തേടുക, തിരുസഭയുടെ പീഡാസഹനത്തിൽ

തിരുസഭ ഇന്നു പല രാജ്യങ്ങളിലും, കമ്മ്യൂണിസ്റ്റ് ഗവർമെൻറുകളുടെ ഭരണത്തിൽ പ്രത്യേകിച്ചും, ഭയങ്കരങ്ങളായ പീഡകൾ സഹിച്ചുകൊണ്ടിരിക്കുന്നു. എന്നുവരികിലും കത്തോലിക്കരായ നമുക്ക് നിരാശപ്പെടാനോ ധൈര്യം വെടിയുവാനോ യാതൊരു ന്യായവുമില്ല. നേരെമറിച്ച് "നിങ്ങൾ ഭയപ്പെടേണ്ട, ഞാൻ ലോകത്തെ പിടിച്ചടക്കിയിരിക്കുന്നു" എന്നുള്ള നമ്മുടെ ദിവ്യരക്ഷകന്റെ തിരുമൊഴികളിൽ ശരണം വച്ചുകൊണ്ട് നാം ധൈര്യമായി നമ്മുടെ അനുദിനകർത്തവ്യങ്ങൾ നിർവ്വഹിക്കുകയാണുവേണ്ടതു്. നമ്മുടെ പരി: പിതാവ് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഈ ഉദ്ബോധനം നമുക്ക് ഇടവിടാതെ നൽകിക്കൊണ്ടിരിക്കുകയാണ്. എന്നാൽ നമുക്ക് ധൈര്യം ലഭിക്കുവാനുള്ള ഒരു പ്രത്യേകമാർഗ്ഗം അവിടുന്ന് ചൂണ്ടിക്കാണിച്ചുതരുന്നുണ്ട്. ദൈവത്തിന്റെയും നമ്മുടേയും അമ്മയായ പരി: കന്യകമറിയത്തിന്റെ സഹായം തേടുക എന്നതാണതു്. ഈ മാർഗ്ഗം കൂടുതൽ വിശ്വാസത്തോടും സ്നേഹത്തോടുംകൂടി നാം ഉപയോഗിക്കുന്നതിനുവേണ്ടി പരി: പിതാവ് ഈകൊല്ലം മരിയൻവർഷമായി പ്രഖ്യാപനം ചെയ്തിരിക്കുന്നു. ഈ വിഷയത്തെ വിശദീകരിച്ചുകൊണ്ട് മദ്രാസ്-മൈലാപ്പൂർ മെത്രാപ്പോലീത്താ ഡോക്ടർ മത്തിയാസ് ഒരു ഇടയലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതിൽ തിരുമേനി പ്രസ്താവിച്ചിരിക്കുന്നതു് ഇങ്ങനെയാണ്:

"നമ്മുടെ ഈക്കാലത്തു്, ദൈവത്തിന്റെയും തിരുസഭയുടെയും ശത്രുക്കൾ കടുത്ത കൈപ്പോടും വിദ്വേഷത്തോടും തങ്ങളുടെ പഴയ അബദ്ധോപദേശങ്ങളും വഞ്ചനനിറഞ്ഞ ആക്രമണങ്ങളും പുതുക്കിക്കൊണ്ടിരിക്കുന്നു; നാമെല്ലാം വിശുദ്ധ ജപമാലയുടെ കൊടിക്കീഴിൽ ഒന്നിച്ചുകൂടി ഒരു പ്രാർത്ഥനാസമരം നടത്തേണ്ടിയിരിക്കുന്നു; ക്രിസ്ത്യാനികളുടെ സഹായമായ മാതാവിന്റെ മാദ്ധ്യസ്ഥതാൽ ദൈവത്തിന്റെയും തിരുസഭയുടേയും മാർപ്പാപ്പായുടേയും ശത്രുക്കളുടെമേൽ വിജയവും നമ്മുടെ വിശുദ്ധ മതത്തിന്റെ മഹത്വവും ഈ പ്രാർത്ഥനവഴിയായി നമുക്കു സമ്പാദിക്കാം."

### കഴിഞ്ഞ നൂററാണ്ടിലെ പീഡകൾ ഇപ്പോഴത്തേതിലും വലുതയായിരുന്നു

ഇന്നു ജീവിക്കുന്ന നാം വിചാരിച്ചേക്കാം, ഇപ്പോഴത്തെപ്പോലെ അത്ര ഭയങ്കരമായ പീഡകൾ തിരുസഭ ഒരു കാലത്തും അനുഭവിച്ചിട്ടില്ലെന്നു്. ആ ധാരണ ശരിയല്ലെന്നും, കഴിഞ്ഞ നൂററാണ്ടിൽ കത്തോലിക്കർ അനുഭവിച്ചിട്ടുള്ള പീഡകൾ ഇന്നത്തെക്കാൾ ഒട്ടും കുറവായിരുന്നില്ലെന്നും മെത്രാപ്പോലീത്താ തിരുമേനി നമ്മെ അനുസ്മരിപ്പിക്കുന്നു. വാസ്തവത്തിൽ അന്നാന്നു് സാത്താൻ അവന്റെ പൈശാചികസഹകാരികളെ കുത്തിയിളക്കി തിരുസഭയെ നശിപ്പിക്കുവാൻ കഴിവതെല്ലാം ചെയ്തു. മാർപ്പാപ്പായുടെ ഭരണത്തിൻകീഴിലിരുന്ന പ്രദേശങ്ങളെല്ലാം പിടിച്ചെടുത്തു. ഒൻപതാം പീയൂസ് മാർപ്പാപ്പാ റോമിൽനിന്നും പോയി വിദേശവാസം അനുഭവിക്കേണ്ടിവന്നു. ഗരിബാൾഡിയുടെ പട്ടാളം റോമാപട്ടണം പിടിച്ചടക്കി. റോമാസഭ തകർന്നുപോയെന്നു് അവിശ്വാസിയായ മസ്സീനി പ്രഖ്യാപിച്ചു. കർബോണാരി എന്ന മതവിരുദ്ധഗണം വിജയംവരിച്ചു. ഇററലിയിലും മററു സ്ഥലങ്ങളിലും സന്യാസസഭക്കാർ ബഹിഷ്കരിക്കപ്പെടുകയും അവരുടെ സ്ഥാപനങ്ങൾ കണ്ടുകെട്ടപ്പെടുകയുംചെയ്തു. ഒൻപതാം പീയൂസ് മാർപ്പാപ്പായുടെ മൃതശരീരം രാത്രി രഹസ്യമായി സംസ്കരിക്കേണ്ടിവന്നു. കാരണം, തിരുമേനിയുടെ മുറപ്രകാരമുള്ള ശവസംസ്കാരം ചെയ്യുവാൻ ഫ്രീമേസൺകാർ ഗൂഢാലോചനനടത്തിയിരുന്നു. ഇത്ര വലിയ മതപീഡനങ്ങളും വിപത്തുകളും ഉണ്ടായിട്ടും വിശ്വാസികൾ അന്നു കർത്താവിൽ സന്തോഷിക്കുകയാണു ചെയ്തതു്. എന്തുകൊണ്ടെന്നാൽ ദേവമാതാവിന്റെ അമലോത്ഭവം അതിനു് അല്പംമുൻപാണു് വിശ്വാസസത്യമായി 9-ാം പീയൂസ് മാർപ്പാപ്പാ പ്രഖ്യാപിച്ചതു്. അമലോത്ഭവയായ മാതാവു് വീണ്ടും നരകസർപ്പത്തിന്റെ തലയെ തകർക്കുമെന്നു് അന്നത്തെ വിശ്വാസികൾക്കു് ഉറപ്പുണ്ടായിരുന്നു. മറിയവും സാത്താനും തമ്മിൽ ഇടവിടാതുള്ള ശത്രുതയും സമരവും പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണല്ലോ. ആകയാൽ മാതാവിനെ ഈ ഘട്ടത്തിലും ശരണം പ്രാപിക്കുവാൻ മെത്രാപ്പോലീത്താ തിരുമേനി നമ്മെ ഉദ്ബോധിപ്പിക്കുന്നു. "അതേ ശരണത്തോടും വിശ്വാസത്തോടുംകൂടി നമ്മുടെ പീഡാസഹനങ്ങളിൽ നമുക്കു് മാതാവിന്റെ നേരെ തിരിയാം. അവിടുന്നു് വീണ്ടും അന്ധകാരശക്തിയെ നശിപ്പിക്കുമെന്നും സാത്താന്റേയും അവന്റെ ദൂതന്മാരുടേയും വഞ്ചനകളെ നിഷ്ഫലമാക്കുമെന്നും നമുക്കു് ഉറപ്പുണ്ടായിരിക്കട്ടെ!"

* * *

### പരിശുദ്ധ പിതാവിനുവേണ്ടി തുടർന്നു പ്രാർത്ഥിക്കാം

പരി: പിതാവിനു് ഈയിടെ നേരിട്ട ശാരീരികമായ അസുഖങ്ങൾക്കു് കുറവുണ്ടെന്നു അറിഞ്ഞു നാം സന്തോഷിക്കുന്നു. അതേസമയംതന്നെ തിരുമേനിക്കു് പൂർണ്ണസുഖം ലഭിക്കുന്നതിനും ഈ മരിയൻവർഷത്തിൽ തിരുമേനി നിർവ്വഹിക്കുവാനുദ്ദേശിച്ചിട്ടുള്ള കർമ്മപരിപാടി നിഷ്പ്രയാസം നിറവേററുവാൻ ഇടവരുന്നതിനുംവേണ്ടി നമുക്കു നമ്മുടെ പ്രാർത്ഥന മുടക്കംകൂടാതെ തുടർന്നുകൊണ്ടുപോകാം. തന്റെ ജോലിയുടെ കാഠിന്യം കുറയ്ക്കണമെന്നു് കർദ്ദിനാളന്മാരും തന്റെ സുഹൃത്തായ ഭിഷഗ്വരനും കൂടെക്കൂടെ അപേക്ഷിക്കുന്നുണ്ടെങ്കിലും "പാപ്പായ്ക്കു വിശ്രമം ഉണ്ടാകുവാൻ പാടില്ല" എന്നാണു് പരി: പിതാവു് നൽകിക്കൊണ്ടിരിക്കുന്ന ഏക മറുപടി. 11-ാം പീയൂസ് മാർപ്പാപ്പായും വാർദ്ധക്യത്തിൽ ഇതുതന്നെയാണു് പറഞ്ഞിരുന്നതു്. "ക്ഷീണം തോന്നാൻ സമയമില്ല. എത്ര വളരെയാണു ചെയ്യുവാനുള്ളതു്. അതിനുസമയം എത്രയോ ചുരുക്കം" എന്നായിരുന്നു അവിടുത്തെ മറുപടി. കൂടിക്കാഴ്ച അനുവദിക്കുന്ന ആളുകളുടെ എണ്ണം കുറയ്ക്കണമെന്നു്, ചില ദിവസങ്ങളിൽ കൂടിക്കാഴ്ച വേണ്ടെന്നുവയ്ക്കണമെന്നു്, പരി. പിതാവിനോടു അപേക്ഷിച്ചപ്പോൾ അവിടുന്നു നൽകിയമറുപടി ഇങ്ങനെയായിരുന്നു: "ഒരു നിശ്ചിതദിവസത്തിൽ വരാൻ കഴിയാത്തവർക്കു മാർപ്പാപ്പായെ കാണാൻ അവകാശമുണ്ടാകുകയില്ല എന്നാണോ പറയുന്നതു്?" ഇപ്പോഴത്തെ സുഖക്കേടു് കഴിഞ്ഞ വർഷം ജനുവരി 22 ലുണ്ടായതിനെക്കാളോ അത്രതന്നെയോ കൂടുതലാണെന്നു് റിപ്പോർട്ടുകളിൽനിന്നു കാണുന്നില്ല. 24 കർദ്ദിനാളന്മാരെ നിയമിച്ചു ആഘോഷപൂർവ്വമായ ചടങ്ങുകളുടെ അവസാനത്തോടുകൂടിയാണു് അന്നത്തെ സുഖക്കേടു് പ്രത്യക്ഷപ്പെട്ടതു്. ആയവസരത്തിൽ ചിലദിവസങ്ങളിൽ "അല്പം ഉൽക്കണ്ഠയ്ക്കു" കാരണമുള്ളതായി പലർക്കും തോന്നിയിരുന്നു. തന്റെ പ്രായാധിക്യത്തേയും ഏതാണ്ടു 14 വർഷത്തെ നിരന്തര ഭരണകാലത്തിന്റെ ദുസ്സഹമായ ക്ഷീണത്തേയും പരി. പിതാവു ഗൗനിക്കുമെന്നു് അന്നു പലരും പ്രതീക്ഷിച്ചിരുന്നു. വാസ്തവത്തിൽ തിരുമേനിയുടെ ഏററവും ജോലിത്തിരക്കുള്ള വർഷങ്ങളിലൊന്നു് 1953 ആയിരുന്നു. അക്കൊല്ലം മാർപ്പാപ്പാ രണ്ടു വിശ്വലേഖനങ്ങളും, 4 അപ്പസ്തോലിക്കു് കോൺസ്റ്റിട്യൂഷനുകളും, 33 അപ്പസ്തോലിക ലെറററുകളും പ്രസിദ്ധപ്പെടുത്തി; 31 വലിയ പ്രസംഗങ്ങളും, 11 പ്രക്ഷേപണപ്രസംഗങ്ങളും നടത്തി. അക്കൊല്ലത്തിന്റെ ആരംഭത്തിൽകൂടിക്കാഴ്ചകൾ നിർത്തലാക്കിയെങ്കിലും 400,000 പേർക്കു് കൂടിക്കാഴ്ച നൽകി. ചിലകൂടിക്കാഴ്ചകൾ 2,3,4,5 മണിക്കൂറുകൾ നീണ്ടിട്ടുണ്ടു്. പലപ്പോഴും ആ സമയം മുഴുവനും പരി. പിതാവു് നില്ക്കുകയും ചുററി നടക്കുകയും നേരിട്ടു സംഭാഷിക്കുകയും ഓരോരുത്തരിലും അവരുമാത്രമാണോ സന്നിഹിതരായിരിക്കുന്നതെന്നു് തോന്നത്തക്കവിധം ശ്രദ്ധ പതിക്കുകയും ചെയ്തിരുന്നു. ഈ കൂടിക്കാഴ്ചകൾക്കുമുൻപു് വത്തിക്കാൻ കച്ചേരിക്കാരുമായി പതിവുള്ള കൂടിക്കാഴ്ചകൾ മുടക്കു് നടക്കാറുണ്ടായിരുന്നു. സ്റ്റേററ് പ്രോ സിക്രട്ടറിമാർ, തിരുസംഘങ്ങളിലെ കർദ്ദിനാളന്മാർ, കച്ചേരിയിലെ മററുദ്യോഗസ്ഥന്മാർ, മെത്രാന്മാർ,

ദൈവ്യവരമോ സ്വപ്നമോ സന്ദർശനം അനുവദിച്ചിട്ടുള്ള അർമേനികൾ ഇപ്രകാരമുള്ള കൂടിക്കാഴ്ചയാണ് അവ. പലപ്പോഴും പാപ്പായുടെ പാനമുറിയുടെ വിളക്ക് രാത്രി 1മണിക്കും ചിലപ്പോൾ അതിനുശേഷവും കത്തിനില്ക്കുന്നതായി കാണാറുണ്ട്.

* * *

## എക്സാമിനർപത്രം തിരുകൊച്ചി തിരഞ്ഞെടുപ്പിനെക്കുറിച്ച്

ഐ എസ്സ്. പി. യേയും പി. എസ്സ്. പി. യേയും കത്തോലിക്കർ ആദരിക്കുവാൻ വിരോധമില്ലെന്നും, തിരഞ്ഞെടുപ്പുകളിൽ ആ പാർട്ടികളുടെ സ്ഥാനാർത്ഥികൾക്ക വോട്ടു ചെയ്യുന്നതിൽ കത്തോലിക്കരെ കുറം പറഞ്ഞുകൂടെന്നും ബോംബെയിലെ "എക്സാമിനർ" പത്രത്തിൻെറ രണ്ടു കൊല്ലം മുൻപുള്ള പ്രസ്താവനക്കുറിപ്പിനെ ആധാരമാക്കി വാദിക്കുന്ന കത്തോലിക്കർ നമ്മുടെ ഇടയിൽ മുൻപുണ്ടായിരുന്നു, ഇപ്പോഴുമുണ്ട്. അവരുടെ കണ്ണുതുറക്കുവാൻ പാററിയതാണ്, ഈ ഫെബ്രുവരി 6-ാംതീയതി ആ പത്രത്തിൻെറ പ്രസ്താവനക്കുറിപ്പിൽ തിരു-കൊച്ചി തിരഞ്ഞെടുപ്പിനെപ്പററിയുള്ള പരാമർശനം. അതു ഇപ്രകാരമാണ്:-

തിരഞ്ഞെടുപ്പു പ്രവണതകളുടെ മൂടിനിടയിൽ വേണ്ടുവോളം മനസ്സിലാക്കപ്പെടുന്നില്ല, കത്തോലിക്കാസഭ അക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നിലയം യാഥാർത്ഥ്യബോധത്തോടുകൂടിയ ഒന്നാണെന്ന്. കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് ഗവമ്മെൻറിൽ ഉറച്ചുനില്പുവാൻ പകുതിപോലും ഏന്നം കിട്ടിയാൽ കേരളത്തിലും ഇൻഡ്യയിലും എന്തായിരിക്കും സംഭവിക്കുവാൻ പോകുന്നതെന്നതിനെക്കുറിച്ചുണ്ട് ആ യാഥാർത്ഥ്യബോധം. 1) ഇടതുപക്ഷ പാർട്ടികൾ ഉൾപ്പെടുന്ന ഏതൊരു സംയുക്തഗവമ്മെൻറിലും അപരാഷ്ട്രിക്കും മേധാവിത്വം വഹിക്കുന്ന പാർട്ടി; 2) അക്രമവും ഭീകരതയും പ്രയോഗിച്ചു സകല സ്വാതന്ത്ര്യത്തേയും, മതത്തേയും നശിപ്പിച്ചു രാജ്യം മുഴുവൻ കൈയടക്കുവാൻ അവർ സമയം അശേഷവും കളയുകയില്ല. ഈ വസ്തുതകളെ ആധാരമാക്കിയുള്ളതാണ് തിരുസഭയുടെ പ്രസ്തുത യാഥാർത്ഥ്യബോധം. അതിനു സഭയെ കുറപ്പെടുത്തുന്നവരുണ്ട്. കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഇടതുപക്ഷങ്ങളുടെ കൂട്ടുകെട്ടിനെതിരായി നിൽക്കുന്ന ഏക പാർട്ടിയെ പിൻതാങ്ങുവാൻ അതിനു ഇടവരുന്നു എന്ന കാരണത്താലാണ് കുററം പറയുന്നതു. "വേദപാരംഗതനായ സെൻറു തോമസ് അക്വിനാസ് പാർട്ടികളെ വിവേചിക്കേണ്ടതു എങ്ങനെയെന്നു വ്യക്തമായി ഉപദേശം നൽകുന്നില്ലെന്നതു വാസ്തവമാണ്. എന്നാൽ സാമൂഹ്യജീവിതത്തിൻെറ സുസ്ഥിരതയ്ക്കു ആവശ്യമായ ചില വ്യവസ്ഥകൾ സ്ഥിരമായി പാലിക്കേണ്ടതുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്." തിരുസഭയാകട്ടെ ഒരു പാർട്ടിയോടും സ്വയം ബന്ധിച്ചു നിൽക്കുകയില്ല; എന്നാൽ സാമൂഹ്യജീവിതത്തിനാവശ്യമായ വ്യവസ്ഥകൾ സ്ഥിരമായി ഏതു പാർട്ടിയും പാലിക്കേണ്ടതാണെന്നുള്ള കാഴ്ചയോട് സ്വയം ബന്ധിച്ചു നിൽക്കുന്നുണ്ട്. തിരു-കൊച്ചി തിരഞ്ഞെടുപ്പിൽ പ്രജാധിപത്യത്തിൻെറയും സുരക്ഷിതത്വത്തിൻെറയും ക്രമാനുസൃതമായ പുരോഗതിയുടേയും വ്യവസ്ഥകൾ സ്ഥിരമായി പാലിക്കപ്പെടുന്നതു കോൺഗ്രസ്പാർട്ടിയുടെ ഉദ്ദേശലക്ഷ്യങ്ങളിലൊന്നാണെന്ന് കാണുന്നു. എന്നു പറഞ്ഞുകൊണ്ടു ഫെബ്രുവരി 3-ാംതീയതി ആ പാർട്ടി പ്രസിദ്ധം ചെയ്ത തിരഞ്ഞെടുപ്പുപ്രകടനപത്രികയുടെ സാരം "എക്സാമിനർ" കൊടുക്കുന്നതു ഇപ്രകാരമാണ്.

## തിരുകൊച്ചി കോൺഗ്രസിൻെറ പ്രധാന വാഗ്ദാനങ്ങൾ

തിരുകൊച്ചിയിലെ കോൺഗ്രസ്പാർട്ടി പ്രകടനപത്രികയിൽ നാലു പ്രധാന വാഗ്ദാനങ്ങൾ ചെയ്യുന്നുണ്ട്. 1) രാജ്യത്തെ ദുർബലമാക്കുന്ന സകല വാസനാശക്തികളേയും അമർച്ച ചെയ്യുവാൻതക്ക കരുത്തുള്ള സ്ഥിരമായ ഒരു ഗവമ്മെൻറ് തങ്ങൾ രൂപീകരിക്കുമെന്ന് ജനങ്ങളോട് വാഗ്ദാനം ചെയ്യുന്നു. 2) ഒരു ഭൂനയപരിഷ്കരണകമ്മീഷൻ ഏർപ്പെടുത്തുമെന്നും, അതിൻെറ ശുപാർശകൾ വിട്ടുവീഴ്ചയോടുകൂടിയ ഭൂപരിഷ്കാരങ്ങൾക്ക് വഴി തെളിക്കുമെന്നും കർഷകരോട് വാഗ്ദാനം ചെയ്യുന്നു. 3) തൊഴിലാളികളുടെ നിയമനം സംബന്ധിച്ചു ഇപ്പോൾ നിലവിലിരിക്കുന്ന തൃപ്തികരമായ വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ടിരിക്കുമെന്നും, ആവശ്യകമായ നിയമങ്ങൾ നിർമ്മിച്ചു തൊഴിലാളികളുടെ ക്ഷേമം വർദ്ധിപ്പിക്കുമെന്നും തൊഴിലാളികളോട് വാഗ്ദാനം ചെയ്യുന്നു. 4) ഗവമ്മെൻറു ജീവനക്കാരുടെ ശമ്പളങ്ങളും മററു സേവനവ്യവസ്ഥകളും നവീകരിക്കുകയും ക്രമീകരിക്കുകയും ചെയ്യുവാൻ ഒരു ശമ്പളക്കമ്മീഷനെ നിയമിക്കുമെന്ന് ഗവർമ്മെൻറു ജീവനക്കാരോട് വാഗ്ദാനം ചെയ്യുന്നു. കോൺഗ്രസ് തിരഞ്ഞെടുപ്പിൽ വിജയം വരിച്ചു അധികാരത്തിൽ വന്നാൽ എല്ലാവർക്കും കൂടുതൽ മെച്ചമായ ജീവിതസ്ഥിതി സൃഷ്ടിക്കുന്നതിനുള്ള അഞ്ചുവത്സരപദ്ധതി മുടക്കംകൂടാതെ പ്രയോഗത്തിൽ വരുത്തുമെന്ന് 24 പേജുള്ള പ്രകടനപത്രിക പ്രഖ്യാപിക്കുന്നു.

"എക്സാമിനർ" പത്രത്തിൻെറ ഈ പ്രസ്താവനക്കുറിപ്പിലെ ആശയം സ്പഷ്ടമാണല്ലോ. തിരഞ്ഞെടുപ്പിൽ വിജയിച്ചു അധികാരം ഏററെടുക്കുന്ന രാഷ്ട്രീയപാർട്ടിയുടെ ലക്ഷ്യങ്ങളും പരിപാടികളും മനുഷ്യാവകാശങ്ങളെ ആദരിക്കുന്നതും സമാധാനപരമായി പുരോഗമിപ്പിക്കുന്നതും ക്രമസമാധാനങ്ങൾ സ്ഥിരമായി പാലിക്കുന്നതും ആയിരിക്കുമെന്ന് ഉറപ്പുണ്ടായിരിക്കണം. തിരുകൊച്ചിയിലെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഇടതുപക്ഷപാർട്ടികളുടെ കൂട്ടുകെട്ടിൽ കമ്മ്യൂണിസ്റ്റ്പാർട്ടി മേധാവിത്വം വഹിക്കുന്നതുകൊണ്ടു ആ പാർട്ടികളുടെ സംയുക്ത ഭരണം മുൻപറഞ്ഞ വിധത്തിലുള്ളതായിരിക്കുകയില്ല. ആകയാൽ ആ പാർട്ടികൾക്ക് തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യരുതു. നേരേമറിച്ചു കോൺഗ്രസ്പാർട്ടിയുടെ ഭരണം ആ വിധത്തിലുള്ളതായിരിക്കുമെന്ന് വിചാരിക്കുവാൻ കാരണമുണ്ട്. തന്മൂലം ആ പാർട്ടിക്കാണ് വോട്ടുകൊടുക്കേണ്ടതു. ഇതു തന്നെയാണല്ലോ തിരു-കൊച്ചിയിലെ കത്തോലിക്കാ നേതാക്കൾ നൽകിയ നിർദ്ദേശങ്ങൾ.

—o—

## ജപാപ്പസ്തോലസഖ്യത്തിൻെറ മാർച്ചുമാസത്തെ പൊതുനിയോഗം

"പരിശുദ്ധ പിതാവിൻെറ എല്ലാ നിയോഗങ്ങൾക്കും വേണ്ടി."


# തൃശ്ശിവപേരൂർ ലൂർദ്ദ്പള്ളി പുതിയ കുറികൾ

ബ. ഗവമ്മെൻറിൽനിന്നും സിദ്ധിച്ച 183/54 R. D. നമ്പ്ര് കല്പനപ്രകാരം തുടങ്ങുന്നതു്

| മാസക്കുറി | കൊല്ലക്കുറി |
|---|---|
| നറുക്ക് 1-ക്ക് 100 ക. | നറുക്ക് 1-ക്ക് 1000 ക. |
| 111 നറുക്ക് 11100ക. സല. | 32 നറുക്ക് 32000ക. സല |
| ആദ്യനറുക്കെടുപ്പ് 1954 ഏപ്രിൽ 5-ാംനു- 1129 മീനം 23-ാംനു- | ആദ്യനറുക്കെടുപ്പ് 1954 ഏപ്രിൽ 20-ാംനു- 1129 മേടം 8-ാംനു- |
| കുറിയിൽ കുറഞ്ഞതു് 1/32 നറുക്ക് (3ക. 2ണ. യുടെ വീതം) വരെ ചേരാവുന്നതാണ് | കുറിയിൽ കുറഞ്ഞതു് 1/16 നറുക്ക് (62ക. 8ണ. യുടെ വീതം) വരെ ചേരാവുന്നതാണ് |

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫാറത്തിനും ആവശ്യപ്പെടുക:—

Trichur,
25—1—1954.

VICAR & TRUSTEES
The Lourdes Church Kuri Office


## വേദപ്രചാരനിയോഗം

"മിഷനറി സഹോദരന്മാരുടെ ദൈവവിളിക്കുവേണ്ടി."

## അടുത്തയാഴ്ചയിൽ

ഫെബ്രുവരി
28 ഞാ: 50-ാം ഞായർ
മാർച്ച്
1 തി: അൽബീനൂസ്
2 ചൊ: 12-ാം പീയൂസ് മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പ്
3 ബു: വിഭൂതി
4 വ്യാ: ലൂസിയൂസ്
5 വെ: മുൾമുടി
6 ശ: ക്ലീറില്ലോസ്

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6— 8 -0
ഇൻഡ്യക്കുപുറമെ " 8—12—0

## വിനോദവീഥി



ഭോച്ചി! എൻെറ വണ്ടിടെ വട്ടതെറിച്ചുപോയി ഭോച്ചിടെ അ "സ്റ്റെപ്പിനി" ഒന്നു തരുമോ?

* * *



ഒരു ചാക്ക് കേററുന്നതിനെട്ടുണ്ട തരാനിപ്പം മനസ്സില്ല ഞാനൊന്നു തന്നെ കേററിക്കാം കൂട്ടെ!!

* * *

ഒരു വിവാഹം ആശീർവ്വദിക്കാൻവന്ന വൈദികൻ ജനങ്ങളുടെ നേരെ തിരിഞ്ഞു പറഞ്ഞു: "ദയവായി, വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നവർ മുമ്പോട്ടു കടന്നുവരണം." കുറച്ചുനേരത്തെ തിക്കിത്തിരക്കും കഴിഞ്ഞപ്പോൾ ഒരു യുവാവും എട്ടുപത്തു യുവതികളും മുൻനിരയിൽ നിന്നു!

* * *

ഒരമേരിക്കൻ ധനികൻ റഷ്യയിലെ ഒരു കൊട്ടകയിൽ സർക്കസ് കണ്ടുകൊണ്ടിരുന്നു. സർക്കസിനു പയോഗിച്ചിരുന്ന കാറിൻെറ ചക്രങ്ങൾ പൂറകെ പൂറകെ പഞ്ചറായി. ഉടനടൻ പുതുതായി പുതിയ ചക്രങ്ങൾ കൊണ്ടുവന്നു കയററുന്നു. അടുത്തിരുന്ന ഒരു റഷ്യക്കാരൻ:- "കണ്ടോ സാർ, റഷ്യയുടെ വ്യവസായപുരോഗതി. പുതിയ ടയറുകൾ ഒരു നിമിഷത്തിനകം വന്നുകഴിയും." അമേരിക്കാക്കാരൻ തലകുലുക്കി സമ്മതിച്ചു. സർക്കസുകഴിഞ്ഞു വന്നപ്പോൾ ധനികന്റെ കാറിനു ചക്രമൊന്നുമില്ല!!

# ഇററലിയിലെ കത്തോലിക്കാ മേയർ പണിമുടക്കു നയിക്കുന്നു

ഇററലിയിൽ ഫ്ളോറൻസിലുള്ള ഒരു കമ്പനി ന്യായവിരുദ്ധമായി അടച്ചുപൂട്ടുകയും തന്മൂലം 4000 തൊഴിലാളികുടുംബങ്ങൾ പട്ടിണിക്കു വിധേയരാവുകയും ചെയ്തു. കഴിഞ്ഞ ഒക്ടോബർ മദ്ധ്യത്തിലാണ് ഈ അനിഷ്ടസംഭവം നടന്നതു. വിഷമസന്ധിയെ മനസ്സിലാക്കിയ തൊഴിലാളികൾ കമ്പനിയിൽ ബലമായി പ്രവേശിച്ചു ജോലി ആരംഭിച്ചു ന്യായയുക്തമായ അവരുടെ അവകാശത്തെ പരിരക്ഷിക്കുന്നതിനും ജോലിയില്ലായിരുന്ന അവരുടെ അവശകാലങ്ങളിലേക്കു സഹായം നൽകുന്നതിനും ഫ്ളോറൻസു മേയറായ ലാ പിറമുമ്പോട്ടുവന്നു. അവശസംരക്ഷണവിഷയത്തിൽ പണ്ടേ പേരെടുത്ത 49 കാരനായ ഒരു കത്തോലിക്കാ യുവാവാണ് ലാ പിറ. അദ്ദേഹത്തെ തൊഴിലാളികൾ പുണ്യവാനായ മേയർ എന്നാണു വിളിക്കുന്നതു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടുപോരുന്നു.

"കാലങ്ങൾ കടന്നുപോയിരിക്കുന്നു. ഇററലിയിൽ നിലവിലുള്ള നിയമങ്ങൾ ഇന്നത്തെ സാമൂഹ്യനിലക്കു പററുന്നവയല്ല. വസ്തുവകസംബന്ധിച്ചു ആശയങ്ങളിൽ ചില വ്യതിചലനങ്ങൾ വരുത്തണം. ഒരു തൊഴിലാളിയുടെ തൊഴിൽ സാമർത്ഥ്യവും തൊഴിൽ ചെയ്യാനുള്ള അയാളുടെ അവകാശവും അയാളുടെ സമ്പാദിച്ചിട്ടുള്ളതുപോലെ ഒരു സ്വത്താണ്; അതു നിയമത്താൽ സംരക്ഷിക്കപ്പെടണം. മുതൽമുടക്കിയിട്ടുള്ള ഏകകാരണത്താൽ ഒരു വ്യവസായം മുഴുവനും മുതലാളിക്കുമാത്രം അവകാശപ്പെട്ടതാണെന്നു വാദിക്കുന്നതു ശരിയല്ല എന്നാണു് അദ്ദേഹം പ്രസ്താവിച്ചതു.

മേയറുടെ പ്രവൃത്തി നിലവിലുള്ള നിയമത്തിൻെറ മുമ്പിൽ കുററകരമായിരിക്കാമെങ്കിലും തൊഴിലാളിലോകത്തിൻെറയും ഇററാലിയൻജനതയുടേയും പിന്തുണ അദ്ദേഹത്തിനുള്ളതുകൊണ്ടു ഈ അവകാശവാദത്തിൽ വിജയപ്രതീക്ഷയാണുള്ളതു്. അദ്ദേഹംതന്നെ ഒരു നിയമപണ്ഡിതനാണെങ്കിലും ഈ പ്രവൃത്തിയിൽ സകല സാഹചര്യങ്ങളും ഇററലിയിലുള്ള വൈദികാദ്ധ്യക്ഷന്മാരെയും നിയമജ്ഞന്മാരെയും അപ്പഴപ്പോൾ അറിയിച്ചു ഉപദേശം ആരാഞ്ഞുകൊണ്ടാണു് മുമ്പോട്ടുപോകുന്നതു. പരിശുദ്ധപിതാവിനേയും അദ്ദേഹം ഈ വിവരം അറിയിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ന്യായയുക്തമായ അവകാശങ്ങളെയും അവർക്കുവേണ്ടി അനുഷ്ഠിക്കേണ്ട സേവനത്തെയും അനുസ്മരിപ്പിക്കുന്ന ഒരു മറുപടി പരിശുദ്ധപിതാവു മേയർക്ക് നൽകിയിട്ടുണ്ട്. മൊന്തീനിവഴി അദ്ദേഹത്തിനയച്ചുകൊടുത്ത വിവാദവിഷയത്തിൽ പരിശുദ്ധപിതാവു ഇടപെടുന്നില്ല എന്നുള്ള വസ്തുത പ്രസ്തുതകത്തിൽ വിശദമാക്കിയിട്ടുണ്ട്.

ഉറച്ച ദൈവവിശ്വാസിയായ ലാപിറ പ്രസ്ഥാനത്തിൻെറ വിജയത്തിനു സർവ്വോപരി ദൈവസഹായത്തിൽ ആശ്രയിക്കുന്നു. തൊഴിലാളികളും ഇതു മനസ്ഥിതിയോടുകൂടി ഭക്തകൃത്യങ്ങളിൽ ജാഗ്രതയായി പങ്കുകൊള്ളുന്നു. ഫാക്ടറിയിൽതന്നെ ദിവ്യബലി അർപ്പിക്കപ്പെടുകയും തൊഴിലാളികളെല്ലാം ഭക്തിപൂർവ്വം അതിൽ പങ്കുകൊള്ളുകയും ചെയ്യുന്നു.

—o—

എൻെറ സഹോദരൻെറ മകൻ കെ. ജെ. കുര്യൻ പെട്ടെന്നുണ്ടായ രോഗം മൂലം യൗസേപ്പ് പിതാവിനോടുള്ള മദ്ധ്യസ്ഥപക്ഷയും അസംഖ്യകാര്യത്തിൻെറ മദ്ധ്യസ്ഥനായ വിശുദ്ധ യൂദാതദേവൂസ് ശ്ലീഹായോടുള്ള ജപവും വഴിയായി അത്ഭുതകരമായി സുഖപ്പെട്ടതിനു ഉപകാരസ്മരണ മാമംപിച്ചുപാടതന്നുക്ഷാപണം ചെയ്യുന്നു.

എന്നു്, പുത്തൻപുരയ്ക്കൽ
അവുസേപ്പു തോമ്മാ
തത്തമ്പള്ളി

## ആഫ്രിക്കായിലെ കത്തോലിക്കാസഭ

ആഫ്രിക്കയിൽ കത്തോലിക്കാസഭ അടിക്കടി അഭിവൃദ്ധിപ്രാപിച്ചുവരികയാണ്. ഓരോ കൊല്ലവും കത്തോലിക്കാജനസംഖ്യയിൽ ഉണ്ടാകുന്ന വർദ്ധനവ് ശരാശരി നാലുലക്ഷം വരുന്നു. ഫ്രഞ്ച് സുഡാൻ രാജ്യങ്ങളിൽ പത്തുകൊല്ലം മുമ്പ് 1200 കത്തോലിക്കരാണുണ്ടായിരുന്നതു. ഇപ്പോൾ അതു 14000 ആയി ഉയർന്നിരിക്കുന്നു.

വിമർശനവീഥി

# കമ്മ്യൂണിസം ഇൻഡ്യക്കു വേണ്ട
# നെഹ്റുവിന്റെ പരാമർശനങ്ങൾ

പണ്ഡിററ് നെഹ്റു അഞ്ചാറു ദിവസം തുടരെ തിരുകൊച്ചിയുടെ ഒരററംമുതൽ മറേറ അററംവരെ പര്യടനം നടത്തുകയും ജനലക്ഷങ്ങളുമായി അടുത്ത സമ്പർക്കത്തിലേർപ്പെടുകയും ചെയ്തല്ലോ. ആ പര്യടനത്തിൽ അദ്ദേഹം ആകെക്കൂടി 750 മൈൽ സഞ്ചരിച്ചു; വലുതും ചെറുതുമായ 14 യോഗങ്ങളിൽ പ്രസംഗിച്ചു; കുറഞ്ഞപക്ഷം പത്തുമുതൽ പതിനഞ്ചുലക്ഷംവരെ വോട്ടറന്മാർ അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിക്കുകയുമുണ്ടായി. കാലത്തു 81/2 മുതൽ രാത്രി 10-11 വരെയുള്ള സമയത്തിൽ വളരെ കുറച്ചുമാത്രം വിശ്രമത്തിനുപയോഗിച്ചതിനാലാണു് ആശ്ചര്യകരമായ ഈ പ്രചരണപരിപാടി നിർവ്വഹിക്കുവാൻ അദ്ദേഹത്തിനു സാധിച്ചതു്. പ്രസംഗങ്ങൾക്കിടയിൽ ഇന്നാട്ടുകാർ അവശ്യമറിയേണ്ടതും എന്നും മനസ്സിൽ വച്ചുകൊണ്ടിരിക്കേണ്ടതുമായ അനേകം വിലയേറിയ ഉപദേശങ്ങളും ഉദ്ബോധനങ്ങളും അദ്ദേഹം നൽകി. അവയിൽ കമ്മ്യൂണിസ്റ്റുപാർട്ടിയെ പരാമർശിച്ചുള്ളവ പ്രത്യേകം ശ്രദ്ധേയമാണു്. അവയിൽ ചിലതു ഞങ്ങൾ താഴെ ചേർക്കുന്നു.

### കമ്മ്യൂണിസ്റ്റ്പാർട്ടി
### അക്രമപ്രസക്തം

നമ്മുടെ അനുഭവങ്ങൾ വച്ചു നോക്കിയാൽ കമ്മ്യൂണിസ്റ്റുകാർ അന്തസ്സോടെയല്ല പെരുമാറുന്നതെന്നു് നമുക്കു പറയാൻകഴിയും. അതിനു കാരണമുണ്ടു്. കമ്മ്യൂണിസ്റ്റുകാർ വളർന്നതു് ഒരു പ്രത്യേക രീതിയിലാണു്. അവർ അക്രമപ്രയോഗത്തിൽ വിശ്വസിക്കുന്നു. ബലപ്രയോഗം അവർ തങ്ങളുടെ പരിപാടിയിൽനിന്നു ഒഴിവാക്കുന്നില്ലെന്നുമാത്രമല്ല, ബോധപൂർവ്വം ഉൾക്കൊള്ളിക്കുകകൂടി ചെയ്യുന്നുണ്ടു്. ബലപ്രയോഗത്തിനു തങ്ങൾക്കധികാരമുണ്ടെന്നാണു് അവരുടെ വിശ്വാസം. കോൺഗ്രസ്സുകാരാകട്ടെ അക്രമരഹിതമായ ഒരു പദ്ധതി സ്വീകരിച്ചാണു പ്രവർത്തിച്ചുപോന്നിട്ടുള്ളതു്. എന്നിട്ടും കമ്മ്യൂണിസ്റ്റുകാരാണിപ്പോൾ പരാതിപറയാൻ പുറപ്പെട്ടിട്ടുള്ളതു്.

### മനസ്സ് മോസ്കോവിലും
### ശരീരം ഇൻഡ്യയിലും

കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നയം ഇപ്പോളെന്താണെന്നറിയാൻ വളരെ വിഷമമാണു്. അതു വളരെയധികം മാറിക്കൊണ്ടിരിക്കുന്നു. എന്നാൽ ഒരുകാര്യം മാററമില്ലാതെയുമിരിക്കുന്നു. അവരുടെ ചിന്താഗതി മുഴുവനും ഇൻഡ്യക്കു പുറമേയുള്ള ചിലതിന്മേൽ ആധാരപ്പെട്ടതായിരിക്കുന്നു എന്നതാണു് അതു്. ഞാൻ ഇവിടെ പ്രവർത്തിക്കേണ്ടതെങ്ങനെയെന്നു മററു ഏതേതു രാജ്യത്തുനിന്നും ഉപദേശം ലഭിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കമ്മ്യൂണിസ്റ്റുകാർ റഷ്യൻപതാക പകർത്തിയിരിക്കുകയാണു്. വളരെ വിചിത്രംതന്നെയെന്നു ഞാൻ പറയും. അതു് സാർവ്വദേശീയചിഹ്നമാണെന്നു് അവർ പറഞ്ഞേക്കാം. എന്നാൽ തിരുകൊച്ചി സ്റ്റേററു് അസംബ്ലിക്കു് തിരഞ്ഞെടുപ്പിനു നില്ക്കുന്ന നിങ്ങൾ തിരുകൊച്ചി അസംബ്ലിയിൽ സർവ്വരാജ്യരാഷ്ട്രീയമല്ലല്ലോ കൈകാര്യം ചെയ്യുവാൻ പോകുന്നതു്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അടിസ്ഥാനംമുഴുവൻ പരിച്ഛേദം തെററാണു്. അവർ പറയുന്ന പല കാര്യങ്ങളും നല്ലതായിരിക്കാം. അവർ പറയുന്നു, നാം ദരിദ്രരാണെന്നു്. സമ്മതിച്ചു. നമുക്കു സമത്വം വേണം. നമുക്കു ദാരിദ്ര്യം ഇല്ലാതെയാക്കാം. നമ്മുടെ ജനത്തെ എല്ലാവിധത്തിലും നമുക്കുയർത്താം. എന്നാൽ ഒരു വിദേശീയരാജ്യത്തിന്റെ സമ്പ്രദായങ്ങളിൽ എപ്പോഴും ചിന്തിക്കുന്നതെന്തിനു്? കമ്മ്യൂണിസ്റ്റുപാർട്ടി മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ചെറിയ ലഘുലേഖയിൽ എന്റെ കൃതികളിൽനിന്നു ഉദ്ധരണികൾ ചേർത്തിരിക്കുന്നതായി കാണുന്നു. ഏകദേശം 12 വർഷംമുൻപു് ഞാൻ എഴുതിയതാണു് അവർ ഉദ്ധരിച്ചിരിക്കുന്നതു്. സോവ്യററ്യൂണിയൻ റഷ്യക്കുവേണ്ടി ചെയ്തതു് ബ്രിട്ടീഷുകാർ ഈ രാജ്യത്തു് ചെയ്തതിനോടു് താരതമ്യപ്പെടുത്തി ഞാൻ എഴുതിയതാണു് അതു്. ഞാൻ അന്നു പറഞ്ഞതു് തികച്ചും ശരിയാണു്. എന്നാൽ ഇന്നുദിക്കുന്ന പ്രശ്നം ബ്രിട്ടീഷുകാരുടെ കാലത്തു ഇൻഡ്യയിൽ സംഭവിച്ചതെന്തു് എന്നല്ല, പിന്നെയോ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം, അതിലും പ്രത്യേകിച്ചു് ഇക്കഴിഞ്ഞ നാലഞ്ചുകൊല്ലങ്ങളിൽ സംഭവിച്ചതെന്താണെന്നത്രേ. സ്വാതന്ത്ര്യത്തിനുശേഷം കോൺഗ്രസ്സാണു് ഇന്ത്യയെ ഏകീകരിക്കുകയും പരിരക്ഷിക്കുകയും ചെയ്തതു്. ഇൻഡ്യയെ മറേറതെങ്കിലും രാജ്യത്തോടു താരതമ്യം ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ആ രാജ്യത്തിലെ ഇളക്കപാടുള്ള കാലദശയോടു് താരതമ്യം ചെയ്യണം. ഒരു ഇൻഡ്യക്കാരൻ സ്വരാജ്യത്തിന്റെ നേട്ടങ്ങളെ അപലപിക്കുകയും അതുവഴി ഇരുളിന്റേയും അരാജകത്വത്തിന്റേയും നൈരാശ്യത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നതു മനസ്സിലാക്കുവാൻ തീർച്ചയായും എനിക്കു സാദ്ധ്യമല്ല. നൈരാശ്യബോധം സൃഷ്ടിച്ചിട്ടുണ്ടെന്നല്ല ഞാൻ പറയുന്നതു്. കമ്മ്യൂണിസ്റ്റുകാരുടേയും പി. എസ്. പി. യുടേയും നയം അവഹേളിക്കലാണു്, ഇൻഡ്യ കീഴോട്ടുതാണു നശിക്കാൻ പോകയാണെന്നു് പറയുകയാണു്. ഗവർമ്മെൻറിനെ അപലപിക്കുവാനും വിമർശിക്കുവാനും അവർക്കു സർവ്വാവകാശങ്ങളുമുണ്ടു്. എന്നാൽ ഒരു രാജ്യത്തെ അവഹേളിക്കുന്നതു മര്യാദയല്ല. ഒരു ജനതയെ വസ്തുതകൾ വിസ്മരിച്ചുകൊണ്ടു അപലപിക്കുന്നതു നീതിയോടും സത്യത്തോടുംകൂടിയുള്ള രാഷ്ട്രീയമല്ല.

കമ്മ്യൂണിസ്റ്റുകാർ ഇൻഡ്യയിൽ അല്ല ജീവിക്കുന്നതു്. അവരുടെ ശരീരം ഇവിടെയാണെങ്കിലും മനസ്സു് മററു എവിടെയോ ആണു്.

### കമ്മ്യൂണിസ്റ്റ്നയം
### പഴഞ്ചനാണ്

എന്റെ കമ്മ്യൂണിസ്റ്റ് സുഹൃത്തുക്കൾ കുറെക്കൂടി ശ്രദ്ധവച്ചു് വായിക്കട്ടെ, ലനിൻതന്നെ ഉപദേശിച്ചിട്ടുള്ളതു്. കമ്മ്യൂണിസ്റ്റുകാരെ തനിക്കു ഭയമാണെന്നു് ലനിൻ പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ കാരണം തന്റെ വാക്കുകളെ തെററായി ഉദ്ധരിക്കുന്നതു് അദ്ദേഹം കണ്ടുവെന്നതാണു്. ലനിൻ ഇങ്ങനെയാണു പറഞ്ഞിട്ടുള്ളതു്: "ഒരു നയം മറെറാരു രാജ്യത്തോടു കൂട്ടിക്കെട്ടരുതു്. എന്തുകൊണ്ടെന്നാൽ പരിതസ്ഥിതികൾ വ്യത്യസ്തങ്ങളായിരിക്കാം. എന്നാൽ നമ്മുടെ സുഹൃത്തുക്കൾ 19-ാംനൂററാണ്ടിലെയോ 20-ാംനൂററാണ്ടിന്റെ ആരംഭത്തിലെയോ ചില പുസ്തകങ്ങൾ അപ്പാടെ ഉയർത്തിപ്പിടിക്കുകയും വായിക്കുകയും ചെയ്തശേഷം അവിടെത്തന്നെ നിലകൊള്ളുന്നു. എന്റെ സുചിന്തിതമായ അഭിപ്രായത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടി മിക്കവാറും എത്തിച്ചേർന്നിരിക്കുന്നതു നിശ്ചലമായ പിൻതിരിപ്പൻ ദശയിലാണു്. ഞാൻ അതു പറയുന്നതു് എന്തുകൊണ്ടു? ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നപാർട്ടി അല്ലെങ്കിൽ വ്യക്തി എന്നു പറഞ്ഞാൽ അർത്ഥമാവുന്നതു് ആശയത്തോടും ചിന്തനത്തോടും പ്രവർത്തനത്തോടും മുന്നോട്ടുഗമിച്ചുകൊണ്ടിരിക്കുന്ന ഏതോ ഒന്നാണു്. കമ്മ്യൂണിസ്റ്റുപാർട്ടിയാകട്ടെ, ചിന്തിക്കുന്ന പാർട്ടി എന്ന നിലയിൽ, 20 കൊല്ലം മുമ്പ നിശ്ചലമായിത്തീർന്നു. ഇതിൽനിന്നെല്ലാം കാണാം കമ്മ്യൂണിസ്റ്റുകാർ എത്രവളരെയാഥാസ്ഥിതികരായിപരിണമിച്ചെന്നു്. ഓരോപ്രാവശ്യവും കമ്മ്യൂണിസ്റ്റുകളുടേയും പി. എസ്. പി. കളുടേയും പ്രതിനിധികൾ അവർ കഴിഞ്ഞകൊല്ലമോ അതിന്റെ മുൻപിലത്തെ കൊല്ലമോ പറഞ്ഞതുതന്നെ ആവർത്തിക്കുകയാണു്. അവർ എന്നോടു ചോദിച്ചു കോമൺവെൽത്തുമായി ഞാൻ കൂട്ടുകൂടിയിരിക്കുന്നതെന്തിനെന്നു്. അതു് അവരുടെ ഗുണത്തിനാണെന്നും, അവരുടെ പ്രവർത്തനസ്വാതന്ത്ര്യത്തിനു് അതു് അശേഷവും ബാധകമല്ലെന്നും ഞാൻ മറുപടിപറഞ്ഞിട്ടും പഴയതുതന്നെ അവർ ഉരുവിട്ടുകൊണ്ടിരിക്കുകയാണു്. ആ പഴയതിന്റെ പിടിയിൽനിന്നു പുറത്തുകടക്കുവാൻ അവർക്കു കഴിയുന്നില്ല. ഇത്തരം ബുദ്ധിയില്ലായ്മയോടു് പെരുമാറാൻ എനിക്കു വിഷമമായിതോന്നുന്നു. കമ്മ്യൂണിസത്തെപ്പററി കുറെ പാഠങ്ങൾ പഠിക്കുകയും റഷ്യയെപ്പററിയും മററുമുള്ള പുസ്തകങ്ങൾ വായിക്കുകയും ചെയ്തശേഷം അവ ആവർത്തിച്ചുകൊണ്ടിരിക്കുന്നവരോടു എനിക്കു എന്തുചെയ്യുവാൻ കഴിയും? കമ്മ്യൂണിസ്റ്റുകൾ ഉരുവിട്ടുകൊണ്ടിരിക്കുന്നു "നമ്മെ അമേരിക്കക്കു വിററിരിക്കുന്നു" എന്നു്. ഇതിലധികം അസംബന്ധം ഊഹിക്കുവാൻ എനിക്കു സാദ്ധ്യമല്ല. റഷ്യ പത്തുകൊല്ലം മുൻപോ അഞ്ചുകൊല്ലം മുൻപോ പറഞ്ഞതു അവർ ആവർത്തിച്ചുകൊണ്ടിരിക്കുകയാണു്. ഇന്നത്തെ സ്ഥിതിഗതികളോടൊത്തു പോകുവാൻ അവർക്കു സാദ്ധ്യമല്ല. സ്വയം തീരുമാനങ്ങൾ എടുക്കുവാനും അവരെക്കൊണ്ടു കഴിയുകയില്ല.

### ചെങ്കൊടിക്ക്
### ഇവിടെ സ്ഥാനമില്ല

കഴിഞ്ഞ നാലുദിവസത്തെ എന്റെ പര്യടനത്തിനിടയിൽ ഞാൻ അനേകം പതാകകൾ കാണുകയുണ്ടായി, കോൺഗ്രസ്സ് കൊടി, ഇടതുപക്ഷ കൊടി, കമ്മ്യൂണിസ്റ്റ് കൊടി മുതലായവ. ചെങ്കൊടിയുടെ കാര്യമെടുക്കുക. ചെങ്കൊടിയെ ഞാൻ ബഹുമാനിക്കുന്നു, കഴിഞ്ഞ നൂറോ നൂററമ്പതോ കൊല്ലങ്ങളായി അതു യൂറോപ്പിൽ തൊഴിലാളിപ്രസ്ഥാനത്തിന്റെ ചിഹ്നമായിരുന്നതുകൊണ്ടു്. യൂറോപ്പിന്റെ കാര്യത്തിൽ അതിനൊരു ചരിത്രമുണ്ടു്, വൈകാരികമായ അർത്ഥവുമുണ്ടു്. എന്നാൽ ഇൻഡ്യയുടെ കാര്യത്തിൽ അതിനു ചരിത്രമില്ല, വൈകാരികമായ അർത്ഥവുമില്ല. ആ കൊടിയെപ്പററി എനിക്കുള്ള ബഹുമാനം കുറഞ്ഞിട്ടില്ല. എങ്കിലും ഇൻഡ്യയുടെ കാര്യത്തിൽ അതിനൊരർത്ഥവുമില്ല ഇൻഡ്യയിൽ അതു സ്വീകരിക്കുന്നതു് നിരർത്ഥകമാണു്. ഇനി വേറൊന്നെടുക്കുക, അരിവാളും ചുററികയുമുള്ള കമ്മ്യൂണിസ്റ്റുകൊടി. ഔദ്യോഗികമായ സോവ്യററുകൊടിയിൽനിന്നു് അതു അല്പം വ്യത്യസ്തമാണെന്നു തോന്നുന്നു. എങ്കിലും അതിലും അരിവാളും ചുററികയുമുണ്ടു്. സോവ്യററ്യൂണിയൻ എന്ന മഹാരാജ്യത്തിന്റെ പതാകയെന്നനിലയിൽ ആ കൊടിയെ ബഹുമാനിക്കുവാൻ ഞാനൊരുക്കമാണു്. എന്നാൽ ആ കൊടി ഇൻഡ്യയിലേക്കു് ഇറക്കുമതി ചെയ്യുകയും ഒരു പാർട്ടിയുടെ ചിഹ്നമായി ഇവിടെ പ്രകടിപ്പിക്കുകയും ചെയ്യുന്നതെന്തിനാണെന്നു് ഗ്രഹിക്കുവാൻ എന്റെ മനസ്സിനു് സാധിക്കുന്നില്ല. ആ പാർട്ടി വിദേശരാജ്യങ്ങളെ ചാരിയോ ആശ്രയിച്ചോ നില്ക്കുന്നുവെന്നും, അല്ലെങ്കിൽ അവയുടെ സഹായം പ്രതീക്ഷിക്കുന്നുവെന്നും ഞാൻ പറഞ്ഞാൽ എനിക്കു തെററിപ്പോകുന്നുവോ? തീർച്ചയായും ഇല്ല. ആ വിദേശരാജ്യം ആശ്ചര്യകരമായ ഒന്നായിരിക്കാം. ആശ്ചര്യകരമായ രാജ്യമാണതെന്നു് നമുക്കു സമ്മതിക്കാം. നാം സോവ്യററ്യൂണിയന്റെ മിത്രങ്ങളാണു്. ഇൻഡ്യ ബാക്കി ലോകത്തിൽനിന്നു വേർപെട്ടു് ഒററതിരിഞ്ഞ ജീവിതം നയിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. ബാക്കി ലോകത്തിനു കൈവന്നിരിക്കുന്ന സകല ആശയങ്ങളോടും ഇൻഡ്യക്കു തുറന്ന മനസ്സുണ്ടായിരിക്കണമെന്നാണു് എന്റെ ആഗ്രഹം. ഒററയായ ജീവിതമോ ബാഹ്യലോകത്തിൽനിന്നുള്ള വേർപെട്ട നിലയോ നമുക്കു വേണമെന്നു് ഞാൻ ഇച്ഛിക്കുന്നില്ല. ആകയാൽ റഷ്യയിൽനിന്നുള്ള ആശയങ്ങൾ നല്ലതാണെങ്കിൽ എല്ലാപ്രകാരത്തിലും അവ ഇങ്ങോട്ടുവന്നുകൊള്ളട്ടെ. അവയെ തടയണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ നിങ്ങൾ റഷ്യക്കാരാണെന്നു് ഭാവം പിടിച്ചുനടക്കുന്നതു വേറെ കാര്യമാണു്. ആളുകൾ സ്വയം ഇടതുപക്ഷക്കാർ എന്നു വിളിക്കുകയും പുറമേനിന്നു് ചിലതൊക്കെ ഇറക്കുമതി ചെയ്തു് അതു് ഇവിടെയുള്ളവരുടെ ഉള്ളിൽ തള്ളിക്കയററാൻ ശ്രമിക്കുകയും ചെയ്യുന്നതു് മനസ്സിലാക്കുവാൻ എനിക്കു സാദ്ധ്യമല്ല. ആ വിദേശച്ചുവക്കു നന്നല്ല. അതിനോടു് എതിർക്കുവാനുള്ള വാസന നമ്മുടെ ദേശീയ പ്രസ്ഥാനത്തിനുണ്ടു്. എന്തുകൊണ്ടെന്നാൽ അതു് മാനസികമായ വിധേയത്വത്തിന്റേയും അടിമത്തത്തിന്റേയും അടയാളമാണു്. അല്പം വ്യത്യസ്തരീതിയിലുള്ള

# ദിവ്യകാരുണ്യോപവാസം

10-ാം പീയൂസ് മാർപ്പാപ്പായുടെ "വേദോപദേശ"ത്തിൽ ചേർക്കുവാൻ "കൗൺസിലിന്റെ തിരുസ്സംഘം" പ്രസിദ്ധീകരിച്ചിരിക്കുന്ന സർക്കുലർ. ഇററാലിയൻ ഭാഷയിൽനിന്നുള്ള വിവർത്തനം. (Cf. Acta Ap. Sedis, 1953: p. 809—810)

ചോ: നമ്പർ 335. ദിവ്യകാരുണ്യം യോഗ്യതാപൂർവ്വം സ്വീകരിക്കുന്നതിനു് ആവശ്യമുള്ള കാര്യങ്ങൾ ഏതു?

ഉ: ദിവ്യകാരുണ്യം യോഗ്യതാപൂർവ്വം സ്വീകരിക്കുന്നതിനാവശ്യമുള്ള കാര്യങ്ങൾ മൂന്നു്. (1) പ്രസാദവരത്തോടുകൂടിയിരിക്കുക; (2) സ്വീകരിക്കാൻ പോകുന്നതു് ആരെയാണെന്നു് അറിയുകയും ചിന്തിക്കുകയും ചെയ്യുക; (3) പാതിരാത്രിമുതൽ ഉപവാസം അനുഷ്ഠിക്കുക.

ചോ: നമ്പർ 339. ദിവ്യകാരുണ്യസ്വീകരണത്തിനുള്ള ഉപവാസം എന്തിലടങ്ങിയിരിക്കുന്നു?

ഉ: വെള്ളമൊഴികെ മററു യാതൊരു ഭക്ഷ്യമോ, പാനീയമോ കഴിക്കാതിരിക്കുന്നതിലടങ്ങിയിരിക്കുന്നു.

ചോ: നമ്പർ 340. ഉപവാസം കൂടാതെ ഒരിക്കലും വി. കുർബാന സ്വീകരിക്കാൻ പാടില്ലേ?

ഉ: മരണാവസരത്തിലും തിരുസ്സഭ നിശ്ചയിച്ചിട്ടുള്ള പ്രത്യേക സന്ദർഭങ്ങളിലും ഉപവാസം കൂടാതെ വി. കുർബാന കൈക്കൊള്ളാം.

ചോ: നമ്പർ 340 bis. തിരുസ്സഭ നിശ്ചയിച്ചിട്ടുള്ള സന്ദർഭങ്ങളേവ?

ഉ: താഴെപ്പറയുന്നവ: (1) സുഖമില്ലാത്തവർക്കു് പൂർണ്ണോപവാസത്തോടുകൂടി വി. കുർബാന സ്വീകരിക്കുന്നതുകൊണ്ടു് ഗുരുതരമായ വിഷമമുണ്ടാകുമെന്നതിനു് കുമ്പസ്സാരക്കാരന്റെ അനുകൂലാഭിപ്രായമുണ്ടാകുമെങ്കിൽ എന്തെങ്കിലും മരുന്നോ പാനീയമോ (*) കഴിച്ചുശേഷം വി. കുർബാന ഉൾക്കൊള്ളാം. (2) താമസിച്ചോ, ദീർഘവഴി നടപ്പുകഴിഞ്ഞോ,

ബുദ്ധിമുട്ടുള്ള ജോലിക്കുശേഷമോ, പൂർണ്ണോപവാസത്തോടുകൂടി

വി. കുർബാന സ്വീകരിക്കുന്നതുകൊണ്ടു് ഗുരുതരമായ വിഷമം നേരിടുമെന്നതിനു് കുമ്പസ്സാരക്കാരന്റെ അനുകൂലാഭിപ്രായമുണ്ടാകുമെങ്കിൽ, വി. കുർബാന സ്വീകരിക്കുന്നതിനു് ഒരു മണിക്കൂർ മുമ്പുവരെ ഏതെങ്കിലും പാനീയം കുടിക്കാവുന്നതാണു്. (3) വൈകുന്നേരത്തെ ദിവ്യപൂജയിൽ ദിവ്യകാരുണ്യം സ്വീകരിക്കുന്നവർ, എന്തെങ്കിലും ആഹാരം കഴിക്കുന്നപക്ഷം, ഖനപദാർത്ഥങ്ങളാണെങ്കിൽ 3 മണിക്കൂർ മുമ്പും, പാനീയസാധനങ്ങളാണെങ്കിൽ 1 മണിക്കൂർ മുമ്പും കഴിച്ചിരിക്കണം.

ചോ: നമ്പർ 340 ter. പാനീയസാധനങ്ങൾ കഴിക്കാമെന്നു പറഞ്ഞിരിക്കുന്നതിൽ മദ്യം ഉൾപ്പെടുമോ?

ഉ: പാനീയസാധനങ്ങൾ കഴിക്കാമെന്നു പറഞ്ഞിരിക്കുന്നതു് എല്ലാത്തരം മദ്യവും ഒഴിച്ചാണു്.

* (പാനീയാഹാരമെന്നർത്ഥം.)

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ!

ആകാശത്തിൽ അമ്പിളി അമ്മാവനുണ്ടെങ്കിൽ കണ്ടുനിൽക്കാൻ വളരെ കൗതുകമല്ലേ! അമ്പിളി അമ്മാവൻ ചാടി കൈയിലേക്കു വന്നാലോ— ഹോ! എന്തു സന്തോഷമായിരിക്കും!

നമ്മുടെ പട്ടണങ്ങളിലും കൊച്ചുഗ്രാമങ്ങളിലും ഈയിടെ ഒരമ്മാവൻ വരികയുണ്ടായി. അമ്പിളിഅമ്മാവനെപ്പോലെ ശാന്തനായ ശോഭയോടെ പ്രകാശിക്കുന്ന ഒരമ്മാവൻ— അതാരാണെന്നു നിങ്ങൾക്കെല്ലാവർക്കും അറിയാം. നിങ്ങളിൽ ചിലർക്കു് സമ്മാനങ്ങൾകൂടി അദ്ദേഹം തന്നു. കുഞ്ഞുങ്ങളോടു് അതിരററ വാത്സല്യമാണു് ആ അമ്മാവനുള്ളതു്. ഒരു വിശ്രമവുമില്ലാതെ രാജ്യത്തിന്റെ ഒരററം മുതൽ മറേറ അററംവരെ കുണ്ടും കുഴിയും പൊടിയും ചരലും കേററവും ഇറക്കവും വളവും തിരിവും നിറഞ്ഞ റോഡുകളിലൂടെ അദ്ദേഹം സഞ്ചരിച്ചു. അനേകലക്ഷം ആളുകൾ അദ്ദേഹത്തെ കണ്ടുവണങ്ങി. അനേകം കണ്ഠങ്ങളിൽനിന്നും ജയാരവങ്ങൾ മുഴങ്ങി. കൊച്ചുകുഞ്ഞുങ്ങളെ അദ്ദേഹം താലോലിച്ചു. അവർക്കു് പുഷ്പമാല്യങ്ങൾ അദ്ദേഹം സമ്മാനിച്ചു. ഹോ! നമ്മുടെ നാട്ടിലെല്ലാം ഒരു വലിയ ഉത്സവത്തിന്റെ പ്രതീതി ഉണ്ടാക്കി. അമ്മാവൻ പലതും നമ്മോടു് പറഞ്ഞിട്ടു പോകയും ചെയ്തു.

മഹാനായ നെഹ്റു അമ്മാവനെ അടുത്തു കാണാത്ത പലരും ഇക്കുറി കണ്ടു. അദ്ദേഹത്തിന്റെ ആഹ്വാനശബ്ദംകൂടി പല കുഞ്ഞുങ്ങളും ഇപ്പോൾ കേട്ടുകഴിഞ്ഞു. ഹോ! എന്തു ചൈതന്യമുള്ള വ്യക്തിയാണാ അമ്മാവൻ! എന്നു് നിങ്ങൾക്കു തോന്നിക്കാണും. ആ അമ്മാവനിൽനിന്നു് വളരെ ഏറെ നമുക്കു് പഠിക്കാനുണ്ടു്. കുഞ്ഞുങ്ങൾ താല്പര്യപൂർവ്വം പലതും അദ്ദേഹത്തിൽനിന്നു പകർത്തണം.

അദ്ധ്വാനശീലം ആ അമ്മാവന്റെ കൂടെപ്പിറപ്പാണു്. ദിവസത്തിൽ 24 മണിക്കൂർമാത്രമാണല്ലോ എനിക്കും നിങ്ങൾക്കും അമ്മാവനും അച്ഛനും എല്ലാവർക്കുമുള്ളതു്. നിങ്ങളുടെ 24 മണിക്കൂറുകളെങ്ങനെ കഴിക്കുന്നുവോ അതിനെ ആശ്രയിച്ചാണല്ലോ ജയവും തോൽവിയുമൊക്കെ. നെഹ്റുഅമ്മാവൻ 20 മണിക്കൂറും പണിയെടുക്കുകയാണു്. കഠിനമായ പണി. നിങ്ങളോ? 4 മണിക്കൂർ എന്തെങ്കിലും പണിയെടുക്കുന്ന കുഞ്ഞുങ്ങൾതന്നെ അപൂർവ്വമല്ലേ? ഇന്നലെ എന്നേക്കുമായി പോയസ്ഥിതിക്കു് നാളെ നമ്മുടെ ഗതി എന്തെന്നറിഞ്ഞുകൂടാത്ത സ്ഥിതിക്കു് "ഇന്നു" മാത്രമേ നമ്മുടെ പിടിയിലുള്ളു. ആ "ഇന്നു്" നല്ല അദ്ധ്വാനംകൊണ്ടു നിറയ്ക്കുക. അങ്ങനെ ചെറുപ്പകാലമത്രയും പ്രയത്നിച്ചതിന്റെ ഫലമായാണു് നെഹ്റു അമ്മാവൻ ലോകത്തിൽ ഇത്ര മഹത്തായ സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നതു്.

മനുഷ്യരോടു് ആ അമ്മാവനുള്ള സ്നേഹം എത്രയെന്നു നോക്കൂ. ഇൻഡ്യയിലുള്ള 35 കോടി ജനങ്ങളുടെ ക്ഷേമത്തിനും സുഖത്തിനും വേണ്ടിയാണു് അദ്ദേഹം അക്ഷീണമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്. കുഞ്ഞുങ്ങൾ സ്വാർത്ഥതല്പരരാകരുതു് എന്നു് നെഹ്റു അമ്മാവനിൽനിന്നും പഠിക്കേണ്ടതാണു്.

സത്യസന്ധത, കൃത്യനിഷ്ഠ, ചുമതലാബോധം, എതിർക്കുന്നവരോടുപോലുമുള്ള സ്നേഹം ഇതൊക്കെ ആ അമ്മാവനിൽ തിളങ്ങിശോഭിക്കുന്ന സൽഗുണങ്ങളാണു്.

കുഞ്ഞുങ്ങൾ, നിങ്ങളിൽ ഈശ്വരൻ നൽകിയിരിക്കുന്ന ചൈതന്യത്തിനു് മങ്ങൽ ഉണ്ടാകരുതു്. ദുഷിച്ച ചിന്തകളും, ചീത്ത വാക്കുകളും അഴുക്കുപിടിച്ച പ്രവൃത്തികളും നിങ്ങളിലുള്ള ചൈതന്യത്തെ ഇല്ലാതാക്കും. ചൈതന്യം പോയാൽ നിങ്ങളും എണ്ണവററി കരിപിടിച്ചു് അണഞ്ഞുപോയ വിളക്കുപോലെയായിത്തീരും. സത്യത്തിൽക്കൂടി, വിനയത്തിൽക്കൂടി, ഈശ്വരവിശ്വാസത്തിൽക്കൂടി, സൽപ്രവൃത്തികളിൽക്കൂടി കുഞ്ഞുങ്ങൾ വളരുമോ—? നെഹ്റു അമ്മാവനെപ്പോലെ ചൈതന്യവും ഓജസ്സും നിങ്ങൾക്കും കൈവരും. അതിനാൽ അടുത്തുകൂടി പോയ അമ്പിളിയമ്മാവനെ നിങ്ങൾ മറക്കാതിരിക്കുക. അദ്ദേഹത്തിന്റെ ഉപദേശങ്ങളെ ഓർമ്മിക്കുക. കഠിനമായ അദ്ധ്വാനംകൊണ്ടും സന്മാർഗ്ഗത്തിൽക്കൂടിയുള്ള പോക്കുകൊണ്ടും മാത്രം സന്തുഷ്ടിയും സന്തോഷവും വ്യാപിപ്പിക്കുക.

"ജയ് ഹിന്ദ്"

നിങ്ങളുടെ സ്വന്തം

കുഞ്ഞമ്മാവൻ



ചൈതന്യം പോയാൽ നിങ്ങളും എണ്ണവററി കരിപിടിച്ചു് അണഞ്ഞുപോയ വിളക്കുപോലെയായിത്തീരും!

---

മാനസികമായ അടിമത്തം ഇടതുപക്ഷ്യാദർശമുള്ളവർ എന്നു സ്വയം വിളിക്കുന്ന ആളുകളിൽ ഞാൻ കാണുന്നു. നാം വ്യക്തികളെപ്പററിയല്ല പരാമർശിക്കുന്നതു്. നാം പരാമർശിക്കുന്നതു് തത്വങ്ങളേയും മനോഭാവങ്ങളേയും മററും കുറിച്ചാണു്. മഹത്തായ ആശയങ്ങൾ എവിടെനിന്നുവന്നാലും നമുക്കു അവയെ സ്വീകരിക്കുവാൻ വിരോധമില്ല, സ്വീകരിക്കുകയുംവേണം. എന്നാൽ അവ ഇൻഡ്യയുടെ ആത്മാവിനോടും അവളുടെ പ്രത്യേകസ്വഭാവത്തോടും ഒത്തിണങ്ങുന്നതായിരിക്കണമെന്നു് നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം അവ വിദേശീയങ്ങളായിത്തന്നെയിരിക്കും; ഒത്തിണങ്ങാത്തതുകൊണ്ടു് വേണ്ടവിധം വികസിക്കുകയില്ല.

## ഇടതുപക്ഷപാർട്ടികൾ പരസ്പരവിരുദ്ധങ്ങൾ

കോൺഗ്രസ്സിനു് എതിരായി ഇവിടെ തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും, ജയിക്കുന്നപക്ഷം ഒരു ഗവണ്മെൻറു രൂപീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്ന കൂട്ടുകെട്ടുള്ള നാലു ഇടതുപക്ഷ പാർട്ടികളും പരസ്പരവിരുദ്ധങ്ങളായ ആദർശങ്ങളോടും പരിപാടികളോടുംകൂടിയവയാണെന്നു് നെഹ്റു തന്റെ പ്രസംഗങ്ങൾക്കിടയിൽ പല പ്രാവശ്യവും ആക്ഷേപിച്ചിട്ടുണ്ടു്. അതു യഥാർത്ഥമാണെന്നു കാണിക്കുവാൻ ആ പാർട്ടികളിലെ ഉന്നതനേതാക്കന്മാരുടെ പ്രസ്താവങ്ങൾതന്നെ ഞങ്ങൾ ഉദ്ധരിക്കാം:-

കമ്മ്യൂണിസ്റ്റുകാരുമായി ചേർന്നു ഭരണം നടത്തുവാൻ ഒരിക്കലും സാദ്ധ്യമല്ല. (ലോഹ്യാ—പി. എസ്. പി.) പി. എസ്. പി. ഏററവും വലിയ പിൻതിരിപ്പൻ പാർട്ടിയാണു് (ഡാങ്കേ— കമ്മ്യൂണിസ്റ്റു്) കമ്മ്യൂണിസ്റ്റുകാർ ജനാധിപത്യത്തിന്റെ ബദ്ധശത്രുക്കളാണു്. (പട്ടം—പി.എസ്. പി.) കമ്മ്യൂണിസ്റ്റുകാരെ കടലാവണക്കിൻ പത്തലിനു് അടിക്കണം (ശ്രീകണ്ഠൻ—ആർ. എസ്. പി.) ആർ. എസ്. പി. ക്കാരെ മമ്മാനോക്കി ഇടിക്കണം (ഗോവിന്ദൻനായർ കമ്മ്യൂണിസ്റ്റു്) കമ്മ്യൂണിസ്റ്റുകാരന്റെ പല്ലടിച്ചുപൊഴിക്കണം (മാത്തുരാൻ—കെ. എസ്. പി.) ഇവിടെ പൊതുതിരഞ്ഞെടുപ്പു നടത്തണം (ബാലകൃഷ്ണമേനോൻ—പി എസ്. പി.) അഖിലകക്ഷിമന്ത്രിസഭ വേണം. (ടി. വി. തോമസ്—കമ്മ്യൂ:) സുപ്രീംകോടതി ജഡ്ജിമാരുടെ മേൽനോട്ടത്തിൽ ഇവിടെ തിരഞ്ഞെടുപ്പു നടത്തണം. (ശ്രീകണ്ഠൻ). ഇവിടെ പ്രസിഡൻറുഭരണം മതി. (മാത്തുരാൻ). ഇവിടെ ഐക്യമുന്നണി മന്ത്രിസഭാശിശു ജീവിക്കുകയില്ല; കാരണം ഞങ്ങൾ തമ്മിൽ അത്രയ്ക്കു് അകൽച്ചയുണ്ടു്. (ശ്രീകണ്ഠൻ).

ഇത്രമാത്രം വിചാരത്തിലും വികാരത്തിലും ഭിന്നതയുള്ള പാർട്ടികളുടെ സംയുക്തഭരണം തുടങ്ങിയാൽ ഉടൻതന്നെ അവസാനിക്കുമെന്നു് വല്ല സംശയവുമുണ്ടോ?

# അഷ്ടഭാഗ്യങ്ങൾ

(ജയിംസ് കെ. സി., മണിമല)

ഭാഗ്യം—അതു് അനന്തതയിൽ ഒളിഞ്ഞുനിന്നുകൊണ്ടു വല്ലപ്പോഴുമൊക്കെ ജീവിതത്തിന്റെ മമ്പിൽ പ്രത്യക്ഷപ്പെട്ടു പുഞ്ചിരിതൂകുകയാണെന്നു് അന്നു് ആളുകൾ വിചാരിച്ചിരുന്നു. ആ "കാണാമാണിക്യ"ത്തെ ഒന്നു തേടിപ്പിടിക്കുവാൻ പൗരാണികർ ഊണും ഉറക്കവുമൊഴിഞ്ഞു കാത്തിരുന്നിട്ടുണ്ടു്. പ്രവാചകന്മാരുടെ പാദമുദ്രകളെ പലവുരു അവർ പിൻചെന്നിട്ടുണ്ടു്.



അവർ—കഴിഞ്ഞതും, നില്ക്കുന്നതും, വരുവാനുള്ളതും കണ്ണാടിയിൽ കാണുന്ന കാരുണ്യശീലന്മാർ—കാലത്തിന്റെ വരവിൽക്കൂടെ ചൂണ്ടിക്കാണിച്ചു; പറുദീസായിലെ പരമസൗഭാഗ്യസങ്കേതത്തിലേക്കു്, അങ്ങോട്ടുള്ള സോപാനപരമ്പരകൾ എണ്ണുകയായി, ജനങ്ങളുടെ ഭാവന. പക്ഷെ ആ പടിവാതിൽ പൂട്ടപ്പെട്ടിരിക്കുകയാണു്, അനുസരണക്കേടിനു് ആദിമാതാപിതാക്കന്മാരെ ശിക്ഷിച്ച അതേ കൈയാൽത്തന്നെ.

പ്രവാചകർ പറഞ്ഞു: "കാലത്തിന്റെ തികവിൽ രക്ഷകൻ വരും. അദ്ദേഹം സൗഭാഗ്യസങ്കേതത്തിലേക്കു മാർഗ്ഗനിർദ്ദേശം ചെയ്യും; അനശ്വരഭാഗധേയങ്ങൾ ഒന്നൊന്നായി ചൂണ്ടിക്കാണിക്കും."

അവർ കാത്തിരുന്നു. രക്ഷകൻ വന്നു. ഹൃദ്യമായ ആ വചോവിലാസത്തിൽ ഭാഗ്യത്തിന്റെ മധുരനാദം മുഴങ്ങി. ആ ചെറുവാചകങ്ങളിൽ നൂതനത്വം മൊട്ടിട്ടുനിന്നു. ചിന്താപരമ്പരകളുടെ ഇമ്പോൽപ്പുളികൾ ലളിതമോഹനമായ ആ ആശയധോരണിക്കു വഴിമാറിക്കൊടുത്തു. നമ്മുടെ നൂറുനൂറായിരം ജീവിതചര്യകളിൽ ഭാഗ്യത്തിന്റെ നിഴൽപ്പാടുകളാണു് അവിടുന്നു നിർദ്ദേശിക്കുന്നതു്. ശ്രദ്ധിച്ചാലും:—

1. "ആത്മാവിൽ ദാരിദ്ര്യമുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു." (St. Mat. 5-3)

അതാ വീണ്ടും അതു പ്രതിധ്വനിക്കുന്നു: "തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും" (St. Luke 18-14)

* * *

2. "ശോകഭരിതന്മാർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ സമാശ്വസിപ്പിക്കപ്പെടും" (St. Mat. 5-4) കരഞ്ഞുകരഞ്ഞു കരിഞ്ഞുപോകുമെന്നു കരുതിയ എത്ര ജീവിതവല്ലരികൾ ഇന്നു തളിർത്തു കുളിർത്തു വിലസുന്നില്ല? ഐഹികജീവിതത്തിൽ ഒരു മന്ദഹാസമെങ്കിലും ദർശിക്കാത്ത വി. ഫിലോമിനായും ജോവാൻ ഓഫ് ആർക്കുമൊക്കെ എത്രകണ്ടു ധന്യചരിതരല്ല!

* * *

3. "വിനയശീലന്മാർ ഭാഗ്യവാന്മാർ; എന്തെന്നാൽ ഭൂമി അവർക്കുള്ളതാകുന്നു" (St. Mat. 5-5) ആർഭാടബഹുലമായ ലോകം അറിയാത്ത എത്രയെത്ര പുണ്യാത്മാക്കൾ ഇന്നു നിത്യതയുടെ പ്രശാന്തതയിൽ സുകൃതപരിമളധോരണിയോടെ വിരാജിക്കുന്നില്ല?

* * *

4. "നീതിക്കുവേണ്ടി ക്ഷുത്പിപാസാവിവശരാകുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ തികച്ചും സംതൃപ്തരാകും" (St. Mat. 5-6) ഹാ, നീതിയുടെപേരിൽ കാരാഗൃഹത്തിലും കഴുമരച്ചുവട്ടിലും എരിഞ്ഞുപൊരിയുന്ന ധീരാത്മാക്കളാണു ലോകത്തിലെ ഏററവും വലിയ സംതൃപ്തചിത്തന്മാർ. അവരുടെ അന്തരാത്മാവിൽ പുളകപ്രദമായ ഒരു സൗഭാഗ്യനിനദം സദാ പ്രതിധ്വനിക്കുന്നുണ്ടു്. നിത്യതയിൽ അതിന്റെ പൂർത്തീകരണവും!

* * *

5. "കരുണാത്മാക്കൾ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ കാരുണ്യത്തിനുവിധേയരാണു്." (St. Mat. 5-7) വി. വിൻസെൻറു് ഡി പോൾ, ഫ്രാൻസിസ്സ് അസ്സീസി തുടങ്ങി എത്രയെത്ര ദയാശീലന്മാരുടെ പാവനനാമങ്ങൾ ഇന്നു തിരുസ്സഭാംബികയെ കോൾമയിർക്കൊള്ളിക്കുന്നില്ല?

6. "ഹൃദയനൈർമ്മല്യമുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർക്കു സച്ചിദാനന്ദനെ സന്ദർശിക്കാം." (St. Mat. 5-8) വി. സ്റ്റനിസ്ലാവോസും, വി. കൊച്ചുത്രേസ്യായുമൊക്കെ ഹൃദയവിശുദ്ധിയുടെ മധുരസൗരഭ്യം പരത്തിക്കൊണ്ടു് തിരുസ്സഭാവാടിയിൽ ലാലസിക്കുന്ന വാടാമലരുകളല്ലേ?

* * *

7. "സമാധാനദായകന്മാർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും. (St. Mat. 5-9) കൂട്ടക്കൊലയുടെയും രക്തച്ചൊരിച്ചിലിന്റെയും മദ്ധ്യത്തിൽ ശാന്തിസന്ദേശവുമായി ഇറങ്ങിച്ചെന്ന വീരാത്മാക്കളല്ലേ സാക്ഷാൽ ദൈവപുത്രന്മാർ? സ്വാർത്ഥതയുടെയും ദുർമ്മോഹത്തിന്റെയും ഉയർത്തിയ ഖഡ്ഗങ്ങൾക്കുമുമ്പിൽ പതറിപ്പോകാത്ത മററിടം ഇറങ്ങി ... hmm

("പടയുടപ്പില്ലാത്ത മാറിടം ഇറന്നു കാണിക്കുന്ന ആ ദൈവികധൈര്യത്തെ ആരുതന്നെ പ്രശംസിക്കുകയില്ല."

* * *

8. "നീതിക്കുവേണ്ടി മർദ്ദിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗത്തിനവകാശികൾ അവരാകുന്നു." (St. Mat. 5-10) അനീതിനിറഞ്ഞ ലോകം, നീതിയുടെപേരിൽ നിസ്സഹായ്യക്തികളെ കൊലക്കളത്തിലേക്കു നയിക്കുന്ന ആ തലതിരിഞ്ഞ നിയമങ്ങൾ ഇന്നും ഇന്നലെയും ഉണ്ടായതല്ല. അഷ്ടഭാഗ്യങ്ങൾ ചൂണ്ടിക്കാണിച്ച പരമകാരുണികനാണു് ആദ്യമായി ക്രൂശിക്കപ്പെട്ടതു്. ഇന്നും ലോകത്തിൽ അങ്ങോളമിങ്ങോളം ഈശ്വരനിഷേധരാക്ഷസ്സുകൾ നഗ്നനൃത്തം ചെയ്യുന്നുണ്ടു്. അപ്പസ്തോലപ്രമുഖന്മാർ, വി. എസ്തപ്പാനോസു്, വി. ഗീവറുഗീസു്, വി. ലോറൻസു്, വി. വിൻസെൻറു്, വി ബൊനിഫാസു് മുതലായവർ തുടങ്ങി ഫാദർ പ്രോ വരെ എത്ര വ്യക്തികളാണു് ഈ നിശാചരതാണ്ഡവത്തിന്റെ ഭീകരതയിൽ ഹൃദയരക്തം ഊററിയൊഴിച്ചിരിക്കുന്നതു്! പക്ഷെ ആ കാൽച്ചുവടുകൾ പരിശോധിച്ചു ലോകം, അവയുടെ കറയററ കമനീയതയെ കണ്ണിമയ്ക്കാതെനോക്കിക്കൊണ്ടിരിക്കുന്നു.

"നന്മയ്ക്കുവേണ്ടി നീ നേർവഴിയിൽനിന്നു ധർമ്മയുദ്ധം ചെയ്തു തോററുപോയാൽ, പോകട്ടെ, ആ തോൽവിതന്നെ ജയമെന്നു ലോകംകടശിയിൽസമ്മതിക്കും."

## ബർളിൻജനത പ്രാർത്ഥിക്കുന്നു

ജർമ്മനിയെ സംബന്ധിക്കുന്ന ഗൗരവാവഹമായ പ്രശ്നങ്ങളെപ്പററി ചതുശ്ശക്തി വിദേശകാര്യമന്ത്രിമാർ ഇപ്പോൾ ബർലിനിൽ ചർച്ചനടത്തിക്കൊണ്ടിരിക്കുകയാണല്ലോ. സമ്മേളനസ്ഥലത്തിനടുത്തുള്ള സെൻറു് മത്തിയാസിന്റെ ദേവാലയത്തിൽ ബർലിനിലെ യുവാക്കന്മാർകൂടി കോൺഫറൻസിന്റെ 'വിജയത്തിനും, ജർമ്മനിയുടെ ഏകീകരണത്തിനും, ലോകസമാധാനത്തിനുംവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തിയിരിക്കുന്നു. ബർലിനിലുള്ള എല്ലാ ദേവാലയങ്ങളിലും അനുദിനം ദിവ്യബലിയുടെ ഇടയ്ക്കു സമാധാനത്തിനുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകൾ നടത്തപ്പെടുന്നു. കുർബാനയ്ക്കുശേഷം വിശ്വാസികൾ എല്ലാം ജർമ്മനിയുടെ ഏകീകരണത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. ദൈവാനുഗ്രഹത്തിൽ പ്രത്യാശ സമർപ്പിച്ചുകൊണ്ടുള്ള ബർലിൻ ജനതയുടെ ശ്രമങ്ങൾ ഫലദായകങ്ങളാകുമെന്നു പ്രതീക്ഷിക്കാം.

# "അജ്ഞാതരത്നം"

(ബ്രദർ പി. വർഗ്ഗീസ്, മംഗലാപുരം)

അനുവാചകർ ഒരുപക്ഷേ അത്ഭുതപ്പെട്ടേക്കും അതറിയുമ്പോൾ. അത്രയ്ക്കജ്ഞാതമാണ് അധികംപേർക്കും അത്. ഭാരതപ്രേഷിതനായ വി. തോമ്മാശ്ലീഹായുടെ സംപൂജ്യാവശിഷ്ടങ്ങൾ എത്രയെത്ര ആമോദപ്രകർഷത്തോടും, അഭിമാനവിജൃംഭണത്തോടും കൂടിയാണ് നാം സ്വീകരിച്ചത്! അതിന്റെ ആസ്ഥാനമായ കൊടുങ്ങല്ലൂരും മൈലാപ്പൂരും തീർത്ഥകേന്ദ്രങ്ങൾതന്നെയായിരിക്കുന്നു. ഭാരതത്തിന്റെ ദ്വിതീയ ശ്ലീഹായായ ശൗര്യാരുപുണ്യവാന്റെ അക്ഷയശരീരം ദർശിക്കുവാനായി ആയിരമായിരം ജനങ്ങൾ ഓടിക്കൂടിയ രംഗം ഇപ്പോഴും മറഞ്ഞുകാണുകയില്ല, പലരുടേയും സ്മരണയിൽനിന്നും. അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്ന മറ്റൊരു തിരുശേഷിപ്പും ഭാരതത്തിനു സ്വന്തമായുണ്ട്. സ്ഥലവാസികളൊഴിച്ച് ബഹുജനങ്ങൾക്ക് അജ്ഞാതമാണ് ആ വിശുദ്ധൻ എന്നുമാത്രം.

സുമാർ അൻപതുവർഷം കടന്നുപോയിരിക്കുന്നു ആ അമൂല്യനിക്ഷേപം ഭാരതത്തിനു ലബ്ധമായിട്ട്. മംഗലാപുരം വൈദികകലാലയത്തിലെ പ്രധാന ബലിപീഠത്തിനുതാഴെ ഭദ്രമായി അത് സൂക്ഷിക്കപ്പെട്ടിരിക്കുന്നു. യൗവനത്തിലേക്കു കാലൂന്നുന്ന ഒരു തേജഃപുഞ്ജം. പുഞ്ചിരി പൊഴിച്ചുകൊണ്ടു സുഖസുഷുപ്തിയിലാണ്ടിരിക്കുംപോലെ തോന്നും ആ രൂപം കണ്ടാൽ. ഇടതുകരത്തിൽ രക്തസാക്ഷികളുടെ വിജയപതാക ഒളുക്കിപ്പിടിച്ചിരിക്കുന്നു. വി. ഗ്രേഷ്യൻ. അതാണാ രക്തസാക്ഷിയുടെ പേര്. വിശുദ്ധന്റെ തിരുശേഷിപ്പുകൾ പൂർണ്ണമായി നമുക്കു ലഭിച്ചിട്ടുണ്ട്. അവയിൽ പ്രധാനമായവ ലോഹനിർമ്മിതമായ രണ്ടു പേടകത്തിൽ അടക്കംചെയ്ത പ്രതിമയുടെ വിരിമാറിനുള്ളിൽ സൂക്ഷിച്ചിരിക്കുന്നു. മറ്റസ്ഥികളെല്ലാം മറ്റൊരു പെട്ടിയിലാക്കി ശിരോപധാനമായി വച്ചിരിക്കുന്നു. "Gratianus in Pace" (ഗ്രേഷ്യൻ സമാധാനത്തിൽ വിശ്രമിക്കുന്നു) എന്ന് ആലേഖനം ചെയ്തിട്ടുള്ളതും, ഭൂഗർഭാലയത്തിൽ, വിശുദ്ധന്റെ കബറിടത്തിൽനിന്നും ലഭിച്ചതുമായ ഒരു മാർബിൾശിലയാണ്, പ്രസ്തുത പെട്ടിയുടെ മുൻവശം. തിരുസ്വരൂപത്തിന്റെ കാലിനടുത്തു മുൻവശത്തായി ഒരു സ്ഫടികപ്പാത്രത്തിൽ വിശുദ്ധന്റെ ഉറച്ച രക്തവും ഭദ്രമായി സൂക്ഷിക്കുന്നുണ്ട്. റോമൻ വേഷധാരിയായി ശയിക്കുന്ന ഈ ബാലരക്തസാക്ഷിയുടെ തിരുശേഷിപ്പുകൾ മുഴുവൻ അടങ്ങിയ ഈ പൂർണ്ണകായപ്രതിമ, ഒരു മനോഹരമായ ഗ്ലാസ്പേടകത്തിൽ സൂക്ഷിച്ചുവരുന്നു. ഇദ്ദേഹം ആരെന്നും, ഈ അനർഘനിക്ഷേപം നമുക്കെങ്ങനെ ലഭിച്ചെന്നും അറിയുന്നത് വിജ്ഞാനപ്രദമായിരിക്കുമല്ലോ.

മൂന്നാംനൂറ്റാണ്ടിൽ റോമനഗരിയിൽവച്ചു രക്തസാക്ഷിമകുടം ചൂടിയ ഒരു ധീരബാലനായിരുന്നു വി. ഗ്രേഷ്യൻ. അന്ന് അദ്ദേഹത്തിനു ഉദ്ദേശം പതിനഞ്ചുവയസ്സേ പ്രായമുണ്ടായിരുന്നുള്ളു. അദ്ദേഹത്തിന്റെ മൃതദേഹം സംപൂജ്യമായി ഭൂഗർഭാലയത്തിൽ മറവുചെയ്തു. 1775-ാമാണ്ടുമുതൽ 1779 വരെ തിരുസഭാനൗകയെ നയിച്ച 6-ാംപീയൂസ് മാർപ്പാപ്പായുടെ പ്രത്യേകാനുമതിയോടുകൂടി "ആൻഡ്രൂമി കലിനി" എന്ന ഈശോസഭാവൈദികൻ വി. കലിസ്റ്റസിന്റെ നാമധേയം വഹിക്കുന്ന ഭൂഗർഭാലയത്തിൽ നിന്നും മറുമായി 155 രക്തസാക്ഷികളുടെ തിരുശേഷിപ്പുകൾ സുരക്ഷിതമായി കണ്ടെടുത്തു. പൂർണ്ണമായി അദ്ദേഹത്തിനു ലഭിച്ച പൂജ്യാവശിഷ്ടങ്ങളിൽ ഒന്നായിരുന്നു വി. ഗ്രേഷ്യന്റേത്. ഈ തിരുശേഷിപ്പു കണ്ടെടുത്ത കബറിടത്തിനു മുകളിൽ ആണ് മുൻപ്രസ്താവിച്ച മാർബിൾ ശിലാലിഖിതം കണ്ടത്. തനിക്കു ലഭിച്ച ഈ അമൂല്യനിധി പ്രസ്തുതവൈദികൻ ഇറ്റലിയിൽ ക്ലാരപ്പുണ്യവതിയുടെ നാമത്തിൽ അദ്ദേഹം സ്ഥാപിച്ച കന്യകാലയത്തിൽ ഭദ്രമായി സൂക്ഷിച്ചുപോന്നു.

1878-ൽ കർമ്മലിത്താവൈദികരിൽനിന്നും മംഗലാപുരം രൂപതാഭരണം ഈശോസഭാവൈദികരിൽ വന്നുചേർന്നു. രൂപതാവികാരിജനറാളായി നിയമിക്കപ്പെട്ട എജീദിയസ് ഫ്രക്കേട്ടി എന്ന ഈശോസഭാവൈദികൻ 1902-ൽ യൂറോപ്പിൽ ആയിരുന്നു. ഇറ്റലിയിലെത്തിയ അദ്ദേഹത്തിനു മനസ്സിലായി അവിടെയുള്ള ക്ലാരകന്യകാലയത്തിൽ 155 രക്തസാക്ഷികളുടെ പൂജ്യാവശിഷ്ടങ്ങൾ സൂക്ഷിക്കപ്പെടുന്നുണ്ടെന്ന്. അദ്ദേഹം നിശ്ചയിച്ചു അതിൽ ഒന്ന് തന്റെ രൂപതയിൽ കൊണ്ടുവരണമെന്ന്. അതിനായി അദ്ദേഹത്തിന്റെ തീവ്രയത്നം. ആദ്യമാദ്യം നിരാശാജനകമായ മറുപടികളാണ് അദ്ദേഹത്തിനുലഭിച്ചത്. അദ്ദേഹമുണ്ടോ അതുകൊണ്ടു പിന്തിരിയുന്നു? തിരുശേഷിപ്പുകൾ കൊടുക്കുന്നതിൽ അത്യധികം വൈമനസ്യം കാണിച്ച കന്യകാലയാധികൃതരോട് അദ്ദേഹം പറഞ്ഞു: "ഒരു രക്തസാക്ഷിയുടെ തിരുശേഷിപ്പ് എന്തിനാണെന്നോ? പൗരസ്ത്യരാജ്യമായ ഭാരതത്തെ രക്തസാക്ഷികളുടെ രാജാവായ ക്രിസ്തുവിലേക്കാനയിക്കാനാണത്. ഭാരതക്രൈസ്തവരുടെ വിശ്വാസദീപം മങ്ങാതെ ജ്വലിക്കുന്നതിനുപകരിക്കുന്നവറ്റാത്ത എണ്ണയായിരിക്കും ഒരു രക്തസാക്ഷിയുടെ സംപൂജ്യസാന്നിദ്ധ്യം." അദ്ദേഹത്തിന്റെ അനുസ്യൂതമായ അപേക്ഷകളാൽ അധികൃതർ അനുകൂലരുമായി. ഒടുവിൽ അവർ ഗ്രേഷ്യൻ രക്തസാക്ഷിയുടെ തിരുശേഷിപ്പുകൾ പരസ്യവണക്കത്തിനായി പ്രദർശിപ്പിച്ചു. മൂന്നാം ദിവസം അനുമതിയും ലഭിച്ചു പ്രസ്തുത തിരുശേഷിപ്പു ഭാരതത്തിലേക്കു കൊണ്ടുപോരുവാനായി. അപ്രകാരം വി. ഗ്രേഷ്യന്റെ പൂർണ്ണമായ തിരുശേഷിപ്പുകളും ഉറച്ച കട്ടപിടിച്ചിരിക്കുന്ന രക്തവും, കബറിടത്തിൽനിന്നും ലഭിച്ച ശിലാലിഖിതവുംകൊണ്ട് 1903-ൽ ഫാദർ ഫ്രക്കേട്ടി മംഗലാപുരത്തു വന്നെത്തി; ഈ സംപൂജ്യാവശിഷ്ടത്തിന്റെ സാധുതയെ വെളിപ്പെടുത്തുന്ന പ്രാമാണികരേഖയും അദ്ദേഹം സമ്പാദിച്ചിരുന്നു.

അത്യാഡംബരപൂർണ്ണമായ ഒരു സ്വീകരണമാണ് ഭാരതത്തിൽ ആ തിരുശേഷിപ്പുകൾക്കു ലഭിച്ചത്. ആ സംപൂജ്യനിധി ഭാരതത്തിൽ കൊണ്ടുവന്നതിന്റെ സുവർണ്ണജൂബിലിയാണ് ഈ മാസത്തിൽ ആഘോഷിച്ചത്. ഭാരതത്തിന്റെ അഭിമാനഭാജനമായ പ്രഥമ കർദ്ദിനാൾ തിരുമേനി സ്ഥലത്തെത്തി, ആഘോഷങ്ങളിൽ പ്രധാനകാർമ്മികത്വം വഹിച്ചു.

ഭാരതത്തെ ക്രിസ്തുവിങ്കലേക്കാനയിക്കാൻ ഈ ധീരരക്തസാക്ഷിയുടെയും സാന്നിദ്ധ്യം നമുക്കു പ്രചോദനമരുളട്ടെ.

## കൃതജ്ഞത



Sr. Alphonsa, I.C.

ബഹു. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദേശിച്ച കാര്യം സാധിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

കെ. എ. ജോസഫ്

100-ൽപരം അനുഭവസാക്ഷ്യങ്ങൾവഴി സുപ്രസിദ്ധങ്ങളായി തീർന്നിട്ടുള്ള
നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം
എന്നീ സിദ്ധൌഷധങ്ങൾ
തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, മണർകാനം, തിരുവനന്തപുരം
എന്നീ സ്ഥലങ്ങളിലെ സെയിൽസ് ഡിപ്പോകൾ വഴിയായും
ഇരിങ്ങാലക്കുട, ആലുവാ, പാലാ, മാവേലിക്കര, പൊൻകുന്നം, കൊല്ലം മുതലായ
സ്ഥലങ്ങളിലുള്ള 100-ൽപരം ഏജൻസികൾവഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു
മാസത്തിൽ രണ്ടു തവണ വീതം പ്രസിദ്ധപ്പെടുത്തുന്ന "കാളൻസ് ബുള്ളററി"നിൽ നാനാവിധ രോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും പ്രതിവിധികളേയുംപററി എഴുതിവരുന്നതുകൊണ്ട് മലബന്ധം, നീർവീഴ്ച, ചുമ, പനി, ക്ഷയം, എക്കൽ, അർശസ്സ്, പ്രമേഹം, ഗ്യാസ്ട്രബിൾ, വയറുവേദന, ഇന്ദ്രിയസ്ഖലനം, അസ്ഥിസ്രാവം, രക്തദൂഷ്യം മുതലായ രോഗങ്ങൾകൊണ്ട് നിരാശപ്പെട്ടു കഴിയുന്നവർ ഞങ്ങൾക്കു രോഗവിവരക്കുറിപ്പുകൾ അയക്കുന്നതിനുപകരം "കാളൻസ് ബുള്ളററിൻ" വായിക്കുന്നതു ഉപകാരപ്രദമായിരിക്കും. പോസ്റ്റേജടക്കം ആറുമാസത്തേക്കുള്ള വരിസംഖ്യ ഒരു ഉറുപ്പികയാകുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന സെയിൽസ് ഡിപ്പോകളിൽനിന്നു് ഓരോ പ്രതി ഒരണവീതം വിലക്കു കിട്ടുന്നതും വായനശാലകൾക്കുമാത്രം സൌജന്യമായി അയക്കുന്നതുമാകുന്നു.
എഴുത്തുകൾ മുതലായവ അയക്കേണ്ടും വിലാസം:- കാളൻ, നെല്ലായി

ആദ്ധ്യാത്മികവീഥി

# മറുപടിക്കത്ത് (5)

(തുടർച്ച)

ദൈവത്തിന്റെ വത്സലമകനേ,

നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന അശുദ്ധവിചാരങ്ങളോട് പൊരുതേണ്ടത് എങ്ങനെയാണെന്നു് ഇനി പറയാം. ആവക ചിന്തകൾ തള്ളിക്കളയണം എന്നു സാധാരണ ഉപദേശിക്കാറുണ്ട്. പക്ഷേ അതെങ്ങനെയാണു ചെയ്യേണ്ടതെന്നു പലക്കും അറിഞ്ഞുകൂടാ. നെററി ചുളിക്കുകയും കണ്ണടയ്ക്കുകയും ബലപ്പെടുകയും തല്ലിട്ടു തല്ലുകയും മററും ചെയ്യുന്നതുകൊണ്ടു വിചാരം പോകാൻപോകുന്നില്ല. മാത്രമല്ല എത്ര കൂടുതലായി അതിനോട്ട് ശ്രദ്ധപതിക്കുന്നുവോ അത്ര കൂടുതലായി അതു ശക്തിപ്പെട്ടുവരുകയുംചെയ്യും.

പിന്നെന്താണു ചെയ്യേണ്ടതു്? അങ്ങോട്ടു തിരിഞ്ഞുനോക്കാതെ ഓടി രക്ഷപെടാൻ നോക്കണം. എന്നു പറഞ്ഞാൽ ചിന്ത മറു വല്ല വിഷയത്തിലേക്കും തിരിക്കണമെന്നർത്ഥം. കൊച്ചുകുട്ടികളുടെ കൈയിൽ മൂർച്ചയുള്ള കത്തിയോ, കത്തിക്കൊണ്ടിരിക്കുന്ന വിളക്കോ വല്ലതും കണ്ടാൽ നാം എന്താണു ചെയ്യുന്നതു? പിടിച്ചുപറിക്കാൻ ശ്രമിച്ചാൽ അവർ ക്ഷോഭിച്ചു് എന്തെങ്കിലും അപകടം ഉണ്ടാക്കും. നേരെമറിച്ചു്, മറെറാന്നും പറയാതെ വല്ല പുഷ്പമോ, വർണ്ണക്കടലാസോ, അവർക്കിഷ്ടമുള്ള മറെറന്തെങ്കിലുമോ കാണിച്ചുകൊടുത്താൽ കത്തി താഴെ വച്ചിട്ട് അതു് വാങ്ങിക്കൊള്ളും. അപ്പോൾ ഒരു ബഹളവും കൂടാതെ, കുട്ടി അറിയാതെതന്നെ കത്തിയെടുത്തു മാററുകയും ചെയ്യാം.

അതുപോലെ അശുദ്ധവിചാരം നമ്മെ അലട്ടുന്നു എന്നറിഞ്ഞാലുടനെതന്നെ "എന്റെ ഈശോയെ, എന്നെ രക്ഷിക്കണമേ, എന്റെ അമ്മേ, എന്റെ ആശ്രയമേ," എന്നിതുപോലെയുള്ള വല്ല സുകൃതജപവും ചൊല്ലിയശേഷം ഈ വിഷയവുമായി യാതൊരു ബന്ധവുമില്ലാത്ത എന്തെങ്കിലുമൊരു സംഗതിയിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കാൻ നോക്കണം. ഉദാഹരണമായി മുൻപു മനഃപാഠമാക്കിയിട്ടുള്ള ഏതെങ്കിലും പദ്യം ചൊല്ലിനോക്കുക, അല്ലെങ്കിൽ പുതുതായി ഒന്നു പാഠിക്കുവാൻ, അല്ലെങ്കിൽ വാസനയുള്ളപക്ഷം ഒരു കവിതയോ ചെറുകഥയോ എഴുതാൻ ശ്രമിക്കുക. അതുമല്ലെങ്കിൽ കുടുംബസംബന്ധമായോ മററു മനസ്സിനെ ക്ലേശിപ്പിക്കുന്ന എന്തെങ്കിലും സംഗതികളുണ്ടെങ്കിൽ അതിനൊരു പരിഹാരമാർഗ്ഗമാലോചിക്കുക. ഇതൊന്നും സാധിക്കാത്തപക്ഷം നമ്മുടെ അറിവിൽപ്പെട്ടിട്ടുള്ളവരിൽ ഏററവും വണ്ണംകൂടിയ അഥവാ പ്രായംകൂടിയ ഒരു പത്തുപേരുടെ ലിസ്റ്റുണ്ടാക്കാൻ ശ്രമിക്കുക.

ഇതൊന്നു പരീക്ഷിച്ചുനോക്കിയാൽ കാണാം എത്ര പെട്ടെന്നു പ്രലോഭനത്തിന്റെ ശക്തി കുറയുമെന്നു്. വല്ല പരുവോ നീരോ വല്ലതുംവന്നു വിങ്ങിക്കൊണ്ടിരിക്കുമ്പോൾ കൂട്ടുകൂടി ചീട്ടു കളിക്കുകയോ മററു ചെയ്താൽ വലിയ ആശ്വാസം തോന്നാറില്ലേ? അതു ശ്രദ്ധ മാറുന്നതുകൊണ്ടാണ്. ആ തത്വംതന്നെയാണ് ഇവിടെയും പ്രയോഗിക്കുന്നതു്.

ശരീരത്തിൽ പ്രലോഭനം അനുഭവപ്പെട്ടുകൊണ്ടിരുന്നാലും അതെപ്പററി അശേഷം ഗൗനിക്കാതെ, യാതൊരു പരിഭ്രമവുംകൂടാതെ, ഓരോ കർത്തവ്യവും കൃത്യമായി ചെയ്തുകൊണ്ടുപോയാൽമതി. നാം മനസ്സാകാതെ അനുഭവപ്പെടുന്ന ആ ക്ഷോഭം നമുക്കൊരുതരത്തിലും ഉപദ്രവംചെയ്യുകയില്ല. നാം വല്ലവഴിക്കും നടന്നുപോകുമ്പോൾ വഴിയരികിലുള്ള വല്ല വീട്ടിലേയും പട്ടി കുരയ്ക്കുന്നതുകേട്ടാൽ അതു ഗൗനിക്കാതെ കടന്നുപോകയല്ലേ സാധാരണ പതിവ്. അതിനെ സമാധാനപ്പെടുത്താൻ പോയാൽ കൂടുതൽ കുരയ്ക്കാനും പക്ഷേ കടിക്കാൻതന്നെയും ഇടയായേക്കും. പ്രലോഭനത്തിന്റെ കാര്യത്തിലും അതുതന്നെയായിരിക്കും അനുഭവം.

മറു പല സംഗതികളും ഇതുസംബന്ധിച്ചു പറയാനുണ്ടെങ്കിലും തൽക്കാലം ഇതു മതിയെന്നു വിചാരിക്കുന്നു. കുഞ്ഞിന്റെ ഇപ്പോഴത്തെ ആത്മസ്ഥിതി എന്തെന്നു് അറിയാൻ ആഗ്രഹമുണ്ട്. ഇനിയും എന്നാൽ പാടുള്ള സകല സഹായങ്ങളും ചെയ്യാൻ തയ്യാറാണു്.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവ്

—o—

## ഉപകാരസ്മരണ



എ. സി. തോമസ്,
മൂവാററുപുഴ

## സൈബീറിയൻ തടങ്കൽപാളയത്തിൽ

തടങ്കൽപാളയങ്ങളിൽ അടിമവേലയ്ക്കായി കമ്മ്യൂണിസ്റ്റുകാർ കന്യാസ്ത്രീകളെ സൈബീറിയായിലേക്കു കടത്തിയിട്ടുണ്ടെന്നു പലപ്പോഴും റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുള്ളതാണല്ലോ. എട്ടുകൊല്ലത്തോളം ഇവിടെ ബന്ധനസ്ഥയായി കഴിഞ്ഞശേഷം മോചനം പ്രാപിച്ചു തിരികെ എത്തിയിട്ടുള്ള ഒരു ഹംഗേറിയൻ വനിത തൽസംബന്ധമായി ചില വിവരങ്ങൾ നൽകിയിരിക്കുന്നു. അവൾ കിടന്നിരുന്ന തടങ്കലിൽതന്നെ 20 ഹംഗേറിയൻ കന്യാസ്ത്രീകളും അമ്പതോളം പോളിഷ്കന്യാസ്ത്രീകളും ഇപ്പോഴും കിടപ്പുണ്ട്. അതികഠിനമായ വേലകളാണ് അവരെക്കൊണ്ടു ചെയ്യിക്കുന്നതു്. വേറെ അഞ്ചു പാളയങ്ങളിലായി നൂറിൽപ്പരം കന്യാസ്ത്രീകൾ ഇതേവിധത്തിൽ കഷ്ടപ്പെടുന്നതായി അവൾക്കറിയാം. 1945-ൽ സൈബീരിയായിലേയ്ക്കു നാടുകടത്തപ്പെട്ട കന്യാസ്ത്രീകളിൽ ഭൂരിപക്ഷവും അത്യദ്ധ്വാനം നിമിത്തമാണു മൃതിയടഞ്ഞതു്. പ്രതിദിനം 10 മണിക്കൂർ നേരത്തേക്കു മരംവെട്ടു ജോലിക്കത്രേ അവർ നിയോഗിക്കപ്പെട്ടിരുന്നതു്.

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam February 24. 1954 No. 26

# വിവിധവൃത്താന്തങ്ങൾ

## പലസ്തീനായിലെ വിശുദ്ധസ്ഥലങ്ങൾ

പുതിയ ഇസ്രായേൽ രാജ്യം ജെറുസലേമിനെ തങ്ങളുടെ തലസ്ഥാനമായി അവകാശപ്പെട്ടുകൊണ്ടിരിക്കയാണല്ലോ. ഐക്യരാഷ്ട്രസംഘടന അതിനു സമ്മതിച്ചിട്ടുള്ളതല്ല. ജെറുസലേം സർവ്വരാജ്യങ്ങളുടേതുമായി ഇരിക്കണമെന്നാണ് അവർ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ഇസ്രായേൽ അധികാരികൾ പറയുന്ന സമാധാനം ജെറുസലേം നഗരത്തിൽ ക്രിസ്ത്യാനികൾ ഇപ്പോൾ തീരെ ദുർല്ലഭമായി മാത്രമേ ഉള്ളല്ലോ എന്നാണ്. പലസ്തീനായിലെ പൊന്തിഫിക്കൽ മിഷൻ പ്രസിഡന്റായ മോൺ: മക്‌മാഹൻ എന്ന ദേഹം തൽസംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവന ശ്രദ്ധേയമത്രേ: "ജെറുസലേത്തുള്ള തീർത്ഥസ്ഥലങ്ങളെല്ലാം തല്ലിത്തകർത്തുകളഞ്ഞുവെന്നിരിക്കട്ടെ. എന്നാലും ക്രിസ്ത്യാനികൾക്ക് അവിടെയുള്ള അവകാശബന്ധം നഷ്ടീഭവിക്കുന്നതല്ല. പലസ്തീനായെ വിഭജിച്ചപ്പോൾ ജെറുസലേം സർവ്വരാജ്യങ്ങൾക്കും പൊതുവായി ഇട്ടിരിക്കണം എന്നു സർവ്വരാഷ്ട്രസംഘടന നിഷ്കർഷിച്ചതിന്റെ അടിസ്ഥാനതത്വം ഇസ്രായേൽ രാജ്യം മറന്നുകളയുന്നു. യു. എൻ. സ്പെഷ്യൽ കമ്മിറ്റിയുടെ ഭൂരിപക്ഷത്തിന്റെയും ന്യൂനപക്ഷത്തിന്റെയും റിപ്പോർട്ടുകളെ ആസ്പദമാക്കിയാണല്ലോ 1947-ൽ പലസ്തീനാ പങ്കിടാൻ തീരുമാനിച്ചത്. എന്നാൽ പ്രസ്തുത റിപ്പോർട്ടുകൾ രണ്ടും നിഷ്കർഷിക്കുന്നു, ജെറുസലേം യഹൂദന്മാർക്കും, മഹമ്മദീയർക്കും ക്രിസ്ത്യാനികൾക്കും പവിത്രമായ ഒരു സ്ഥലമാകയാൽ അതു അന്താരാഷ്ട്രീയമായ ഒരു മേഖലയായിരിക്കണമെന്നാണ്." പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു ഏതത്സംബന്ധമായി ചെയ്തിട്ടുള്ള പ്രസ്താവനകളും സുസ്മരണീയങ്ങളാണല്ലോ.

## ടിറ്റോയുടെ സേനയിൽ

ഇറ്റലിക്കെതിരായി അരക്കൈ നോക്കുന്നതിനു യൂഗോസ്ലാവിയാ ഒരുങ്ങിവരികയാണ്. അതിലേക്കുള്ള സജ്ജീകരണത്തിൽ പല മെത്രാന്മാരെയും വൈദികരെയും നിർബന്ധിച്ചു പട്ടാളത്തിൽ ചേർത്തിട്ടുണ്ട്. സേരൻജിലെ സഹായമെത്രാനായ പാവലിഡിക്ക ഫിർമേനി ബിസ്റ്റിക്കാ ഷ്രേവിൻസിലെ സൈന്യത്തിൽ ഒരു സാമാന്യഭടനായി സേവനം നടത്തിവരുന്നു. ഇദ്ദേഹത്തിനു 38 വയസ്സു പ്രായമേയുള്ളു. 45 വയസ്സുള്ള നെസ്റ്റിക്ക് മെത്രാൻ വേറൊരു സൈന്യത്തിൽ ഭടനാണ്. ട്രിയെസ്റ്റിലെ ബി മേഖലയിലുള്ള യുവവൈദികരെല്ലാംതന്നെ സൈന്യസേവനത്തിനു വിളിക്കപ്പെട്ടിരിക്കയാകുന്നു.

## ഫിലിപ്പൈൻസിലെ പുതിയ പ്രസിഡന്റ്

വളരെ വാശിയോടുകൂടി നടന്ന പ്രസിഡന്റു തിരഞ്ഞെടുപ്പിൽ റാമോൺ മാഗ്‌സെസെ എന്ന ദേഹം വിജയിയായിരിക്കുന്നു. പുതിയ പ്രസിഡന്റ് ഒരു കത്തോലിക്കനാണ്. കത്തോലിക്കാവിദ്യാലയങ്ങളിലാണ് അദ്ദേഹത്തിനു അഭ്യസനം സിദ്ധിച്ചിട്ടുള്ളത്. തിരഞ്ഞെടുപ്പു പ്രചാരണമദ്ധ്യേ അദ്ദേഹം കത്തോലിക്കനല്ലെന്നു പലരും പ്രതിയോഗികൾ പ്രസിദ്ധം ചെയ്തു. എന്നാൽ താൻ കത്തോലിക്കനാണെന്നു പൂർവ്വകത്തോലിക്കാ പ്രവർത്തനചരിത്രങ്ങൾ സഹിതം അദ്ദേഹം സ്ഥാപിച്ചു. വിജയാനന്തരം മനിലായിലെ പ്രധാന ദേവാലയത്തിലെത്തി ദിവ്യപൂജയിൽ സംബന്ധിച്ചു കൃതജ്ഞതാസ്തോത്രം ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യയും മൂന്നു മക്കളും അതിൽ സംബന്ധിച്ചു. "ഒരു പകുതിയിലധികം വോട്ടുകളോടുകൂടി വിജയം സിദ്ധിച്ചതിനുവേണ്ടി മാത്രമല്ല, സമാധാനപരമായി വോട്ടിങ്ങ് നടന്നതിനും നാം ദൈവത്തിനു നന്ദി പ്രദർശിപ്പിക്കേണ്ടതാണ്" എന്നത്രെ അദ്ദേഹം പ്രസ്താവിച്ചത്.

## ജർമ്മൻ കാര്യത്തിൽ റഷ്യയുടെ ഉദ്ദേശ്യം

ന്യൂയോർക്ക് ടൈംസ് പത്രം പറയുന്നു: "റഷ്യയിൽനിന്നു പുറത്തുവന്നുകൊണ്ടിരിക്കുന്ന ഓരോ പ്രഖ്യാപനത്തിൽനിന്നും സ്ഫടികസ്ഫുടമായി തെളിയുന്നുണ്ട്, യൂറോപ്യൻ ഐക്യസഖ്യത്തെയും, ജർമ്മൻ ഏകീകരണത്തെയും തടയുന്നതിനുള്ള സർവ്വശ്രമങ്ങളും അവർ ചെയ്യുമെന്നു. ജർമ്മനി ഒന്നാകാം, എന്നാൽ നിഷ്പക്ഷവും നിരായുധവുമായ ഒരു ജർമ്മനിയായിരിക്കണം എന്നത്രെ അവരുടെ ശാഠ്യം. ജർമ്മനിയിൽനിന്നു ആക്രമണം ഉണ്ടാകയില്ലെന്നുള്ള ഉറപ്പു നൽകാമെന്നു പാശ്ചാത്യശക്തികൾ പറയുന്നുണ്ട്. എന്നാൽ യൂറോപ്യൻ ഐക്യത്തെ തകർക്കാനുള്ള റഷ്യൻശ്രമം വകവെച്ചുകൊടുക്കാൻ പാശ്ചാത്യശക്തികൾക്കു സാദ്ധ്യമല്ലല്ലോ." ചുരുക്കത്തിൽ സമാധാനരശ്മികൾ ഭൂലോകത്തിലേക്കു കടക്കാനുള്ള പഴുതുകളെല്ലാം അടച്ചിട്ടു സമാധാനത്തെ വിളിച്ചുകൊണ്ടു റഷ്യ നിലകൊള്ളുകയാണ്.

## ചൈന സമാധാനം അഭിലഷിക്കുന്നില്ല

"മാഞ്ചെസ്റ്റർ ഗാർഡിയൻ" ഒരു മുഖപ്രസംഗമദ്ധ്യേ പറയുന്നതു കേൾക്കുക: "കൊറിയാകാര്യം സംബന്ധിച്ചു ഒരു പൊളിറ്റിക്കൽ കോൺഫറൻസു നടക്കണമെന്നു ചൈനാക്കാർ ആത്മാർത്ഥമായി ആവശ്യപ്പെട്ടിരുന്നെങ്കിൽ അതു പണ്ടേക്കു പണ്ടേ സുസാദ്ധ്യമായേനെ. എന്നാൽ ചൗ-എൻ-ലായി ചെയ്യുന്നതെന്താണ്? ഒരു "നിഷ്പക്ഷ"രാജ്യമെന്ന നിലയിൽ റഷ്യയും ആ കോൺഫറൻസിൽ പങ്കെടുക്കണമെന്നു ശഠിച്ചുകൊണ്ടിരിക്കുന്നു. അതായതു് ചുരുക്കത്തിൽ, കോൺഫറൻസു നടക്കാതിരിക്കാനുള്ള മാർഗ്ഗങ്ങളാണു് അവർ ആരാഞ്ഞുകൊണ്ടിരിക്കുന്നതു്." റഷ്യകൂടെ കടന്നുപററിയാൽ കോൺഫറൻസിന്റെ കലാശം എന്തായിരിക്കുമെന്നു ആർക്കും ഊഹിക്കാമല്ലോ.

## ഏഷ്യാക്കാർ ഇനിയെങ്കിലും സൂക്ഷിക്കണം

ദക്ഷിണകൊറിയാക്കാരനായ എൽ. ജി. പായിക്ക് എന്ന പത്രലേഖകൻ റംഗൂണിലെ "ദി നേഷൻ" എന്ന പത്രത്തിൽ എഴുതിയിരിക്കുന്നതു് സുബുദ്ധിയുള്ള സകല ഏഷ്യാക്കാരുടെയും പരിചിന്തനത്തിനു വിഷയീഭവിക്കേണ്ടതാണ്: "കമ്മ്യൂണിസ്റ്റു വിപത്തു് ഏഷ്യക്കാർ ഇനിയെങ്കിലും വേണ്ടപോലെ മനസ്സിലാക്കി പ്രവർത്തിക്കുമോ? ബീഭത്സമായ ഈ സത്വം പല വേഷത്തിലാണു് പ്രത്യക്ഷപ്പെടുന്നതു്. ഒരു മതസിദ്ധാന്തമായിട്ടും, ഒരു സാമൂഹ്യപദ്ധതിയായിട്ടും, ദേശീയവിമോചനമാർഗ്ഗമായിട്ടും അതു കാണപ്പെടും. മനുഷ്യത്വത്തെ മുഴുവൻ ഉന്മൂലനം ചെയ്യുന്ന ഒരു മതമാണ് അതെന്നു പറയാം. സകല സമുദായങ്ങളെയും മോസ്കോയുടെ പിടിയിലാക്കുന്നതിനുള്ള ഒരു സാമൂഹ്യപദ്ധതിയാണതു. അതിന്റെ വിമോചനപരിപാടി എന്താണെന്നു ചോദിച്ചാൽ ജനങ്ങളെ സ്വന്തം ഗവർമ്മെന്റുകളുടെ കീഴിൽനിന്നു വേർപെടുത്തി റഷ്യയുടെ നുകത്തിനു അടിമയാക്കുകയെന്നുള്ളതുതന്നെ. വിപത്തു മൂർദ്ധന്യത്തിലാകുന്നതിനു മുമ്പു ഏഷ്യൻജനത ഇതെപ്പററി സഗൗരവം ചിന്തിച്ചു പ്രവർത്തിക്കേണ്ടതാകുന്നു." അതേ, ബാലററുപെട്ടിയിലേക്കു വോട്ടിടുന്നതിനുമുമ്പു് ഓരോ സമ്മതിദായകനും ഇക്കാര്യങ്ങൾ തലകൊടുത്തു ചിന്തിക്കേണ്ടതാണ്.

## തീർത്ഥസ്ഥലസന്ദർശകരെ പ്രോത്സാഹിപ്പിക്കുന്നു

പലസ്തീനായിലെ തീർത്ഥസ്ഥലങ്ങൾ സന്ദർശിക്കുന്ന വിദേശികളായ തീർത്ഥകർക്കു വേണ്ട സഹായസൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുവേണ്ട ഒരു പദ്ധതി ഇസ്രായേൽ ഗവർമ്മെന്റു തയാറാക്കിയിരിക്കുന്നു. അതിൻപ്രകാരം താബോർമല, കപ്പർനാഹോം, മലയിലെ പ്രസംഗത്തിന്റെ ആസ്ഥാനം ആദിയായ സ്ഥലങ്ങളിലേക്കു സുഗമമായ റോഡുകൾ നിർമ്മിക്കുന്നതിലേക്കു അടുത്തകൊല്ലം പതിനായിരം പവൻ ചെലവിടാനാണു നിശ്ചയിച്ചിരിക്കുന്നതു്. തീർത്ഥയാത്രക്കാർക്കുള്ള സത്രങ്ങൾ മുമ്പു് സുലഭങ്ങളായിരുന്നു. അവ മിക്കതും വേറെ കാര്യങ്ങൾക്കായി ഗവർമ്മെന്റു കൈവശപ്പെടുത്തിയിരിക്കയായിരുന്നു. അവയെല്ലാം വീണ്ടും യാത്രക്കാർക്കായി തിരിച്ചുകൊടുക്കുന്നതിനു തീർച്ചയാക്കിയിരിക്കുന്നു. തീർത്ഥകരുടെ സുഖസൗകര്യങ്ങൾ അന്വേഷിക്കുന്നതിനായി ജെറുസലേം, നസ്രസ്സ്, ഹായിഫ എന്ന സ്ഥലങ്ങളിൽ ഓരോ പ്രതിപുരുഷന്മാരെ ഏർപ്പാടുചെയ്യുന്നതിനു സഭാദ്ധ്യക്ഷന്മാർക്കു അനുമതി നൽകിയിട്ടുണ്ടു്.

## വത്തിക്കാനിലെ പുതിയ സ്റ്റാമ്പുകൾ

വി. ബെർണ്ണാർദിന്റെ ചരമത്തിന്റെ എട്ടാംശതാബ്ദം പ്രമാണിച്ചു് വത്തിക്കാൻ പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് രണ്ടു പുതിയ സ്റ്റാമ്പുകൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. വിശുദ്ധ വേദപാരഗൻ ഗ്രന്ഥനിർമ്മാണം ചെയ്തുകൊണ്ടിരിക്കുമ്പോൾ ദൈവജനനി അദ്ദേഹത്തിനു പ്രത്യക്ഷപ്പെടുന്നതായി ഫിലിപ്പിനോ ലിപ്പി എന്ന വിശ്രുത ചിത്രകാരൻ എഴുതിയിട്ടുള്ള പടമാണു ഈ സ്റ്റാമ്പുകളിൽ ഉല്ലേഖനം ചെയ്തിരിക്കുന്നതു്. ഇരുപതും അറുപതും ലിറാ വിലയുള്ള സ്റ്റാമ്പുകളാണിവ.

## ജനറൽ മാർഷലിനു നോബെൽപ്രൈസ്

മുമ്പു അമേരിക്കൻ സ്റ്റേററു സെക്രട്ടറിയായിരുന്ന ജനറൽ ജോർജ്ജ് മാർഷലിനാണു് 1953 ലെ സമാധാനനോബെൽപ്രൈസ് നൽകപ്പെട്ടിരിക്കുന്നതു്. ലോകമൊട്ടുക്കു അമേരിക്കൻ ധനസഹായം പ്രവഹിച്ചുകൊണ്ടിരിക്കുന്ന മാർഷൽ പ്ലാനിന്റെ പ്രസാധകനാണല്ലോ ഇദ്ദേഹം. നോർവേ പാർലമെന്റു വഴിക്കാണു് ഈ സമ്മാനം നൽകപ്പെട്ടതു്. സ്വീഡിഷ് നാണയപ്രകാരം 1 ലക്ഷത്തി 75 ആയിരം ക്രോണാറാണു് ഈ തുക. ബ്രിട്ടീഷ് കണക്കനുസരിച്ചു അതു പന്തീരായിരത്തി എൺപത്തഞ്ചു പവൻ വരും.

## വിഷിൻസ്കികാര്യം ഇന്നും രഹസ്യംതന്നെ

പോളണ്ടിലെ വിഷിൻസ്കി കർദ്ദിനാൾ തിരുമേനിയെ അവിടത്തെ കമ്മ്യൂണിസ്റ്റു ഗവർമ്മെന്റു അറസ്റ്റുചെയ്തുകൊണ്ടുപോയിരിക്കയാണല്ലോ. അദ്ദേഹത്തെ ഒരാശ്രമത്തിൽ താമസിപ്പിച്ചിരിക്കുന്നു എന്നാണു ഗവർമ്മെന്റു പ്രഖ്യാപിച്ചതു്. അതിനാൽ രാജ്യത്തിലുള്ള എല്ലാ ആശ്രമങ്ങളിലും വിശ്വാസികൾ രഹസ്യമായ അന്വേഷണം നടത്തി. പക്ഷേ അവിടെയൊന്നും ഉള്ളതായി അറിവുകിട്ടിയില്ല. അതിനാൽ മറെറവിടെയോ ആണു് അദ്ദേഹത്തെ ബന്ധനസ്ഥനാക്കിയിരിക്കയാണെന്നു ജനങ്ങൾ ഊഹിക്കുന്നു. റഷ്യയിലേക്കു കർദ്ദിനാളിനെ കടത്തിക്കളഞ്ഞതാണെന്നു റിപ്പോർട്ടുകളുണ്ടു്. ഏതായാലും ഇക്കാര്യം ഇപ്പോഴും ഒരു രഹസ്യമായിത്തന്നെ അവശേഷിക്കുന്നു.

## സ്ത്രീജനങ്ങളുടെ വസ്ത്രധാരണരീതികൾ

വനിതാലോകത്തിന്റെ വസ്ത്രധാരണരീതി ഒന്നിനൊന്നു അധഃപതിച്ചുവരുന്നു എന്നുള്ള ആവലാതി സർവ്വത്ര കേൾക്കാനുണ്ടല്ലോ. ഫിലിപ്പൈൻസിലെ വനിതാലീഗ് ഈ അപഥസഞ്ചാരത്തെ തടയുന്നതിനുള്ള ചില പരിശ്രമങ്ങൾ തുടങ്ങിയിരിക്കുന്നു. മിൻഡനാവോ ലീഗിലെ യുവതികൾചേർന്നു വസ്ത്രധാരണം സംബന്ധിച്ചുള്ള ഒരു നാടകം അഭിനയിച്ചു യുവജനങ്ങൾ വിനയപൂർവ്വം വസ്ത്രധാരണം ചെയ്യേണ്ടതു എങ്ങനെയെന്നു അതിൽ കാണിച്ചുകൊടുത്തു. "പരിശുദ്ധകന്യകയ്ക്കു അനുയോജ്യമായ വസ്ത്രസംവിധാനപ്രദർശനം" എന്നാണു അവർ അതിനു പേരുകൊടുത്തതു്. സകലരുടെയും അഭിനന്ദനത്തിനു ആ അഭിനയം പാത്രീഭവിച്ചു. വിവാഹിതരായ സ്ത്രീകൾക്കുവേണ്ടിയുള്ള വേറൊരഭിനയം അവിടെത്തന്നെ നടത്താൻ അവർ തീർച്ചപ്പെടുത്തിയിരിക്കയാണ്.

Permissu Ecclesiastico

Printed & Published by

K. L. Varkey

at the Mar Louis Memorial Press

Ernakulam—1

